VOL NO: 04 | ISSUE 36
www.nerpatham.com
mail@nerpatham.com

# നേർപഥം

2020 SEPTEMBER 05 | 1442 MUHARRAM 17 | ₹12

വാരിക

നേർപഥം വൈജ്ഞാനിക സംവാദം

## വിവാഹം: മാറേണ്ടത് പ്രായമോ കാഴ്ചപ്പാടോ?

പരിപക്വതയുടെ ആദ്യ നാളുകളാണ് ദാമ്പത്യത്തിന്റെ മധുവൂറുന്ന കാലമെന്ന് ശാസ്ത്ര പഠനം. നിലവിലെ പതിനെട്ടിനെ മാനിക്കുന്നെന്ന് പൊതുസമൂഹം. വൈകി വന്ന വിവാഹങ്ങളാണ് കുടുംബശൈഥില്യങ്ങളിൽ കൂടുതലെന്ന് കണക്കുകൾ. എന്നിട്ടും ഊതിവീർപ്പിച്ച ഊഹങ്ങൾ പഠനങ്ങളായി പുറത്തുവരുന്നു. അത്തരം പഠന റിപ്പോർട്ടുകളുടെയടിസ്ഥാനത്തിൽ നയങ്ങളും നിയമങ്ങളും ചുട്ടെടുക്കുന്നു. 'പെണ്ണിര'കൾക്കായുള്ള അനാവശ്യ പ്രതികരണങ്ങൾ വരുത്തിവെക്കുന്ന സാമൂഹിക പ്രത്യാഘാതങ്ങളെ കുറിച്ച് ഉത്തരവാദപ്പെട്ടവർ തികഞ്ഞ മൗനം പാലിക്കുന്നു. പരിഹാരത്തിനായി എവിടെ നിന്ന് തുടങ്ങണം? പ്രമുഖർ പ്രതികരിക്കുന്നു.

ഇ.ടി മുഹമ്മദ് ബഷീർ എം.പി / ഡോ. സെബാസ്റ്റ്യൻ പോൾ / കെ.പി രാമനുണ്ണി
ടി.കെ അശ്റഫ് / ഡോ. മുഹമ്മദ് കുട്ടി കണ്ണിയൻ




അതുല്യർ ഈ അനുചരന്മാർ

ഇസ്‌ലാം വിദ്വേഷത്തിന്റെ തീയിൽ എരിയുന്ന സ്വീഡൻ

## ശാസ്ത്രം വളർന്നപ്പോൾ ദൈവം തളർന്നോ?

ശാസ്ത്രം വളർന്നാൽ മതം മണ്ണടിയുമെന്നായിരുന്നു യുക്തിവാദികളുടെയും നിരീശ്വരവാദികളുടെയും കൊണ്ടുപിടിച്ച പ്രചരണം. എന്നാൽ ശാസ്ത്രത്തിന്റെ വളർച്ച ദ്രുതഗതിയിലായപ്പോൾ ദൈവത്തിന്റെ അസ്തിത്വത്തെ ഉൾക്കൊള്ളാതെ ശാസ്ത്രസത്യങ്ങളൊന്നും വിശദീകരിക്കാൻ കഴിയില്ലെന്ന നിലപാടിലേക്ക് ശാസ്ത്രലോകം മാറിയിരിക്കുകയാണ്.

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
**താങ്കൾ കേട്ടു തുടങ്ങിയോ?**



peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio
Search peace radio App
www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

നേർപഥം
വാരിക

0190 / 2020 സെപ്തംബർ 05 / 1442 മുഹർറം 17 / പുസ്തകം 04 / ലക്കം 36




# വിവാഹം: മാറേണ്ടത് പ്രായമോ കാഴ്ചപ്പാടോ?

## നേർപഥം വൈജ്ഞാനിക സംവാദം

**മുഖമൊഴി**

ഇസ്‌ലാം വിദ്വേഷത്തിന്റെ തീയിൽ എരിയുന്ന സ്വീഡൻ / 05

**ജാലകം**

മൂന്നുചെവി / 06
- സി

**ക്വുർആൻ ദർശനം**

സ്വഫ്ഫ് (അണി)
ഭാഗം: 2 / 31
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**ലേഖനം**

പ്രതീക്ഷ മങ്ങിയ തോട്ടക്കാരൻ / 07
കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ

അതുല്യർ ഈ അനുചരന്മാർ / 19
ഇഹ്സാൻ വളപട്ടണം

തമാശയും സഹായവും / 22
അബ്ദുൽ ജബ്ബാർ മദീനി

ശാസ്ത്രം വളർന്നപ്പോൾ ദൈവം തളർന്നോ? / 26
ഡോ.സബീൽ പട്ടാമ്പി

**കാഴ്ച**

പതിനേഴാം നമ്പർ ഗോഡൗൺ/ 34
ഇബ്നു അലി എടത്തനാട്ടുകര

Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Editor: Usman Palakkazhi | Chief Editor: Anil Primrose
Web Editor: Haseeb Elayur | Design, Cover & Layout: Elan Creativo
Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2 | Kerala | India | Ph: 0495 4019437
mail@nerpatham.com | www.nerpatham.com | Facebook: www.facebook.com/nerpatham weekly

# സ്ത്രീകളുടെ വിവാഹപ്രായം ഉയർത്താനുള്ള നീക്കം അപലപനീയം: 'നേർപഥം' വൈജ്ഞാനിക സംവാദം

കോഴിക്കോട്: സ്ത്രീകളുടെ വിവാഹപ്രായം ഉയർത്താനുള്ള നീക്കം അപലപനീയമാണെന്ന് ഇ.ടി മുഹമ്മദ് ബഷീർ എം.പി അഭിപ്രായപ്പെട്ടു. 'നേർപഥം' ഓൺലൈൻ കാംപെയ്നിന്റെ ഭാഗമായി സംഘടിപ്പിച്ച 'വിവാഹം: മാറേണ്ടത് പ്രായമോ, കാഴ്ചപ്പാടോ?' എന്ന വൈജ്ഞാനിക സംവാദം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഇന്ത്യയിലെ ഗ്രാമീണ സ്ത്രീകളുടെ അടിസ്ഥാന പ്രശ്നങ്ങൾ കാണാതെയാണ് സർക്കാർ ഇത്തരം നിർദേശങ്ങൾ മുന്നോട്ടുവെക്കുന്നത്. രാജ്യത്ത് വർധിച്ചുവരുന്ന സ്ത്രീപീഡനം, സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾ എന്നിവയിൽനിന്ന് ശ്രദ്ധ തിരിച്ചുവിടാനാണ് പ്രധാനമന്ത്രി സ്ത്രീകളുടെ വിവാഹപ്രായം പ്രശ്നമായി കൊണ്ടുവരാൻ ശ്രമിക്കുന്നത്. വസ്തുതാപരമല്ലാത്ത വിഷയങ്ങൾ ചൂണ്ടിക്കാട്ടിയാണ് സർക്കാർ ഹിഡൻ അജണ്ടകൾ നടപ്പാക്കാൻ ശ്രമിക്കുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

സ്വാതന്ത്ര്യദിന സന്ദേശത്തിൽ പൗരന്മാർക്ക് ദിശാബോധം നൽകേണ്ട പ്രധാനമന്ത്രി രാജ്യത്തെ പൗരന്മാരുടെ ജീവിതം കൂടുതൽ ദുസ്സഹമാക്കുകയാണെന്ന് കെ മുരളീധരൻ എം.പി പറഞ്ഞു. ഇത്തരം കാര്യങ്ങൾ കൊണ്ടുവരുന്നതിന് മുമ്പ് മതസംഘടനാ നേതാക്കൾ, രാഷ്ട്രീയ നേതൃത്വം, വിവിധ സംസ്ഥാന സർക്കാറുകൾ എന്നിവരുമായി കൂടിയാലോചിച്ച് പാർലിമെന്റിൽ കൊണ്ടുവരേണ്ട പ്രധാനമന്ത്രി ജനാധിപത്യ മര്യാദകളുടെ നടപടിക്രമങ്ങൾ തെറ്റിക്കുകയാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

നിർദോഷമെന്ന് തോന്നിപ്പിക്കുന്ന വിധം അവതരിപ്പിക്കുന്ന വിഷയങ്ങളിലെ ഒളിയജണ്ടകൾ സമൂഹം തിരിച്ചറിയണമെന്ന് മുൻ എം.പി ഡോ. സെബാസ്റ്റ്യൻ പോൾ അഭിപ്രായപ്പെട്ടു. ഫാഷിസം നമ്മുടെ സ്വകാര്യ ജീവിതത്തിലേക്ക് കടന്നുവരുന്നതിന്റെ രീതിയെ നാം നിസ്സാരമായി കാണരുതെന്നും അദ്ദേഹം ഓർമപ്പെടുത്തി.

ഇന്ത്യയിലെ വിവിധ ഗോത്രവർഗങ്ങളെയും മറ്റു പിന്നോക്ക വിഭാഗങ്ങളെയും സാരമായി ബാധിക്കുന്ന നിർദേശമാണ് വിവാഹപ്രായം സംബന്ധിച്ച് നമ്മുടെ പ്രധാനമന്ത്രി മുന്നോട്ട് വെച്ചതെന്ന് പ്രശസ്ത സാഹിത്യകാരൻ കെ.പി രാമനുണ്ണി അഭിപ്രായപ്പെട്ടു. ആധുനിക ഇന്ത്യയിലെ എല്ലാ നയരൂപീകരണത്തിന് പിറകിലും ന്യൂനപക്ഷ വിദ്വേഷ ഒളിയജണ്ടകൾ പ്രകടമാണ്. വിവാഹപ്രായ വിഷയത്തിലും കാലുഷ്യത്തിന്റെ സന്ദേശങ്ങൾ പ്രകടമാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

ഏകപക്ഷീയമായി നിയമം നടപ്പിലാക്കുന്നത് ശരിയല്ലെന്ന് ഫാദർ പോൾ തേലക്കാട്ട് അഭിപ്രായപ്പെട്ടു. ശൈശവ വിവാഹം പാടില്ലെന്ന് നിയമമുള്ള രാജ്യത്ത് ആ നിയമം നടപ്പിലാക്കുകയാണ് വേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

ഈ വിഷയം രാജ്യം വൈജ്ഞാനിക ചർച്ചക്ക് വിധേയമാക്കണമെന്നും സമൂഹത്തിന്റെ വ്യത്യസ്ത തുറകളിലുള്ളവർ ഇതിനോട് ക്രിയാത്മകമായി പ്രതികരിക്കണമെന്നും രാജ്യത്തിന്റെ സാമൂഹിക ഭദ്രതയ്ക്ക് വിഘ്നം വരുത്താൻ കാരണമായേക്കുന്ന പ്രസ്തുത നയം നിയമമായി വരുന്നതിനെതിരെ മത- രാഷ്ട്രീയ കക്ഷി ഭേദമന്യെ ഒറ്റക്കെട്ടായി പ്രതികരിക്കണമെന്നും വൈജ്ഞാനിക സംവാദം ആവശ്യപ്പെട്ടു.

ഡോ. കണ്ണിയൻ മുഹമ്മദ് കുട്ടി മോഡറേറ്ററായിരുന്നു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ അശ്റഫ്, സ്വാദിഖ് മദീനി, മുജാഹിദ് ബാലുശ്ശേരി എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

## തിരുത്ത്

നേർപഥം ലക്കം 185ൽ ക്വുർആൻ ദർശനത്തിൽ സൂറത്തുൽ ജുമുഅയുടെ അർഥത്തിന് നേരെ നൽകിയ ക്വുർആൻ ആയത്തുകൾ മാറിപ്പോയിട്ടുണ്ട്. മാന്യ വായനക്കാർ തിരുത്തിവായിക്കുമല്ലോ.

mail@nerpatham.com, www.nerpatham.com

മുഖമൊഴി

# ഇസ്‌ലാം വിദ്വേഷത്തിന്റെ തീയിൽ എരിയുന്ന സ്വീഡൻ

ഇസ്‌ലാമോ ഫോബിയയും ഇസ്‌ലാം വിരോധവും ഉള്ളിൽ കൊണ്ടുനടക്കുന്നവർ പല രൂപത്തിൽ അത് പ്രകടിപ്പിക്കാറുണ്ട്. 2019 മാർച്ച് മാസത്തിൽ ന്യൂസീലാന്റിൽ നടന്ന കൂട്ടക്കൊല നാമാരും മറന്നിട്ടില്ല. ബ്രന്റൺ ടെറാന്റ് എന്ന വ്യക്തിയാണ് അന്ന് വ്യക്തമായ ഇസ്‌ലാം വിരോധത്താൽ മുസ്‌ലിംകളെ കൂട്ടക്കൊല നടത്തിയത്. ക്രൈസ്റ്റ്ചർച്ചിലെ രണ്ടു പള്ളികളിൽ വെള്ളിയാഴ്ച ജുമുഅ നമസ്‌കാരം നടക്കുന്നതിനിടെയായിരുന്നു ആക്രമണം ഉണ്ടായത്. ഡീൻസ് അവന്യൂവിലെ അൽനൂർ മോസ്‌കിൽ നടത്തിയ ആക്രമണം ടെറാന്റ് സോഷ്യൽ മീഡിയയിലൂടെ തത്സമയം സംപ്രേഷണം ചെയ്യാനും മടികാണിച്ചില്ല. മലയാളി അടക്കമുള്ള ഇന്ത്യക്കാരും വെടിവെപ്പിൽ മരണപ്പെട്ടിരുന്നു. 50ൽ പരം ആളുകൾ കൊല്ലപ്പെടുകയും ഒട്ടേറെ പേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്ത ആ ഭീകരാക്രമണത്തിലെ പ്രതിക്ക് കോടതി മരണംവരെ തടവുശിക്ഷ വിധിച്ചതിനു തൊട്ടുപുറകെയാണ് സ്വീഡനിൽ വലതുപക്ഷ തീവ്രവാദികളുടെ ഇസ്‌ലാം വിരോധം ക്വുർആൻ കത്തിക്കൽ റാലിയായി മറനീക്കി പുറത്തുവന്നിട്ടുള്ളത്.

സ്വീഡനിലെ മാൽമോയിലാണ് സംഭവം. ക്വുർആൻ കത്തിക്കൽ റാലി സംഘടിപ്പിക്കാനുള്ള തീവ്ര വലതുപക്ഷ സംഘടനയുടെ നീക്കം സർക്കാർ തടയുകയും പരിപാടിയിൽ പങ്കെടുക്കേണ്ട ഡെൻമാർക്കിൽ നിന്നുള്ള തീവ്ര വലതുപക്ഷ നേതാവായ റസ്മുക് പലുഡാനെ സർക്കാർ അറസ്റ്റ് ചെയ്യുകയും ചെയ്തു. തനിക്ക് വിലക്കേർപ്പെടുത്തിയ കാര്യം പലുഡാൻ സോഷ്യൽ മീഡിയയിലൂടെ പുറത്തുവിട്ടതോടെ മാൽമോ നഗരത്തിൽ വലതുപക്ഷ വംശീയവാദികൾ കലാപം അഴിച്ചുവിടുകയായിരുന്നു. മാൽമോ നഗരത്തിലെ റോഡുകൾ കലാപകാരികൾ തടസ്സപ്പെടുത്തി. പലുഡാന് എത്താൻ പറ്റിയില്ലെങ്കിലും 300ഓളം പേർ ക്വുർആൻ കത്തിക്കൽ റാലിയിൽ പങ്കെടുത്തു. ഇതോടെ നഗരം പൂർണമായി സ്തംഭിച്ചു.

ഡെൻമാർക്കിലെ ഹാർഡ് ലൈൻ എന്ന രാഷ്ട്രീയ പാർട്ടിയുടെ നേതാവാണ് പലുഡാൻ. വെള്ളിയാഴ്ച ജുമുഅ നടക്കുന്ന വേളയിൽ തന്നെ ക്വുർആൻ കത്തിക്കുമെന്നാണ് സംഘടന അറിയിച്ചിരുന്നത്. കലാപത്തിൽ പങ്കെടുത്ത ഏതാനും പേരെ പോലീസ് അറസ്റ്റ് ചെയ്തു. കലാപം അടിച്ചമർത്തുന്നതിനിടെ നിരവധി പോലീസുകാർക്ക് പരിക്കേറ്റു.

ഒരു കുടിയേറ്റ കേന്ദ്രത്തിൽ വെച്ചാണ് ക്വുർആൻ കത്തിക്കൽ പരിപാടി സംഘടിപ്പിക്കാൻ സംഘടന തയ്യാറെടുത്തത്. ഒരു പള്ളിക്ക് സമീപമായിരുന്നു ഇത്. സ്വീഡനിലെ തെരുവുചിത്രകാരനും തീവ്രവലതു നേതാവുമായ ഡാൻ പാർക്കാണ് ക്വുർആൻ കത്തിച്ചതെന്നും അതല്ല 300ഓളം പേർ ചേർന്ന് ക്വുർആൻ കത്തിച്ചു എന്നുമൊക്കെയാണ് റിപ്പോർട്ടുകൾ. ക്വുർആൻ കത്തിക്കാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് അക്രമം നടന്നെന്നാണ് മറ്റുചില റിപ്പോർട്ടുകൾ.

കഴിഞ്ഞവർഷവും ഇയാൾ ക്വുർആൻ കത്തിച്ചിരുന്നുവത്രെ. പന്നിയിറച്ചിയിൽ പൊതിഞ്ഞാണ് ഇയാൾ ക്വുർആൻ കത്തിച്ചത് എന്നറിയുമ്പോഴാണ് അയാളുടെ മനസ്സിലെ വിദ്വേഷത്തിന്റെ വിഷം എത്രമാത്രം കടുത്തതാണ് എന്ന് വ്യക്തമാകുന്നത്.

ഏതായാലും ഇതിന്റെ പേരിൽ മുസ്‌ലിംകൾ പ്രകോപിതരായി രംഗത്തിറങ്ങിയിട്ടില്ല എന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. അക്രമികൾ ആഗ്രഹിക്കുന്ന പോലെ തിരിച്ചടിക്കാൻ തുനിഞ്ഞാൽ നഷ്ടം മുസ്‌ലിംകൾക്കു തന്നെയായിരിക്കുമെന്നതിൽ സംശയമില്ല. തീവ്രവാദത്തിന്റെ ചാപ്പകുത്തിയിരിക്കുന്നത് ഇസ്‌ലാമിന്റെ മുതുകിലായതിനാൽ മുസ്‌ലിംകളുടെ പ്രതിരോധത്തെ പോലും തീവ്രവാദമെന്ന് മുദ്രകുത്തുന്നതാണല്ലോ അനുഭവം. ഏതാനും ക്വുർആൻ കോപ്പികൾ കത്തിക്കുകയോ, കുറെ മുസ്‌ലിംകളെ കൊന്നൊടുക്കുകയോ ചെയ്താൽ തകരുന്നതല്ല ഇസ്‌ലാമെന്നും തളരുന്നവരല്ല മുസ്‌ലിംകൾ എന്നും എല്ലാ ഇസ്‌ലാം വിരോധികളും തിരിച്ചറിയേണ്ടതുണ്ട്. അതെല്ലാം ഇസ്‌ലാമിന്റെ വളർച്ചക്ക് ആക്കംകൂട്ടിയിട്ടേയുള്ളൂ എന്നാണ് ചരിത്രം പഠിപ്പിക്കുന്നത്.

-സി.
mail@nerpatham.com

ജാലകം

# മൂന്നുചെവി

സ്വന്തമായ താൽപര്യങ്ങളും നിവൃത്തിച്ചുകിട്ടേണ്ട ആഗ്രഹങ്ങളും എല്ലാവർക്കുമുണ്ടായിരിക്കും. 'കാക്കയ്ക്കും തൻകുഞ്ഞ് പൊൻകുഞ്ഞ്' എന്ന പഴമൊഴി പോലെ തന്റെ താൽപര്യങ്ങൾ നേടാൻ ന്യായമുണ്ടാക്കുക ഏതൊരു മനുഷ്യന്റെയും സ്വഭാവമാണ്. ഇത്തരം സന്ദർഭങ്ങളിലാണ് തർക്കങ്ങളും ബന്ധങ്ങളിൽ ഉലച്ചിലുമുണ്ടാകുന്നത്. 'ഞാൻ പിടിച്ച മുയലിന്ന് മൂന്നു ചെവിയുണ്ടെന്ന്' വാശിപിടിക്കുന്ന സംഭവങ്ങൾ സാമൂഹ്യജീവിതത്തിൽ സാധാരണ കാണാം.

വിവേകത്തോടെ കൈകാര്യം ചെയ്താൽ ഒരു നല്ലവാക്കുകൊണ്ട് പരിഹരിക്കാവുന്നതേയുണ്ടാവുകയുള്ളു സമൂഹത്തിലെ ചില പ്രശ്നങ്ങൾ. ഹിജ്റ ആറാം വർഷം നബിﷺയും സ്വഹാബികളും ഉംറക്കു പുറപ്പെട്ടു. ഉഹ്ദിൽ രക്തസാക്ഷിയായ ഹംസതുബ്നു അബ്ദുൽ മുത്ത്വലിബിന്റെ മകൾ ഉമാമത്ത് (അമ്മാറ എന്നും വിളിക്കാറുണ്ട്) ഈ സംഘത്തോടൊപ്പമുണ്ടായിരുന്നു. ഈ അനാഥബാലികയെ യാത്രയിൽ സംരക്ഷിക്കാൻ വേണ്ടി പിതൃവ്യപുത്രനായ അലി؄ കൈപിടിച്ചു ഭാര്യ ഫാത്വിമ؅യുടെ പക്കൽകൊടുത്തു. ഇതു കണ്ടപ്പോൾ സൈദ്؄ പറഞ്ഞു: 'അല്ല, ഞാനാണ് കുട്ടിയെ കൂടെക്കൂട്ടുന്നത്. ഹംസ؄ മരിക്കുന്നതിന്നു മുമ്പ് എന്നെ സംരക്ഷണച്ചുമതല ഏൽപിച്ചിരുന്നു. എന്നെയും ഹംസയെയും നബിﷺ മിത്രജോഡികളായി പ്രഖ്യാപിച്ചിട്ടുണ്ട്.' ഇതു കേട്ട് ജഅ്ഫറുബ്നു അബീത്വാലിബ് വന്നു പറഞ്ഞു: 'ഉമാമത്ത് എന്റെ ഭാര്യ അസ്മയുടെ സഹോദരിയായ സൽമയുടെ പുത്രിയും എന്റെ പിതൃവ്യപുത്രിയും കൂടിയാണ്.' തർക്കമായി; നബിﷺ ഇടപെട്ടു. ഉമാമത്തിനെ ജഅ്ഫറിന്റെ ഭാര്യ അസ്മ സംരക്ഷിക്കട്ടെ. അസ്മ കുട്ടിയുടെ ഇളയുമ്മകൂടിയാണല്ലോ. ഉമ്മയുടെ സ്ഥാനത്താണ് ഇളയുമ്മ. ഇതുകേട്ട് മറ്റു രണ്ടുപേരുടെയും മുഖഭാവം മാറി. നബിﷺ പറഞ്ഞു: 'അലീ! നീ എന്റേതും ഞാൻ നിന്റേതുമാണ്. ജഅ്ഫർ! എന്റെ രൂപത്തിലും സ്വഭാവത്തിലും സാദൃശ്യത്തിലുമുള്ളവനാണ് നിങ്ങൾ. സൈദ്! താങ്കൾ എന്റെ സഹോദരനും ഉറ്റബന്ധുവുമാണ്.' ഇതുകേട്ടപ്പോൾ എല്ലാവരുടെയും മുഖം തെളിഞ്ഞു. പ്രശ്നം പരിഹരിച്ചു. മഹിത സ്വഭാവത്തിന്റെ ഉടമകളായ ഈ മൂന്ന് സ്വഹാബിമാർ സ്വാർഥരായിരുന്നില്ല. സദുദ്ദേശ്യത്തോടെയുള്ള ഒരു തർക്കമുണ്ടായി, ന്യായപ്രകാരമുള്ള നബിﷺയുടെ തീർപ്പും നല്ലവാക്കും പ്രശ്നം പരിഹരിച്ചു. അവർ യാത്ര തുടർന്നു.

ഹിജ്റ ഒമ്പതാം വർഷം ഹുനൈൻ യുദ്ധം കഴിഞ്ഞു നബിﷺയും അനുയായികളും മദീനയിലേക്കു മടങ്ങുന്ന വഴിയിൽ ജഅ്റാനയിൽ കുറച്ചുദിവസം തങ്ങി. അവിടെവച്ച് യുദ്ധാർജിത മുതലുകൾ സൈന്യങ്ങൾക്ക് വീതിച്ചുകൊടുത്തു. ക്വുറൈശി പ്രമുഖരായ ചിലർക്കാണ് ഈ മുതലിൽ വലിയ ഓഹരി നബിﷺ കൊടുത്തത്. മദീനക്കാരായ അൻസ്വാറുകൾക്ക് വളരെ തുഛമായത് മാത്രം കൊടുത്തപ്പോൾ അവർ നീരസം പ്രകടിപ്പിച്ചു. ഇത് മനസ്സിലാക്കിയ നബിﷺ പറഞ്ഞു: 'അവർ ആടുകളെയും ഒട്ടകങ്ങളെയും കൊണ്ട് അവരുടെ നാടുകളിലേക്ക് മടങ്ങുന്നു. നിങ്ങൾ നബിﷺയെയും കൊണ്ട് മദീനയിലേക്ക് മടങ്ങുന്നു. പോരേ?' ഇതുകേട്ട് അൻസ്വാറുകൾ പൂർണ സംതൃപ്തരായി. സന്തോഷം കൊണ്ട് അന്നേരം അവരുടെ താടിരോമങ്ങളിൽ കൂടി കണ്ണുനീർ ഇറ്റിവീഴുന്നുണ്ടായിരുന്നു!

ഇതാണ് പ്രശ്ന പരിഹാരത്തിന് നബിﷺയുടെ മാതൃക. മാനസിക പിരിമുറുക്കങ്ങളും വെളിപ്പെടുത്താൻ മടിക്കുന്ന മനഃസംഘർഷങ്ങളും എല്ലാവർക്കുമുണ്ടാവും. ഇതുമൂലം സഹിക്കാനും ക്ഷമിക്കാനും കഴിയാതെ ദുർബലാവസ്ഥയിലാവുമ്പോൾ വാശിയും വടംവലിയും കക്ഷിത്വവും രൂക്ഷത പ്രാപിക്കാനിടവരുന്നു. കൂട്ടുകുടുംബങ്ങളിലും സൗഹാർദ ബന്ധങ്ങളിലും പൊതുസമൂഹത്തിലും ജീവിക്കുമ്പോൾ നല്ല വാക്കുകൾ പറയുവാനും പരിഹാരത്തിന്നു സഹായകമായ സമീപനം സ്വീകരിക്കുവാനും നാം ബാധ്യസ്ഥരാണ്. ഒരു സ്വഹാബി നബിﷺയോട് ഒരു ഉപദേശം തന്നാലും എന്ന് ആവശ്യപ്പെട്ട് വന്നപ്പോൾ 'നീ കോപിക്കാതിരുന്നാൽ മതി' എന്നു പറഞ്ഞ സംഭവം ബുഖാരി ഉദ്ധരിച്ചിട്ടുണ്ട്.

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും ശരിയായ വാക്ക് പറയുകയും ചെയ്യുക. എങ്കിൽ അവൻ നിങ്ങൾക്ക് നിങ്ങളുടെ കർമങ്ങൾ നന്നാക്കിത്തരികയും നിങ്ങളുടെ പാപങ്ങൾ അവൻ പൊറുത്തുതരികയും ചെയ്യും..." (ക്വുർആൻ 33:70,71).

കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
cparappur@gmail.com

ലേഖനം



മനുഷ്യൻ ക്വുർആനിൽ 7

# പ്രതീക്ഷ മങ്ങിയ തോട്ടക്കാരൻ

"നാം ആകാശത്തുനിന്ന് വെള്ളം ഇറക്കിയിട്ട് അതുമൂലം മനുഷ്യർക്കും കാലികൾക്കും ഭക്ഷിക്കാനുള്ള ഭൂമിയിലെ സസ്യങ്ങൾ ഇടകലർന്നുവളർന്നു. അങ്ങനെ ഭൂമി അതിന്റെ അലങ്കാരമണിയുകയും അത് അഴകാർന്നതാകുകയും അവയൊക്കെ കരസ്ഥമാക്കാൻ തങ്ങൾക്ക് കഴിയുമാറായെന്ന് അതിന്റെ ഉടമസ്ഥർ വിചാരിക്കുകയും ചെയ്തപ്പോഴതാ ഒരു രാത്രിയോ പകലോ നമ്മുടെ കൽപന അതിന് വന്നെത്തുകയും തലേദിവസം അവയൊന്നും അവിടെ നിലനിന്നിട്ടേയില്ലാത്ത മട്ടിൽ നാമവയെ ഉൻമൂലനം ചെയ്യപ്പെട്ട അവസ്ഥയിലാക്കുകയും ചെയ്യുന്നു. ഇതുപോലെ മാത്രമാകുന്നു ഐഹികജീവിതത്തിന്റെ ഉപമ. ചിന്തിക്കുന്ന ആളുകൾക്കുവേണ്ടി അപ്രകാരം നാം തെളിവുകൾ വിശദീകരിക്കുന്നു" (ക്വുർആൻ 10:24).

മഴപെയ്തു നനഞ്ഞാൽ ഭൂമി ഉൽപാദനക്ഷമത കൈവരിക്കുന്നു. പച്ചപിടിച്ച വൃക്ഷങ്ങളും ചെടികളും കായും പൂവും കാണുമ്പോൾ ഭൂവുടമ സന്തോഷിക്കുന്നു. വലിയ പ്രതീക്ഷ വയ്ക്കുന്നു. പെട്ടെന്ന് ഈ ആഹ്ലാദവും പ്രതീക്ഷയും നഷ്ടപ്പെടുംവിധം ആ വിളകൾ നശിക്കുകയോ താൻ തന്നെ ഇല്ലാതായി അതനുഭവിക്കാൻ കഴിയാതെ വരികയോ ചെയ്യുന്നു. പരലോക രക്ഷയ്ക്കു വേണ്ടിയുള്ള പ്രവർത്തനങ്ങൾ വേണ്ടവിധം ചെയ്യാതെ ഭൗതികസുഖങ്ങളിൽ രമിച്ചു കാലംകഴിച്ചാൽ നഷ്ടമായിരിക്കും ഫലം എന്നാണ് ഉപമയുടെ പൊരുൾ. സൂറഃ അൽകഹ്ഫിലെ 45ാം വചനവും സമാനമായ ആശയം ഉപമയിലൂടെ വിവരിച്ചിട്ടുണ്ട്.

### 8. നുരയും പതയും

“അവൻ (അല്ലാഹു) ആകാശത്തു നിന്ന് വെള്ളം ചൊരിഞ്ഞു. എന്നിട്ട് താഴ്‌വരകളിലൂടെ അവയുടെ (വലുപ്പത്തിന്റെ) തോത് അനുസരിച്ച് വെള്ളമൊഴുകി. അപ്പോൾ ആ ഒഴുക്ക് പൊങ്ങിനിൽക്കുന്ന നുരയെ വഹിച്ചുകൊണ്ടാണ് വന്നത്. വല്ല ആഭരണമോ ഉപകരണമോ ഉണ്ടാക്കാൻ ആഗ്രഹിച്ചുകൊണ്ട് അവർ തീയിലിട്ടു കത്തിക്കുന്ന ലോഹത്തിൽനിന്നും അതുപോലുള്ള നുരയുണ്ടാകുന്നു. അതുപോലെയാകുന്നു അല്ലാഹു സത്യത്തെയും അസത്യത്തെയും ഉപമിക്കുന്നത്. എന്നാൽ ആ നുര ചവറായി പോകുന്നു. മനുഷ്യർക്ക് ഉപകാരമുള്ളതാകട്ടെ ഭൂമിയിൽ തങ്ങിനിൽക്കുന്നു. അപ്രകാരം അല്ലാഹു ഉപമകൾ വിവരിക്കുന്നു’ (ക്വുർആൻ 13:17).

മഴപെയ്താൽ വെള്ളം ഭൂമിയിലേക്കിറങ്ങി ജീവജാലങ്ങൾക്ക് പ്രയോജനപ്പെടുമ്പോൾ ചപ്പും ചവറും ചളിയും കൊണ്ട് കുറെ വെള്ളം ഒഴുകിപ്പോകുന്നപോലെ, ലോഹം ഉരുക്കുമ്പോൾ ശുദ്ധലോഹം അടിയിൽ അവശേഷിച്ച്, അതിലെ ചളിയും ചവറും നുരയും പതയുമായി പൊങ്ങിക്കിടക്കുന്നപോലെ ഈ ലോകത്ത് അസത്യം കാലക്രമത്തിൽ നശിക്കുമെന്നും സത്യം സ്ഥായിയായ അധികാരത്തോടെ മനുഷ്യജീവിതത്തിന്റെ അന്തർധാരയായി എന്നും അവശേഷിക്കുമെന്നും ഈ ഉപമ പഠിപ്പിക്കുന്നു.

“സ്വത്തും സന്താനങ്ങളും ഐഹികജീവിതത്തിന്റെ അലങ്കാരമാകുന്നു. എന്നാൽ നിലനിൽക്കുന്ന സൽകർമങ്ങളാണ് നിന്റെ രക്ഷിതാവിങ്കൽ ഉത്തമമായ പ്രതിഫലമുള്ളതും ഉത്തമമായ പ്രതീക്ഷ നൽകുന്നതും” (18:46) എന്ന വചനവും ഏകദേശം സമാനമായ ആശയമാണ് പഠിപ്പിക്കുന്നത്.

മരണംവരെയുള്ള ഐഹികജീവിതം സുരക്ഷിതമാക്കാൻ വേണ്ടി എത്ര ഗഹനമായ ജ്ഞാനവും വിദ്യയും നേടുന്നവരാണ് അധികമാളുകളും. എന്നാൽ മരണശേഷമുള്ള ശാശ്വത ജീവിതത്തിന്റെ സുരക്ഷക്ക് ആവശ്യമായ പ്രാഥമിക അറിവുപോലും നേടാൻ അവർ ശ്രമിക്കാറില്ല. മക്കളുടെ പോഷണത്തിന്നും സുഖസൗകര്യങ്ങൾക്കും ഭാവി സുരക്ഷയ്ക്കും വേണ്ടി കഠിനാധ്വാനം ചെയ്യുന്നവരധികവും അവരുടെ പരലോക നന്മയ്ക്കുവേണ്ടിയുള്ള ശിക്ഷണം നൽകുന്നില്ല. മതവിജ്ഞാനം അവരെ പഠിപ്പിക്കുന്നില്ല. സമ്പത്ത് പരമാവധി സുഖജീവിതത്തിന്നുപയോഗിക്കുമ്പോൾ, അതിന്റെ രണ്ടരശതമാനം സകാത്തു നൽകാനും മറ്റു ദാനങ്ങൾ ചെയ്യാനും പിശുക്കുകാണിക്കുകയാണ് പലരും.

### 9. കാറ്റിൽ പറന്ന വെണ്ണീർ

“തങ്ങളുടെ രക്ഷിതാവിനെ നിഷേധിച്ചവരെ, അവരുടെ കർമങ്ങളെ ഉപമിക്കാവുന്നത് കൊടുങ്കാറ്റുള്ള ഒരു ദിവസം കനത്ത കാറ്റടിച്ചു പാറിപ്പോയ വെണ്ണീറിനോടാകുന്നു. അവർ പ്രവർത്തിച്ചുണ്ടാക്കിയതിൽനിന്ന് യാതൊന്നും അനുഭവിക്കാൻ അവർക്ക് സാധിക്കുന്നതല്ല. അതുതന്നെയാണ് വിദൂരമായ മാർഗഭ്രംശം” (ക്വുർആൻ 14:18).

യഥാർഥ വിശ്വാസമില്ലാത്ത, നിഷേധ മനോഭാവമുള്ളവർ എത്രനല്ല സൽപ്രവൃത്തികളും സേവനങ്ങളും ചെയ്താലും പരലോകത്ത് ഫലപ്പെടുകയില്ലെന്നും കാറ്റിൽ പറന്ന വെണ്ണീർ തിരിച്ചെടുക്കാനാകാത്തപോലെ അവ നിഷ്പ്രയോജനമാണെന്നും ഈ ഉപമ പഠിപ്പിക്കുന്നു.

### 10. കാറ്റിൽ കടപുഴകാത്ത വൃക്ഷം

“അല്ലാഹു നല്ല വചനത്തിന് എങ്ങനെയാണ് ഉപമ നൽകിയിരിക്കുന്നത് എന്ന് നീ കണ്ടില്ലേ? (അത്) ഒരു നല്ല മരം പോലെയാകുന്നു. അതിന്റെ മുരട് ഉറച്ചുനിൽക്കുന്നതും അതിന്റെ ശാഖകൾ ആകാശത്തേക്ക് ഉയർന്നുനിൽക്കുന്നതുമാകുന്നു. അതിന്റെ രക്ഷിതാവിന്റെ ഉത്തരവനുസരിച്ച് അത് എല്ലാ കാലത്തും അതിന്റെ ഫലം നൽകിക്കൊണ്ടിരിക്കും. മനുഷ്യർക്ക് അവർ ആലോചിച്ച് മനസ്സിലാക്കുന്നതിനായി അല്ലാഹു ഉപമകൾ വിവരിച്ചുകൊടുക്കുന്നു. ദുഷിച്ച വചനത്തെ ഉപമിക്കാവുന്നതാകട്ടെ, ഒരു ദുഷിച്ച വൃക്ഷത്തോടാകുന്നു. ഭൂതലത്തിൽനിന്ന് അത് പിഴുതെടുക്കപ്പെട്ടിരിക്കുന്നു. അതിന്ന് യാതൊരു നിലനിൽപുമില്ല” (ക്വുർആൻ 14:24-26).

ആഴത്തിൽ വേരിറങ്ങിയ വൻവൃക്ഷം കൊടുങ്കാറ്റിൽ വീഴാതെ തലയെടുപ്പോടെ ഉറച്ചുനിൽക്കുന്നപോലെ, ഹൃദയത്തിൽ ഈമാൻ (വിശ്വാസം) ആഴത്തിൽ ഉൾക്കൊണ്ട വിശ്വാസി ഒരു പ്രതിസന്ധിയുടെ മുമ്പിലും പതറിപ്പോവുകയില്ല. നിരാശപ്പെടുകയില്ല. അല്ലാഹുവിൽ എല്ലാം ഭരമേൽപിച്ച്, അവന്റെ വിധിയിൽ തൃപ്തിയടഞ്ഞ് അവൻ ഉറച്ചുനിൽക്കും. മാത്രമല്ല അങ്ങനെയുള്ള വിശ്വാസികൾ, തനിക്കെന്നപോലെ തന്റെ സമൂഹത്തിന്നും നാടിന്നും എന്നും ഗുണം മാത്രമെ ചെയ്യുകയുള്ളൂ. നല്ലത് പഠിപ്പിച്ചും നന്മകൾക്കു മാതൃക കാണിച്ചും ദാനധർമങ്ങൾ ചെയ്തും അത്തരം ആളുകൾ എക്കാലത്തും എവിടെയും എപ്പോഴും ഉപകരിക്കുന്നവരായിരിക്കും. നന്മയിൽനിന്ന് അവരെ പിന്തിരിപ്പിക്കാൻ ആർക്കും കഴിയുകയില്ല; മനുഷ്യർക്കും മറ്റു ജീവജാലങ്ങൾക്കും കായ്കനികളും ത

ണലും നൽകി ഉറച്ചുനിൽക്കുന്ന മഹാവൃക്ഷംപോലെ. എന്നാൽ യഥാർഥ വിശ്വാസമില്ലാത്ത മനുഷ്യനാവട്ടെ, നിലത്തുനിന്ന് പിഴുതെറിയപ്പെട്ട് വീണുകിടക്കുന്ന വൃക്ഷംപോലെ, ആർക്കും ഒരു ഉപകാരവും ഇല്ലാത്തവനായിരിക്കും. ഒരു വിശ്വാസിയുടെ നിലപാടിനെയും സമൂഹത്തിലുള്ള അവന്റെ നിറസാന്നിധ്യത്തെയുമാണ് ഈ ഉപമയിൽ നാം കാണുന്നത്.

### 11. ഉടമയും അടിമയും ഒരു പോലെയാണോ?

"മറ്റൊരാളുടെ ഉടമസ്ഥതയിലുള്ള, യാതൊന്നിനും കഴിവില്ലാത്ത ഒരു അടിമയെയും നമ്മുടെ വകയായി നാം നല്ല ഉപജീവനം നൽകിയിട്ട് അതിൽനിന്ന് രഹസ്യമായും പരസ്യമായും ചെലവഴിച്ചുകൊണ്ടിരിക്കുന്ന ഒരാളെയും അല്ലാഹു ഉപമയായി എടുത്തുകാണിക്കുന്നു. ഇവർ തുല്യരാകുമോ? അല്ലാഹുവിന് സ്തുതി. പക്ഷേ, അവരിൽ അധികപേരും മനസ്സിലാക്കുന്നില്ല" (ക്വുർആൻ 16:75).

തൗഹീദിന്റെ പ്രാധാന്യമാണ് ഈ വചനം സൂചിപ്പിക്കുന്നത്. മനുഷ്യൻ എത്ര ഉന്നതനായാലും അവൻ അല്ലാഹുവിന്റെ അടിമയും അവനെ ആശ്രയിക്കേണ്ടവനുമാണ്. ആത്യന്തികമായി മനുഷ്യന്ന് മറ്റൊരാൾക്ക് ഉപകാരമോ ഉപദ്രവമോ ചെയ്തുകൊടുക്കാൻ കഴിയില്ല; അല്ലാഹു വിചാരിച്ചതല്ലാതെ. വസ്തുത ഇതായിരിക്കെ, മനുഷ്യരോട് -ജീവിച്ചിരിപ്പുണ്ടെങ്കിലും മരിച്ചവരാണെങ്കിലും- പ്രാർഥിക്കുന്നത് അർഥശൂന്യമാണ്. അപ്രകാരം കല്ലുകളെയും മരങ്ങളെയും മറ്റും ദിവ്യസ്രോതസ്സുകളെന്നു വിശ്വസിച്ച് അവയുടെ മുമ്പിൽ പ്രാർഥിക്കുന്നതും നിരർഥകമാണ്. സൃഷ്ടികൾ അല്ലാഹുവിന്റെ അടിമകളും പരാശ്രിതരുമാണ്. അല്ലാഹുവാകട്ടെ പരാശ്രയം വേണ്ടാത്തവനും സ്രഷ്ടാവും യജമാനനുമാണ്. രണ്ടും സമമാവുകയില്ല. സൂറഃ അന്നഹ്ലിലെ 76ാം വചനത്തിലുള്ളതും സമാന ആശയമുള്ള ഒരു ഉപമയാണ്. പരമാധികാരിയായ അല്ലാഹുവിന്റെ കഴിവുകൾക്കു തുല്യമായി അവന്റെ സൃഷ്ടികളുടെ കഴിവുകളെ ഗണിക്കുന്നതിലെ നിരർഥകതയെ ഇവ സൂചിപ്പിക്കുന്നു.

### 12. നൂൽ നൂറ്റശേഷം അത് പിരിയുടക്കുന്നവൾ

"ഉറപ്പോടെ നൂൽ നൂറ്റശേഷം തന്റെ നൂൽ പലയിഴകളാക്കി പിരിയുടച്ച് കളഞ്ഞ ഒരു സ്ത്രീയെ പോലെ നിങ്ങൾ ആകരുത് ഒരു ജനസമൂഹം മറ്റൊരു ജനസമൂഹത്തെക്കാൾ എണ്ണപ്പെരുപ്പമുള്ളതാകുന്നതിന്റെ പേരിൽ നിങ്ങൾ നിങ്ങളുടെ ശപഥങ്ങളെ അന്യോന്യം ചതിപ്രയോഗത്തിനുള്ള മാർഗമാക്കിക്കളയുന്നു. അതുമുഖേന അല്ലാഹു നിങ്ങളെ പരീക്ഷിക്കുക മാത്രമാണ് ചെയ്യുന്നത്. നിങ്ങൾ ഏതൊരു കാര്യത്തിൽ ഭിന്നത പുലർത്തുന്നവരായിരിക്കുന്നുവോ ആ കാര്യം ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവൻ നിങ്ങൾക്കു വ്യക്തമാക്കിത്തരികതന്നെ ചെയ്യും" (ക്വുർആൻ 16:92).

അല്ലാഹുവുമായി കരാർ ചെയ്തുറപ്പിച്ച ശേഷം പിന്നീടത് ലംഘിക്കുന്ന വിഷയം പരാമർശിക്കുന്ന സന്ദർഭത്തിലാണ് ഈ ഉപമ വിവരിക്കുന്നത്. തന്റെ വേലക്കാരെ കൊണ്ട് വൈകുന്നേരം വരെ നൂൽപിരിച്ചുണ്ടാക്കി അവസാനം അവ പിരിയുടച്ച് നശിപ്പിക്കുന്ന ഒരു വിഡ്ഢിപ്പെണ്ണുണ്ടായിരുന്നു പണ്ട് മക്കയിലെന്നും എല്ലാവർക്കും നന്നായി അറിയുന്ന ആ സംഭവത്തെയാണ് ഇവിടെ സൂചിപ്പിക്കുന്നതെന്നും ചില ക്വുർആൻ വ്യാഖ്യാതാക്കൾ പറഞ്ഞിട്ടുണ്ട്.

സൽകാര്യങ്ങൾ പലതും ചെയ്ത്, പിന്നീടതിനെ നിഷ്ഫലമാക്കുന്നവിധം തിന്മകളിലേർപ്പെടുന്നത് മഹാവിഡ്ഢിത്തമാണെന്ന് ഈ ഉപമ സൂചിപ്പിക്കുന്നു.

### 13. നന്ദികെട്ട തോട്ടക്കാരൻ

"നീ അവർക്ക് ഒരു ഉപമ വിവരിച്ചുകൊടുക്കുക. രണ്ട് പുരുഷൻമാർ; അവരിൽ ഒരാൾക്ക് നാം രണ്ട് മുന്തിരിത്തോട്ടങ്ങൾ നൽകി. അവയെ (തോട്ടങ്ങളെ) നാം ഈന്തപ്പനകൊണ്ട് വലയംചെയ്തു. അവയ്ക്കിടയിൽ (തോട്ടങ്ങൾക്കിടയിൽ) ധാന്യകൃഷിയിടവും നാം നൽകി. ഇരു തോട്ടങ്ങളും അവയുടെ ഫലങ്ങൾ നൽകിവന്നു. അതിൽ യാതൊരു ക്രമക്കേടും വരുത്തിയില്ല. അവയ്ക്കിടയിലൂടെ നാം ഒരു നദി ഒഴുക്കുകയും ചെയ്തു. അവന്നു പല വരുമാനവുമുണ്ടായിരുന്നു. അങ്ങനെ അവൻ തന്റെ ചങ്ങാതിയോട് സംവാദം നടത്തിക്കൊണ്ടിരിക്കെ പറയുകയുണ്ടായി: ഞാനാണ് നിന്നെക്കാൾ കൂടുതൽ ധനമുള്ളവനും കൂടുതൽ സംഘബലമുള്ളവനും. സ്വന്തത്തോട് തന്നെ അന്യായം പ്രവർത്തിച്ചുകൊണ്ട് അവൻ തന്റെ തോട്ടത്തിൽ പ്രവേശിച്ചു. അവൻ പറഞ്ഞു: ഒരിക്കലും ഇതൊന്നും നശിച്ച് പോകുമെന്ന് ഞാൻ വിചാരിക്കുന്നില്ല"(ക്വുർആൻ 18:32-35).

അല്ലാഹു നൽകിയ അപാരമായ അനുഗ്രഹങ്ങൾക്ക് നന്ദികാണിക്കാതെ അഹങ്കാരിയായിത്തീർന്ന ഒരാളും, അത് പാടില്ലെന്ന് ഉപദേശിക്കുന്ന ഏകദൈവ വിശ്വാസിയും ഭക്തനുമായ മറ്റൊരാളുമാണ് ഈ ഉപമയിൽ സംവദിക്കുന്നത്. നന്ദികേട് കാണിച്ചതിന്റെ ഫലമായി ഒടുവിൽ ആ തോട്ടം അല്ലാഹു നശിപ്പിച്ചുകളഞ്ഞു. തെറ്റുബോധ്യപ്പെട്ട തോട്ടക്കാരൻ ഖേദിച്ചു. ഇതാണ് ഉപമയുടെ സാരം. നന്ദികേടിന്റെ പരിണിതി നാശമായിരിക്കുമെന്ന് ഇത് പഠിപ്പിക്കുന്നു. (തുടരും)

കവർ സ്റ്റോറി

പരിപക്വതയുടെ ആദ്യ നാളുകളാണ് ദാമ്പത്യത്തിന്റെ മധുവൂറുന്ന കാലമെന്ന് ശാസ്ത്ര പഠനം. നിലവിലെ പതിനെട്ടിനെ മാനിക്കുന്നെന്ന് പൊതുസമൂഹം. വൈകി വന്ന വിവാഹങ്ങളാണ് കുടുംബശൈഥില്യങ്ങളിൽ കൂടുതലെന്ന് കണക്കുകൾ. എന്നിട്ടും ഊതിവീർപ്പിച്ച ഊഹങ്ങൾ പഠനങ്ങളായി പുറത്തുവരുന്നു. അത്തരം പഠന റിപ്പോർട്ടുകളുടെയടിസ്ഥാനത്തിൽ നയങ്ങളും നിയമങ്ങളും ചുട്ടെടുക്കുന്നു. 'പെണ്ണിര'കൾക്കായുള്ള അനാവശ്യ പ്രതികരണങ്ങൾ വരുത്തിവെക്കുന്ന സാമൂഹിക പ്രത്യാഘാതങ്ങളെ കുറിച്ച് ഉത്തരവാദപ്പെട്ടവർ തികഞ്ഞ മൗനം പാലിക്കുന്നു. പരിഹാരത്തിനായി എവിടെ നിന്ന് തുടങ്ങണം? മത-രാഷ്ട്രീയ-സാംസ്കാരിക രംഗത്തെ പ്രമുഖർ പ്രതികരിക്കുന്നു.

# വിവാഹം: മാറേണ്ടത് പ്രായമോ കാഴ്ചപ്പാടോ?

## നേർപഥം വൈജ്ഞാനിക സംവാദം

**ഈ ലക്കത്തിൽ:**

ഇ.ടി മുഹമ്മദ് ബഷീർ എം.പി / ഡോ. സെബാസ്റ്റ്യൻ പോൾ / കെ.പി രാമനുണ്ണി
ടി.കെ അശ്‌റഫ് / ഡോ. മുഹമ്മദ് കുട്ടി കണ്ണിയൻ



*കോവിഡിന്റെ മറവിൽ ഭരണകൂടം സ്ഥാപിതതാൽപര്യങ്ങൾ നടപ്പിലാക്കുന്ന തിരക്കിലാണ്. ജനങ്ങളുടെ ശ്രദ്ധമുഴുവൻ കോവിഡെന്ന മഹാമാരിയിലാണ്. അവർ അതിൽനിന്ന് രക്ഷ നേടാനുള്ള ശ്രമത്തിലാണ്. വരുമാനമാർഗമെല്ലാം അടഞ്ഞ് പ്രയാസത്തിനുമേൽ പ്രയാസമനുഭവിച്ച് ജീവിക്കുന്നവർക്ക് നിലനിൽപാണല്ലോ പ്രധാനം. ജനങ്ങളുടെ ഈ അരക്ഷിതാവസ്ഥയെ മുതലടുത്ത് ദുഷ്ടലാക്കോടെയുള്ള നിയമനിർമാണങ്ങൾ നടത്തുന്ന തിരക്കിലാണ് കേന്ദ്രം. അതിലൊന്നാണ് വിവാഹ പ്രായം ഉയർത്താനുള്ള നീക്കം. നിലവിൽ ആവശ്യമായ നിയമങ്ങൾ ഉണ്ടായിരിക്കെ എന്തിനാണ് ഈ പുതിയ നീക്കം? സമൂഹത്തിന് ഇത് ഗുണകരമോ, ദോഷകരമോ? സർക്കാരിന്റെ ലക്ഷ്യമെന്ത്? ഈ വിഷയം ചർച്ച ചെയ്യപ്പെടൽ നിർബന്ധമാണ് എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ 'മാറേണ്ടത് പ്രായമോ കാഴ്ചപ്പാടോ?' എന്ന തലക്കെട്ടോടെ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെ മുഖപത്രമായ 'നേർപഥം' വാരികയുടെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 29ന് ഒരു ഓൺലൈൻ വൈജ്ഞാനിക സംവാദം നടക്കുകയുണ്ടായി.*

*സമകാലിക വിഷയങ്ങളിൽ നേർവായന ലക്ഷ്യംവെച്ച് 'നേർപഥം' നടത്തിവരുന്ന നിരന്തരമായ ഇടപെടലിന്റെ പുതിയൊരധ്യായമായി മാറി ഈ വൈജ്ഞാനിക സംവാദം. പ്രമുഖരായ വ്യക്തിത്വങ്ങൾ പങ്കെടുത്ത ഈ പരിപാടി ഫേസ് ബുക്ക്, യുട്യൂബ് വഴി ആയിരങ്ങളാണ് കണ്ടത്.*

*വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ അശ്‌റഫിന്റെ ആമുഖ ഭാഷണത്തോടെയാണ് പരിപാടി ആരംഭിച്ചത്. വിഷയത്തിന്റെ വിവിധ വശങ്ങൾ ഹ്രസ്വമായി ഓർമപ്പെടുത്തിയ ആമുഖഭാഷണത്തിലൂടെ കടന്നുപോകാം.*

**ടി.കെ അശ്‌റഫ് / ജനറൽ സെക്രട്ടറി, വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ**

വിവാഹ പ്രായമുയർത്തുന്നതിനെതിരിൽ രാജ്യത്ത് അനിവാര്യമായും ഉയർന്നുവരേണ്ട വൈജ്ഞാനിക പ്രതിരോധത്തിന് അടിത്തറപാകാനും അതിന്റെ ദിശതിരിക്കുവാനും ഈ വൈജ്ഞാനിക സംവാദം കാരണമാകുമെന്നാണ് പ്രാർഥനയും പ്രതീക്ഷയും.

നമ്മുടെ രാജ്യത്തിന്റെ എഴുപത്തിനാലാമത് സ്വാതന്ത്ര്യദിനാഘോഷ പരിപാടിയിൽ പ്രധാനമന്ത്രി വിവാഹപ്രായം സംബന്ധിച്ച് നടത്തിയ ഒരു പ്രഖ്യാപനമാണ് ഈ വൈജ്ഞാനിക സംവാദത്തിന് കളമൊരുക്കിയത്.

പ്രസവാനന്തരം സ്ത്രീകളുടെയും കുട്ടികളുടെയും മരണനിരക്ക് ഇന്ത്യയിൽ ഉയർന്നുവരുന്നതിനെ തടയാൻ വേണ്ടിയാണ് പെൺകുട്ടികളുടെ വിവാഹപ്രായം പതിനെട്ടിൽ നിന്ന് 21ലേക്ക് മാറ്റാനുള്ള ചർച്ചകൾ പുരോഗമിക്കുന്നത് എന്നതായിരുന്നു പ്രധാനമന്ത്രിയുടെ പ്രഖ്യാപനത്തിന്റെ പൊരുൾ.

ഈ തീരുമാനം വ്യക്തി, കുടുംബ, സാമൂഹ്യ മേഖലകളിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്ക് ഇടയാക്കുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. നേരത്തെ 18 വയസ്സ് നിജപ്പെടുത്തിയപ്പോൾ സമൂഹത്തിൽനിന്ന് വലിയ എതിർപ്പൊന്നും ഉണ്ടായില്ല എന്ന് കരുതി 21 വയസ്സിലേക്ക് പരിധി ഉയർത്തുന്നത് രാജ്യം തലകുലുക്കി സമ്മതിക്കുമെന്ന് ഒരിക്കലും ആരും വിചാരിക്കേണ്ടതില്ല.

സാധാരണക്കാരന്റെ അജ്ഞതകൊണ്ടും ചിലരുടെ ആചാരത്തിന്റെ ഭാഗമായും പക്വതയെത്താത്ത പെൺകുട്ടികളെ കല്യാണംകഴിച്ചു കൊടുക്കുന്നതിലൂടെ ഉണ്ടാകുന്ന സാമൂഹ്യപ്രശ്നങ്ങൾക്ക് കടിഞ്ഞാണിടാൻ സഹായകമാകും എന്ന കാഴ്ചപ്പാടിലാണ് 18 വയസ്സ് നിശ്ചയിച്ചതിനെ അന്ന് സമൂഹം വലിയതോതിൽ എതിർക്കാതെ പോയത്. വിവാഹത്തിന്റെ പ്രായമല്ല മാറേണ്ടത്, അതിനോടുള്ള കാഴ്ചപ്പാടാണ് തിരുത്തേണ്ടത് എന്നത് ആ കാലഘട്ടത്തിൽതന്നെ 'നേർപഥ'ത്തിന്റെ താളുകളിലൂടെ വ്യക്തമാക്കിയ കാര്യവുമാണ്.

21 വയസ്സായിട്ടും വിവാഹ ജീവിതത്തിലേക്ക് പ്രവേശിക്കാനുള്ള ശാരീരികവും മാനസികവുമായ പക്വതയെത്താത്ത പെൺകുട്ടിയെ പ്രായം മാനദണ്ഡമാക്കി വിവാഹം കഴിച്ചുകൊടുക്കാൻ പാടില്ല എന്നതാണ് 'നേർപഥ'ത്തിന്റെ പക്ഷം. അഥവാ പണ്ട് നമ്മുടെ നാട്ടിൽ നിലനിന്നിരുന്ന ശൈശവ വിവാഹത്തിലേക്ക് തിരിഞ്ഞുനടക്കുന്ന യാതൊരു നടപടിയും ഉണ്ടായിക്കൂടായെന്നർഥം.

എന്നാൽ പുതിയ തലമുറയിൽ ശാരീരികവളർച്ചയും മാനസികനിലവാരവും ഉയർന്നുവരുന്ന സാഹചര്യത്തിൽ വിവാഹജീവിതം അനിവാര്യമായവർക്ക് 21 വയസ്സുവരെ കാത്തിരിക്കണമെന്ന് നിയമം മൂലം നിർബന്ധിക്കുന്നതിനെ വ്യക്തിസ്വാതന്ത്ര്യത്തിനും മതവിശ്വാസത്തിനും നേരെയുള്ള കടന്നുകയറ്റമായിട്ടേ വിലയിരുത്താൻ സാധിക്കുകയുള്ളൂ.

പ്രായപരിധി ഉയർത്തിയതിനെ വിമർശിച്ചാൽ ശൈശവ വിവാഹത്തെ അനുകൂലിക്കുന്നവരായി മുദ്രകുത്തുമോയെന്ന ഭയത്താൽ പലരും എതിർപ്പ് മനസ്സിലൊതുക്കി മൗനം പാലിക്കുന്നത് സമൂഹത്തോടുള്ള ധാർമിക ബാധ്യതയിൽ നിന്നുള്ള ഒളിച്ചോട്ടമാണ്. വിവാഹത്തിലൂടെയുള്ള പവിത്രമാ

യ ലൈംഗികബന്ധത്തിന് 21 വയസ്സുവരെ കാത്തിരിക്കണമെന്നും എന്നാൽ ഉഭയകക്ഷി സമ്മതത്തോടെയുള്ള സ്വതന്ത്രരതി ഏത് പ്രായത്തിലും ആവാം എന്നുമുള്ള വിചിത്രമായ നടപടി ഇന്ത്യൻ കുടുംബസംവിധാനത്തെ തകർക്കുന്നതും പാശ്ചാത്യ സംസ്കാരത്തെ വാരിപ്പുണരാൻ ഭരണകൂടം തന്നെ വഴിയൊരുക്കുന്നതുമായ കാര്യമാണ്.

വിവാഹപ്രായം ഉയർത്തുകവഴി ഇന്ത്യയിലിന്ന് വർധിച്ചുവരുന്ന സ്ത്രീപീഡനം കുത്തനെ ഉയരും എന്ന കാര്യത്തിൽ കാര്യബോധമുള്ളവർക്ക് യാതൊരു സംശയവും ഉണ്ടാവുകയില്ല. ദാരിദ്ര്യനിർമാർജനം, സമനീതി, സ്ത്രീസുരക്ഷ, തൊഴിലില്ലായ്മ, സാമ്പത്തിക തകർച്ച, വികസനം... അങ്ങനെ തുടങ്ങി രാജ്യത്തിന്റെ സകലമാന അടിസ്ഥാന പ്രശ്നങ്ങളിൽ നിന്നും ശ്രദ്ധ തിരിച്ചുവിടാൻ സ്ത്രീ സംരക്ഷണത്തിന്റെ കാവൽക്കാരായി ചമയാൻ കൊണ്ടുവന്ന മുത്തലാക് ബില്ലുപോലെയുള്ള ഒരു തുരുപ്പുചീട്ടാണ് വിവാഹപ്രായം ഉയർത്താനുള്ള നീക്കവും.

ദാരിദ്ര്യനിർമാർജനത്തിനും ആരോഗ്യപരിരക്ഷക്കും ദീർഘവീക്ഷണമുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് പകരം വിഭാഗീയ ചർച്ചകൾക്ക് തിരികൊളുത്തി ഉത്തരവാദിത്തത്തിൽ നിന്ന് ഒളിച്ചോടുകയാണ് ഇവിടെ ചെയ്യുന്നത്. മനുഷ്യവിഭവശേഷി രാഷ്ട്ര പുനർനിർമാണത്തിന് ശരിയാം വിധം പ്രയോജനപ്പെടുത്തുന്ന ദീർഘവീക്ഷണമുള്ള ചുവടുവെപ്പിന് പകരം പുതുതലമുറ പിറക്കുന്നതിനോട് പുറംതിരിഞ്ഞു നിൽക്കുന്ന നിലപാട് പുനഃപരിശോധിക്കാൻ തയ്യാറാവണം.

അംഗവിഛേദം നടത്തി ആളെ കൊല്ലാതെകൊല്ലുന്ന പോലെ ഭരണഘടന അനുശാസിച്ച വ്യക്തി നിയമത്തിലെ ഓരോ വിഷയവും വെട്ടിമുറിച്ച് ഏകസിവിൽകോഡിലേക്കുള്ള കാൽവെപ്പാണ് ഇതിന്റെയൊക്കെ പിന്നിലുള്ളതെന്ന വിമർശനം നാം പരിഗണിക്കേണ്ടതുണ്ട്. നാനാത്വത്തിൽ ഏകത്വം എന്ന ഇന്ത്യൻ സവിശേഷത നിലനിന്നുകാണാൻ ആഗ്രഹിക്കുന്ന മുഴുവൻ ഇന്ത്യക്കാരും ഈ തീരുമാനത്തിനെതിരിൽ രംഗത്തുവരേണ്ടതുണ്ട്.

മതേതര ഇന്ത്യയെ മതാധിഷ്ഠിത രാജ്യമാക്കാനായി ഈയിടെ കൊണ്ടുവന്ന വർഗീയ അജണ്ടകളിലേക്ക് ഈ വിഷയത്തെയും നാം ചേർത്തുവായിക്കണം. ഭരണഘടനാ തത്ത്വങ്ങൾ തകർക്കുന്ന പൗരത്വ ഭേദഗതി നിയമം, ഇരകളെ വേട്ടക്കാരാക്കി തുറുങ്കിലടക്കുന്ന UAPA എന്ന കരിനിയമം, കാശ്മീരിന്റെ പ്രത്യേക പദവി സംരക്ഷിക്കുന്ന 370ാം വകുപ്പ് എടുത്തു കളഞ്ഞ നടപടി, അടുത്ത തലമുറയെ കൂടി തങ്ങളുടെ വർഗീയ അജണ്ടക്ക് അനുകൂലമാക്കാൻ ഉദ്ദേശിച്ച് നടപ്പാക്കുന്ന പുതിയ ദേശീയ വിദ്യാഭ്യാസ നയം, കോർപ്പറേറ്റുകൾക്ക് രാജ്യത്തെ അടിയറവെക്കുന്ന സ്വകാര്യവൽക്കരണം, സുസ്ഥിര ഭരണം ലക്ഷ്യംവെച്ച് ക്ഷേത്രനിർമാണത്തെ പൊലിപ്പിച്ചുകൊണ്ടുള്ള വിഭാഗീയ നീക്കങ്ങൾ...ഇതെല്ലാം മുന്നിൽവെച്ചു കൊണ്ടായിരിക്കണം മതേതര സമൂഹം ഈ വിവാഹപ്രായം ഉയർത്തുന്ന വിഷയത്തെ പരിഗണിക്കേണ്ടത്.

'വിവാഹം: മാറേണ്ടത് പ്രായമോ കാഴ്ചപ്പാടോ?' എന്ന ശീർഷകത്തിൽ നേർപഥം സംഘടിപ്പിക്കുന്ന ഈ വൈജ്ഞാനിക സംവാദത്തിൽ ഈ വിഷയത്തിന്റെ വിവിധതലങ്ങളെ വിലയിരുത്തുകയാണ്. വിവാഹപ്രായം വിവിധ രാജ്യങ്ങളിൽ എത്രയാണ്? വിവാഹപ്രായം ഉയർത്തുമ്പോൾ കുട്ടികളുടെ ശാരീരിക, മാനസിക തലങ്ങളെ എങ്ങനെ ബാധിക്കും? വിവിധ മതങ്ങൾക്ക് ഈ വിഷയത്തിലുള്ള വീക്ഷണം എന്താണ്? ഇസ്‌ലാമിലെ വിവാഹകാഴ്ചപ്പാട് സാർവകാലികമാണ്, എന്തുകൊണ്ട്? ഈ പ്രശ്നത്തെ പ്രതിരോധിക്കാനുള്ള മതേതര ഇന്ത്യയുടെ അജണ്ടയെന്തായിരിക്കണം? ചർച്ച ചെയ്യൽ അനിവാര്യമായ ഇത്തരം വിഷയങ്ങളെക്കുറിച്ച് വിവിധ തുറകളിലുള്ള പ്രമുഖർ ഈ വൈജ്ഞാനിക സംവാദത്തിൽ അഭിപ്രായം പറയുമെന്ന് പ്രതീക്ഷിക്കാം.

ഈ ചർച്ച നയിക്കുന്നത് വിസ്ഡം ഹെൽത്ത് കെയറിന്റെ സംസ്ഥാന ഭാരവാഹിയും പ്രമുഖ അസ്ഥിരോഗ വിദഗ്ധനും പ്രബോധകനുമായ ഡോ. മുഹമ്മദ് കുട്ടി കണ്ണിയനാണ്.

നിയമങ്ങൾ പാസ്സായ ശേഷം അതിനെതിൽ ഉയരുന്ന പ്രതിഷേധങ്ങളെക്കാൾ സ്വാധീനമുണ്ടാകുന്നത് അതിന്റെ തുടക്കത്തിൽ നടക്കുന്ന വൈജ്ഞാനിക സംവാദങ്ങൾക്കായിരിക്കുമെന്ന തിരിച്ചറിവിൽനിന്നു കൊണ്ടാണ് 'നേർപഥം' ഈ പ്രോഗ്രാം സംഘടിപ്പിക്കുന്നത്. ഇതൊരു തുടക്കം മാത്രമാണ്. ഇതിന്റെ തുടർച്ച ഇന്ത്യയുടെ കുടുംബ സംവിധാനം നിലനിന്നുകാണാൻ ആഗ്രഹിക്കുന്ന മുഴുവൻ മനുഷ്യരും ഏറ്റെടുക്കണമെന്നാണ് നാം ആഗ്രഹിക്കുന്നത്. ഇന്ത്യയിൽ വിവിധ ജനവിഭാഗങ്ങളിൽ നിലനിൽക്കുന്ന കെട്ടുറപ്പുള്ള കുടുംബ സംവിധാനമാണ് കമ്പോള താൽപര്യങ്ങൾക്ക് എന്നും കടിഞ്ഞാണിട്ടിട്ടുള്ളത്.

കുടുംബ സംവിധാനത്തിന്റെ പടിപ്പുരയായ വിവാഹത്തെ കൊട്ടിയടക്കുകയും കുത്തഴിഞ്ഞ ലൈംഗികതക്ക് വാതിൽ തുറന്ന് വെക്കുകയും ചെയ്യുക വഴി സ്വതന്ത്രരതിക്കും സ്വവർഗലൈംഗികതക്കും പാശ്ചാത്യ ലിബറൽ സംസ്കാരത്തിനും വേണ്ടി വാദിക്കുന്നവർക്ക് ആവേശം നൽകുന്ന ഈ തീരുമാനത്തിനെതിരിൽ ധാർമിക ബോധമുള്ളവരെല്ലാം രംഗത്തുവരണമെന്ന് അഭ്യർഥിക്കുന്നു. ഭാരതീയ കുടുംബ സംവിധാനത്തിന്റെ അലകുംപിടിയും തട്ടും തറയും തരിപ്പണമാക്കാൻ ഇടയാക്കുന്ന ഈ നിർദേശത്തെ നമുക്ക് ഒന്നിച്ച് എതിർത്ത് തോൽപിക്കാം. നാഥൻ അനുഗ്രഹിക്കുമാറാകട്ടെ. എല്ലാവരെയും ഇതിലേക്ക് ഹൃദ്യമായി സ്വാഗതം ചെയ്യുന്നു.

*വിവാഹ പ്രായം ഉയർത്തുന്നത് അനുചിതമാണെന്നും വിവാദങ്ങൾ ഉയർത്തി ഉത്തരവാദിത്തങ്ങളിൽനിന്ന് ഒളിച്ചോടുവാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നതെന്നും ഓർമിപ്പിക്കുന്നതായിരുന്നു ബഹു. എംപി ഇ.ടി മുഹമ്മദ് ബഷീറിന്റെ ഉദ്ഘാടന ഭാഷണം.*

**ഇ.ടി മുഹമ്മദ് ബഷീർ എം.പി**

'നേർപഥം' സംഘടിപ്പിച്ച വിവാഹ പ്രായം സംബന്ധിച്ചുള്ള 'വിവാഹം: മാറേണ്ടത് പ്രായമോ കാഴ്ചപ്പാടോ?' എന്ന വിഷയത്തിൽ ഡിസ്കഷൻ നടക്കാൻ പോകുകയാണ്. ആ ഡിസ്കഷന്റെ തുടക്കമാണ് നമ്മളിവിടെ കുറിക്കുന്നത്. ഈ പ്രശ്നം ഉയർന്നുവരാനുള്ള കാരണം പ്രധാനമന്ത്രി സ്വാതന്ത്ര്യദിന പ്രഭാഷണത്തിൽ പറഞ്ഞ ഒരു കാര്യമാണ്. പല വിഷയങ്ങളിലും പഠനം നടത്താൻ സർക്കാർ ഒരു കമ്മിറ്റിയുണ്ടാക്കിയിട്ടുണ്ട്. അതിൽ ഒന്ന് വിവാഹ പ്രായം ഉയർത്തണമോ എന്നുള്ളതാണ്. ഇപ്പോൾ തന്നെ സ്ത്രീകൾക്ക് പതിനെട്ടും പുരുഷന്മാർക്ക് 21ഉം ആണ് വിവാഹ പ്രായം. ഈ കമ്മിറ്റി പഠനറിപ്പോർട്ട് കൊടുത്തുകഴിഞ്ഞാൽ അതിനെപ്പറ്റി തീരുമാനിക്കും എന്നാണ് പറയുന്നത്.

പ്രധാനമന്ത്രി പ്രസംഗത്തിൽ പറഞ്ഞു; നമ്മുടെ പെൺകുട്ടികൾക്ക് പോഷകാഹാരക്കുറവിന്റെ ഒരുപാട് പ്രശ്നങ്ങളുണ്ട്, അതിനാൽ വിവാഹപ്രായം കൂട്ടണമോ എന്നതിനെക്കുറിച്ച് ഈ കമ്മിറ്റി പഠിക്കും, എന്നിട്ട് തീരുമാനമെടുക്കും എന്ന്. ഗവൺമെന്റിന്റെ സമീപനമെടുത്തു പരിശോധിച്ചാൽ മൗലികമായ പ്രശ്നങ്ങളിൽനിന്നകന്ന് രാജ്യത്തൊരു വലിയ ചർച്ചയുണ്ടാക്കി സ്ത്രീകളുടെ രക്ഷകന്മാർ തങ്ങളാണ് എന്ന് വരുത്തിത്തീർക്കാനുള്ള നിഗൂഢ അജണ്ട ഈ ഗവൺമെന്റ് എന്നുമെടുത്തിട്ടുണ്ട് എന്ന് കാണാനാവും. ഇതുപോലുള്ള ഒരു പ്രഖ്യാപനമായിരുന്നു ചെങ്കോട്ടയിൽവെച്ചു നടത്തിയത്; മുത്ത്വലാക്വിന്റെ വിഷയത്തിൽ. മുത്ത്വലാക്വിന്റെ പ്രശ്നം വന്ന സമയത്ത് എല്ലാവർക്കും അറിയാമായിരുന്നു ഇന്ത്യയെ പോലുള്ള ഒരു രാജ്യത്ത് ഒരു പ്രശ്നമേയല്ല മുത്ത്വലാക് എന്നത്. പക്ഷേ, എന്താണവർ വരുത്താൻ ശ്രമിച്ചത്? ഈ നാട്ടിലെ മുഴുവൻ സ്ത്രീകളുടെയും അധോഗതിക്കു കാരണം, പരാജയത്തിനു കാരണം മുത്ത്വലാക്വാണ്, അതുകൊണ്ട് ഞങ്ങളവരുടെ രക്ഷകരായി വന്നിരിക്കുന്നു. അതിനാൽ ഞങ്ങൾ ഈ നിയമം കൊണ്ടുവരുന്നു എന്നാണവർ പറഞ്ഞത്.

ഇപ്പോൾ വിവാഹ പ്രായം ഉയർത്താൻ കാരണമായി പറയുന്നത് മാതൃത്വത്തിൽ പ്രവേശിക്കുന്ന പ്രായം നേരത്തെയാകുന്നതിനാൽ പോഷകാഹാരക്കുറവ് സംഭവിക്കുന്നു എന്നിത്യാദി കാര്യങ്ങളാണ്. ഇവിടുത്തെ പ്രശ്നം അതൊന്നുമല്ല. പോഷകാഹാരക്കുറവ് ഒരു പ്രശ്നമാണ്, സംശയമില്ല. കുട്ടികൾക്കും സ്ത്രീകൾക്കുമൊക്കെ അത് പ്രശ്നമാണ് എന്നത് പ്രധാനമന്ത്രിക്കറിയാം, എല്ലാവർക്കുമറിയാം. നാടാകെ മാറിയിരിക്കുന്നു, ഇന്ത്യ മുന്നോട്ട് കുതിക്കുന്നു എന്നൊക്കെ പറയുമ്പോഴും ഗ്രാമീണസ്ത്രീകൾക്കിടയിൽ വിളർച്ച രോഗം കൂടുകയാണ്. പോഷകാഹാരക്കുറവു കാരണമായി കൂടുതൽ കുഞ്ഞുങ്ങൾ മരണപ്പെടുന്ന രാജ്യമായി ഇന്ത്യ മാറുകയാണ്. അതിൽനിന്നെല്ലാം ശ്രദ്ധ തിരിച്ചുവിടാൻ ഒരു പൊടിക്കൈ പ്രയോഗിക്കുകയാണ് ഇന്ത്യാഗവൺമെന്റ് എന്നാണ് എന്റെ കാഴ്ചപ്പാട്.

പോഷകാഹാരക്കുറവ് അഡ്രസ് ചെയ്യേണ്ട വിഷയം തന്നെയാണ്. അതിന് ഗവൺമെന്റ് ഗൗരവതരമായ ചില നടപടികൾ എടുത്തേ പറ്റൂ. ഗ്രാമീണ സ്ത്രീകൾക്ക് കുടിക്കാൻ നല്ല വെള്ളമില്ല, പ്രാഥമിക കാര്യം നിർവഹിക്കാൻ സൗകര്യമില്ല, പോഷകാഹാരം അവർക്ക് കിട്ടുന്നില്ല... ഇതെല്ലാം യാഥാർഥ്യമാണ്. വടക്കെ ഇന്ത്യയിലെ ജനജീവിതം കണ്ടുമനസ്സിലാക്കിയ ആർക്കും ഇത് മനസ്സിലാക്കാൻ സാധിക്കും. അത്രയും ദുരിതം പിടിച്ച സാഹചര്യത്തിലൂടെയാണ് വടക്കെ ഇന്ത്യയിലെ സ്ത്രീകളും കുഞ്ഞുങ്ങളും കഴിഞ്ഞുകൂടുന്നത്. അത് അഡ്രസ് ചെയ്യാനുള്ള തന്റേടം കാണിക്കാതെ, അതിനുള്ള പരിഹാരം കാണിക്കാതെയാണ് ഈ പുകമറ സൃഷ്ടിക്കൽ. ഐസിഡിഎസിൽ പോലും കൊടുത്തിട്ടുള്ള പൈസ പൂർണമായിട്ടും ചെലവാ



ക്കുന്നില്ല, അതിന്റെ അലോക്കേഷൻ തന്നെ കുറക്കുന്നു എന്ന കാര്യം ചർച്ചചെയ്യപ്പെടുന്ന രാജ്യമാണിത്. ഫണ്ടമെന്റലായിട്ടുള്ള അത്തരം കാര്യങ്ങളെപ്പറ്റി ചർച്ച ചെയ്യുന്നതിനു പകരം ആ സംഗതിയെപ്പറ്റി വളരെയധികം പ്രയാസപ്പെടുന്ന ജനങ്ങൾക്കിടയിൽ അന്താരാഷ്ട്രതലത്തിൽ നടത്തിയിട്ടുള്ള ചില പഠനങ്ങളിലൊക്കെ ഇന്ത്യയിൽ ഇത്തരം കാര്യങ്ങളിൽ സംഭവിച്ചിട്ടുള്ള അപചയത്തെ കുറിച്ചുള്ള ചർച്ചകൾക്ക് മറയിടാൻ വേണ്ടിയുള്ള ഒരു സൂത്രമെന്നതിൽ കവിഞ്ഞ് ഗവൺമെന്റിന് ഇക്കാര്യത്തിൽ യാതൊര ആത്മാർഥതയുമില്ല എന്നാണ് എന്റെ വിചാരം. കുറെ കാലത്തെ പഠനങ്ങൾക്കു ശേഷമാണ് ആണിന്റെ വിവാഹ പ്രായം 21ഉം പെണ്ണിന്റെ വിവാഹ പ്രായം 18ഉം ആക്കി നിശ്ചയിച്ചത്. അതിനു ശേഷം വന്നിട്ടുള്ള പുതിയ സാഹചര്യമെന്താണ്? ജനങ്ങൾക്കിടയിലുള്ള പ്രശ്നങ്ങളിൽനിന്ന് ചർച്ച തിരിച്ചുവിടുക എന്നല്ലാതെ മറ്റൊന്നും ഇതിനു പിന്നിൽ ഞാൻ കാണുന്നില്ല. ഏതു കാലത്തും അവരെടുത്തിട്ടുള്ള ഒരു കപടനാടകം എടുക്കുന്നു.

വിവാഹ പ്രായം വർധിപ്പിക്കുന്നതിനെക്കുറിച്ചുള്ള ചർച്ച തന്നെ ഈ സമയത്ത് അപ്രസക്തമാണ് എന്നാണ് എന്റെ വിചാരം. സ്ത്രീകളെ രക്ഷിക്കാൻ വേണ്ടിയാണത് കൊണ്ടുവരുന്നത് എന്നു പറയുന്നതിൽ യാതൊരർഥവുമില്ല. സ്ത്രീകളുടെ രക്ഷകരെന്നു പറഞ്ഞുള്ള ഒരു പൊടിക്കൈ പ്രയോഗം മാത്രമാണിത്. യുക്തിഭദ്രമായ ഒരു തീരുമാനമല്ല ഗവൺമെന്റ് എടുക്കുന്നത് എന്നു ഞാൻ വിചാരിക്കുകയാണ്. ഈ ചർച്ച നടക്കട്ടെ. ഇതുമായി ബന്ധപ്പെട്ട് എല്ലാവരെയും കൊണ്ടുവരുമല്ലോ. ഈ വീക്ഷണത്തോട് യോജിക്കുന്നവരായിരിക്കും ഒരുപക്ഷേ, അധികവും. വ്യത്യസ്ത അഭിപ്രായമുള്ളവരുണ്ടെങ്കിൽ വരട്ടെ, അറിയാമല്ലോ അവർക്കെന്താണ് പറയാനുള്ളതെന്ന്. ധിഷണാപരമായ ചർച്ചക്ക് കാലികമായ ഒരു വിഷയം വിസ്ഡം ഓർഗനൈസേഷൻ തെരഞ്ഞെടുത്തതിനെ ഞാൻ അഭിനന്ദിക്കുന്നു. ഈ പരിപാടി ഔപചാരികമായി ഉദ്ഘാടനം ചെയ്തതായി ഞാൻ അറിയിക്കുന്നു.

**ആങ്കർ: ഡോ. മുഹമ്മദ് കുട്ടി കണ്ണിയൻ**

**ബ**ഹുമാന്യനായ എം.പി പറഞ്ഞതുപോലെ അടിസ്ഥാനപരമായ പ്രശ്നങ്ങളിൽനിന്ന് വഴിതിരിച്ചുവിടാൻ വേണ്ടിയാണ് സർക്കാരിന്റെ ഈ നീക്കം. ഈ പ്രശ്നത്തിന്റെ നാഴികക്കല്ലുകൾ പരിശോധിച്ചാൽ നമുക്ക് മനസ്സിലാക്കാൻ കഴിയുന്ന ഒരു കാര്യമുണ്ട്. കഴിഞ്ഞ ജൂലൈ 31ന് പ്രമുഖ സാമൂഹിക പ്രവർത്തകയായ ജയ ജയ്റ്റിലിയുടെ നേതൃത്വത്തിൽ ഒരു ടാസ്ക് ഫോഴ്സ് സമർപ്പിച്ച ചില നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിലാണ് ഇത്തരത്തിലുള്ള ഒരു നടപടിക്ക് ശുപാർശ ചെയ്തിട്ടുള്ളത്. ഇവിടെ എല്ലാവരും ഉയർത്തുന്ന ചില ന്യായങ്ങളുണ്ട്-വിവാഹപ്രായം വർധിപ്പിക്കാൻ അവർ ഉന്നയിക്കുന്ന ചില ന്യായങ്ങൾ. അതിലൊന്ന് സ്ത്രീകളുടെ പ്രസവവുമായി ബന്ധപ്പെട്ടുള്ള മരണനിരക്ക് ഇന്ത്യയിൽ വളരെ കൂടുതലാണ് എന്നുള്ളതാണ്. അഥവാ ഒരു ലക്ഷം പ്രസവത്തിൽ എത്ര സ്ത്രീകൾ മരിക്കുന്നു എന്നതാണ് അതിന്റെ ഒരു സൂചിക. മെറ്റേണൽ മോർട്ടാലിറ്റി റൈറ്റ് (എംഎംആർ) എന്ന പേരിലാണ് അത് അറിയപ്പെടുന്നത്. അത് ഇന്ത്യയുടെത് 122 ആണ്. അത് കുറക്കാൻ വേണ്ടിയാണ് സത്യത്തിൽ ഈയൊരു ശുപാർശ വന്നിട്ടുള്ളത്. അതേപോലെ തന്നെ ആദ്യ വയസ്സിനുള്ളിൽതന്നെ കുട്ടി മരണപ്പെടുക എന്നതും ഗർഭിണികളുടെ വിളർച്ച, പോഷകാഹാരക്കുറവ് എന്നീ കാര്യങ്ങളൊക്കെ കൊണ്ടാണ് ഇത് കൂടുതൽ സംഭവിക്കുന്നത്. ഇതെല്ലാം ഇല്ലാതാക്കാൻ വേണ്ടിയുള്ള ഒരു നടപടിയുടെ ഭാഗമായിട്ടാണ് ഈ നിയമം കൊണ്ടുവരുന്നത് എന്നു പറയുന്നു. കേട്ടാൽ തോന്നും നല്ല കാര്യമായിട്ടാണ് ഇത് സമർപ്പിക്കപ്പെട്ടിട്ടുള്ളത് എന്ന്. സ്ത്രീകളുടെ പ്രസവവുമായി ബന്ധപ്പെട്ടുള്ള മരണനിരക്ക് പരിശോധിക്കുമ്പോൾ, സത്യത്തിൽ വളരെ നേരത്തെ കല്യാണം കഴിഞ്ഞതുകൊണ്ട് മാത്രമാണോ ഇവർക്ക് ഈ ഒരു അവസ്ഥ വന്നിട്ടുള്ളത് എന്ന് ഈ ഡാറ്റ പരിശോധിച്ചാൽ ആർക്കും മനസ്സിലാകും.



ഇത് മനസ്സിലാക്കിയേടത്ത് ചില വീഴ്ചകൾ വന്നിട്ടുണ്ട് എന്ന് ഡാറ്റ പരിശോധിച്ചാൽ പ്രത്യക്ഷത്തിൽ തന്നെ മനസ്സിലാകും. പണ്ടൊക്കെ എല്ലാവരും വീട്ടിലായിരുന്നു പ്രസവിച്ചിരുന്നത്. നമുക്കറിയാം നമ്മുടെ ഉമ്മമാരും ഉമ്മാമമാരുമെല്ലാം പ്രസവിച്ചത് വീട്ടിലാണ്. അക്കാലഘട്ടത്തിൽ പ്രസവിക്കാൻ ആശുപത്രിയിലേക്ക് എപ്പോഴാണ് പോവുക? ആയക്ക് പ്രസവം എടുക്കാൻ കഴിയാത്ത, നോർമലായിട്ട് പ്രസവം നടക്കാത്ത ഒരു പ്രതിസന്ധി പ്രതീക്ഷിക്കുമ്പഴോ അത് സംഭവിക്കുമ്പഴോ മാത്രമാണ് ആശുപത്രിയിലേക്ക് പ്രസവത്തിന് പോകുന്നത്. അപ്പോൾ അന്നത്തെ ആശുപത്രി രജിസ്റ്ററിലെ ഡാറ്റ പരിശോധിക്കുന്ന ഒരാൾക്ക് മനസ്സിലാകുന്നതെന്താണ്? അവിടെ നടക്കുന്ന പ്രസവങ്ങളിൽ ഭൂരിഭാഗവും വളരെ സങ്കീർണമാണ് എന്ന്. അതുകൊണ്ട് ആശുപത്രി സുഖപ്രസവത്തിന് പറ്റിയതല്ല എന്ന് ഒരാൾ തീരുമാനിക്കുന്നത് പോലെയാണ് സത്യത്തിൽ ഈ ഡാറ്റയിൽനിന്ന് ഇത്തരത്തിലുള്ള ഒരു തീരുമാനം വന്നു എന്നുള്ളത്. ലോകാരോഗ്യ സംഘടന ഇറക്കിയ ഇതിന്റെ ഡാറ്റയുണ്ട്. ലോകത്തിലെ ബഹുഭൂരിഭാഗം രാജ്യങ്ങളിലെയും ഈ റൈറ്റ് അവർ കമ്പയർ ചെയ്തുകൊണ്ട് അവർ കൺക്ളൂഷനിലെത്തുന്നുണ്ട്.

94% മാതൃമരണങ്ങളും നടക്കുന്നത് വരുമാനം കുറഞ്ഞ രാജ്യങ്ങളിലാണ്. അവികസിത രാജ്യങ്ങളിലാണ് മരണനിരക്ക് കൂടുതൽ ഉള്ളത്. വികസിതമായ, സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന രാജ്യങ്ങളിൽ ഈ മരണനിരക്ക് വളരെ കുറവാണ്. അടിസ്ഥാനപരമായ ഭക്ഷണം, അതേപോലെതന്നെ ആരോഗ്യപരിരക്ഷാസംവിധാനങ്ങൾ നന്നായി നിലനിൽക്കുന്ന സ്ഥലങ്ങളിൽ ഇത്തരത്തിൽ മരണങ്ങൾ നടക്കുന്നില്ല എന്നുള്ള യാഥാർഥ്യം ഇവർ മൂടിവെക്കുകയാണ് എന്നത് വളരെ ഖേദകരമായ കാര്യമാണ്.

മലപ്പുറം ജില്ലയിൽ ഒരു ലക്ഷം സ്ത്രീകളിൽ 23 പേർ മാത്രമാണ് മരിക്കുന്നത്. കേരളത്തിലെ മൊത്തം റൈറ്റ് നോക്കുമ്പോൾ അത് 40-42 ആണ്. ഇന്ത്യയുടെത് 122ഉം! മറ്റു ജില്ലകളിലുള്ളതിനെക്കാൾ പ്രസവം നടക്കുന്ന മലപ്പുറം ജില്ല പോലും കേരളത്തിന്റെ ആവറേജിന്റെ പകുതിക്കും താഴെയാണ് കിടക്കുന്നത് എന്നുള്ളത് ഇവിടുത്തെ സാമ്പത്തികമായ നല്ലൊരു അവസ്ഥയെയും മികച്ച ആരോഗ്യപരിരക്ഷാ സംവിധാനങ്ങളെയുമാണ് സൂചിപ്പിക്കുന്നത് എന്ന് കൃത്യമായി നമുക്ക് മനസ്സിലാക്കാൻ സാധിക്കും. അതുകൊണ്ട് ഇനിയും ആളുകളെ കബളിപ്പിച്ചുകൊണ്ട് മുന്നോട്ടു പോകാൻ ഒരിക്കലും സാധിക്കുകയില്ല എന്ന് നിയമനിർമാതാക്കൾ മനസ്സിലാക്കേണ്ടതുണ്ട്. അടുത്തതായി ഈ വൈജ്ഞാനിക ചർച്ചയിൽ നമ്മോട് പങ്കുചേരുന്നത് പ്രമുഖ സാമൂഹിക പ്രവർത്തകനായ ഡോക്ടർ സെബാസ്റ്റ്യൻപോൾ.

## ഡോ. സെബാസ്റ്റ്യൻ പോൾ

കശ്മീരിനും അയോധ്യക്കും ശേഷം കേന്ദ്രത്തിലെ ബിജെപി സർക്കാർ അടുത്തതായി ഉന്നം വെക്കുന്നത് അവരുടെ മറ്റൊരു വാഗ്ദാനം പൂർത്തീകരിക്കുന്നതിന് വേണ്ടിയാണ്. ഏക സിവിൽ നിയമം എന്നുള്ളതാണ് ആ വിഷയം. ഭരണഘടനയുടെ അനുച്ഛേദം 44 പ്രകാരം ചെയ്യേണ്ടതായ, അനുഷ്ഠിക്കേണ്ടതായ ഒരു കാര്യമാണ് എന്ന വിശദീകരണം ഉണ്ടെങ്കിലും യൂണിഫോം സിവിൽ കോഡ് എന്നതുകൊണ്ട് എന്താണ് ബിജെപിയും ബിജെപിയുടെ സർക്കാരും ഉദ്ദേശിക്കുന്നത് എന്നതിൽ വ്യക്തതയുണ്ട്. യൂണിഫോം സിവിൽകോഡ് എന്നു പറഞ്ഞാൽ പെട്ടെന്ന് പാർലമെന്റ് സമ്മേളിച്ച് ഒരു ഏകനിയമം എല്ലാവർക്കും, എല്ലാ മതത്തിൽപെട്ടവർക്കും ബാധകമാകുന്നത് ഉണ്ടാക്കിയെടുക്കുക എന്നതല്ല. അത് അസാധ്യമായ കാര്യമാണ്. അതിന്റെ ആവശ്യവുമില്ല. ഏകീകൃത നിയമം പണ്ടേ ഉണ്ട്. എല്ലാവർക്കും ക്രിമിനൽ നിയമം ഒന്നാണ്. ഓരോ മതവിഭാഗത്തിനും ആചാരാനുഷ്ഠാനങ്ങൾ വ്യത്യസ്തമാണ്. ആ വ്യത്യാസങ്ങൾ കഴിയുന്നതും ഒഴിവാക്കാൻ ഏറ്റവും കൂടുതൽ ശ്രമിക്കുന്നത് കോടതി തന്നെയാണ്. അങ്ങനെയൊരു വിധിയാണ് അടുത്ത കാലത്ത് സുപ്രീം കോടതി നൽകിയത്. ഹിന്ദു പിതൃസ്വത്തിലുള്ള അവകാശം പെൺകുട്ടികൾക്കും ഉണ്ടെന്ന് സുപ്രീം കോടതി കഴിഞ്ഞദിവസം പറഞ്ഞു. അതിനെയൊക്കെ സിവിൽ നിയമം ഏകീകരിക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായിത്തന്നെയാണ് കാണേണ്ടത്.



മുസ്‌ലിംകളെ ബാധിക്കുന്ന നിയമങ്ങൾ, ക്രിസ്ത്യാനികളെ ബാധിക്കുന്ന നിയമങ്ങൾ, ഹിന്ദുക്കളെ ബാധിക്കുന്ന നിയമങ്ങൾ; ഇതിലൊക്കെ ഏകസ്വഭാവം വരുത്താൻ കോടതികൾ ശ്രമിക്കുന്നുണ്ട്. ഇപ്പോൾ ഒരു പുതിയ വിഷയം, ആരും ഇതുവരെ ചർച്ച ചെയ്തിട്ടില്ലാത്തതും ആരും ആവശ്യപ്പെടാത്തതുമായ ഒരു കാര്യം പ്രധാനമന്ത്രി പറഞ്ഞിരിക്കുകയാണ്. വിവാഹപ്രായം ഉയർത്തും എന്നുള്ളതാണത്. വിവാഹപ്രായം നിയമംമൂലം നിശ്ചയിക്കപ്പെട്ട ഒന്നാണ്. ഓരോ കാലത്തും ആ കാലഘട്ടത്തിലെ സാമൂഹ്യ അവസ്ഥയെ അടിസ്ഥാനമാക്കിയാണ് ഇതൊക്കെ നിശ്ചയിക്കുന്നത്. മഹാത്മാ ഗാന്ധി വിവാഹം കഴിച്ചപ്പോൾ കസ്തൂർബായ്ക്ക് 12 വയസ്സേ ഉണ്ടായിരുന്നുള്ളൂ. 12 വയസ്സുതന്നെ അക്കാലത്ത് ആകണമെന്നില്ലായിരുന്നു. ഒൻപത് വയസ്സും എട്ടുവയസ്സുമൊക്കെ ആകുമ്പോൾ പെൺകുട്ടികളെ കല്യാണം കഴിപ്പിക്കുന്ന രീതി അന്നുണ്ടായിരുന്നു. ഇന്നും വടക്കെ ഇന്ത്യയിലെ പല ഗ്രാമങ്ങളിലും അത് നടക്കുന്നുണ്ട്.

സമൂഹത്തിന്റെ വളർച്ചയ്ക്ക് അനുസൃതമായി അതിനൊക്കെ മാറ്റം വരുത്തി. നമ്മൾ ഇപ്പോൾ കുറേക്കൂടി മുകളിലേക്ക് വന്നു. അത് എന്തിനെന്നു ചോദിച്ചാൽ, ഒരു പെൺകുട്ടി ശാരീരികമായും മാനസികമായും വളർച്ചപ്രാപിച്ച് പക്വതയാർജിക്കണം. ഭാര്യയാകാനും പ്രസവിക്കാനും കുടുംബം പുലർത്താനുമൊക്കെയുള്ള പ്രാപ്തി ഒരു പെൺകുട്ടിക്ക് ഉണ്ടാകണമല്ലോ.



വിവാഹപ്രായം ഉയർത്തണമെന്ന നിർദേശത്തെ പ്രത്യക്ഷത്തിൽ തന്നെ എതിർക്കുന്ന ആളല്ല ഞാൻ. പല പരിഷ്കൃത സമൂഹങ്ങളിലും പെൺകുട്ടികളുടെ വിവാഹപ്രായത്തിൽ ഉയർച്ച കാലക്രമത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. വിദ്യാഭ്യാസം നേടുക, ഉദ്യോഗത്തിന് പോവുക തുടങ്ങിയ സാഹചര്യങ്ങളിൽ സ്വാഭാവികമായും അവർ വിവാഹം നീട്ടിക്കൊണ്ടുപോകും. നമ്മുടെ നാട്ടിലും അത് കാണുന്നുണ്ട്. എല്ലാ മതങ്ങളിലും പെട്ട പെൺകുട്ടികളുടെ ഇടയിലും അത് കാണുന്നുണ്ട്. വിവാഹം കുറച്ച് നീട്ടിക്കൊണ്ടുപോവുക എന്നുള്ളതിൽ ഒരു തെറ്റും പറയാനില്ല. എന്നാൽ ഭരണകൂടത്തിന്റെ ഇടപെടലുണ്ടാകുമ്പോൾ അവിടെ ചില സംശയങ്ങൾ നമുക്കുണ്ടാകുന്നു. ജനസംഖ്യയുടെ അമിതമായ വർധന തടയണം എന്ന ലക്ഷ്യം മുൻനിർത്തി സന്താനോൽപാദന വിഷയത്തിൽ പോലും ഭരണകൂടം ഇടപെടുന്ന അവസ്ഥയുണ്ട്. ചില ഏകാധിപത്യ രാജ്യങ്ങളിലൊക്കെ അത് നടന്നിട്ടുണ്ട്. ചൈനയിൽ നടക്കുന്നുണ്ട്. എത്ര കുട്ടികൾ വേണമെന്ന് ഭരണകൂടം നിശ്ചയിക്കുന്ന സാഹചര്യം, ഏതു വയസ്സിൽ വിവാഹം കഴിക്കണം, എത്ര കുട്ടികൾ വേണം എന്നതുപോലെയുള്ള തീർത്തും വ്യക്തിപരമായ, സ്വകാര്യമായ ഇടങ്ങളിലേക്ക് ഭരണകൂടം പ്രവേശിക്കുമ്പോൾ ഉണ്ടാകുന്ന അപകടങ്ങൾ വലുതാണ്. അത് കേവലമായ സ്വകാര്യതയെ മാത്രം ബാധിക്കുന്ന വിഷയമല്ല.

സ്വയംഭരണവും സ്വയംനിർണയാവകാശവും രാജ്യങ്ങൾക്കു മാത്രമല്ല; വ്യക്തികൾക്കുമുണ്ട്. എന്റെ കാര്യങ്ങൾ ആ രീതിയിൽ നിശ്ചയിക്കേണ്ടത് ഞാനാണ്. പക്ഷേ, അത് പൊതുതാൽപര്യത്തിനും പൊതുജനാരോഗ്യത്തിനും ധാർമികതയ്ക്കും ഒക്കെ നിരക്കുന്ന രീതിയിൽ ആകണം എന്ന് മാത്രമേയുള്ളൂ. മറ്റാർക്കും ഒരു ഉപദ്രവവും എന്റെ തീരുമാനംകൊണ്ട് ഉണ്ടാകരുത്. അങ്ങനെയുള്ള അവസ്ഥയിൽ, ഇപ്പോൾ പെട്ടെന്ന് ഒരു പൊതുപ്രഭാഷണത്തിൽ അവതരിപ്പിച്ച് അംഗീകാരം നേടിയെടുക്കേണ്ട വിഷയമല്ല പ്രധാനമന്ത്രി പറഞ്ഞത്. പ്രധാനമന്ത്രിയുടെയും അദ്ദേഹത്തിന്റെ പാർട്ടിയുടെയും പ്രസ്താവനകളിൽ അടങ്ങിയിട്ടുള്ള വലിയതോതിലുള്ള അപകടങ്ങൾ ആരുമറിയാതെ വിദഗ്ധമായി ഒളിച്ചുവെക്കാറുണ്ട്. എന്താണ് ഇതിന്റെ യഥാർഥ ഉദ്ദേശ്യമെന്ന് നമുക്ക് വരുംകാലങ്ങളിൽ മനസ്സിലാകുമായിരിക്കും. പക്ഷേ, ഇപ്പോൾ ഇങ്ങനെയൊരു നിർദേശം, തീർത്തും ഏകപക്ഷീയമായി പ്രധാനമന്ത്രി മുന്നോട്ടുവെക്കുമ്പോൾ അതിൽ അപകടമുണ്ടോ എന്ന് നാം പരിശോധന നടത്തണം. വളരെ ലളിതമായി പറഞ്ഞ് അവസാവ

**സ്വയംഭരണവും സ്വയംനിർണയാവകാശവും രാജ്യങ്ങൾക്കു മാത്രമല്ല; വ്യക്തികൾക്കുമുണ്ട്. എന്റെ കാര്യങ്ങൾ ആ രീതിയിൽ നിശ്ചയിക്കേണ്ടത് ഞാനാണ്. പക്ഷേ, അത് പൊതുതാൽപര്യത്തിനും പൊതുജനാരോഗ്യത്തിനും ധാർമികതയ്ക്കും ഒക്കെ നിരക്കുന്ന രീതിയിൽ ആകണം എന്ന് മാത്രമേയുള്ളൂ. മറ്റാർക്കും ഒരു ഉപദ്രവവും എന്റെ തീരുമാനംകൊണ്ട് ഉണ്ടാകരുത്. അങ്ങനെയുള്ള അവസ്ഥയിൽ, ഇപ്പോൾ പെട്ടെന്ന് ഒരു പൊതുപ്രഭാഷണത്തിൽ അവതരിപ്പിച്ച് അംഗീകാരം നേടിയെടുക്കേണ്ട വിഷയമല്ല പ്രധാനമന്ത്രി പറഞ്ഞത്. പ്രധാനമന്ത്രിയുടെയും അദ്ദേഹത്തിന്റെ പാർട്ടിയുടെയും പ്രസ്താവനകളിൽ അടങ്ങിയിട്ടുള്ള വലിയ തോതിലുള്ള അപകടങ്ങൾ ആരുമറിയാതെ വിദഗ്ധമായി ഒളിച്ചുവെക്കാറുണ്ട്.**

നിപ്പിക്കേണ്ട ഒരു വിഷയമല്ല ഇത്. സ്വാതന്ത്ര്യദിന പ്രഭാഷണത്തിൽ ഈ രാജ്യത്തെ ബാധിക്കുന്ന ഒട്ടേറെ കാര്യങ്ങൾ പ്രധാനമന്ത്രിക്ക് പറയാനുണ്ടായിരുന്നു. ഒരു ജനത എന്ന നിലയിലുള്ള നമ്മുടെ അതിജീവനം തന്നെ അപകടത്തിലാണ്. എങ്ങനെയാണ് നമ്മൾ കഴിഞ്ഞുകൂടുന്നത്? അടച്ചിട്ട മുറികളിലും വീടുകളിലും കഴിഞ്ഞുകൂടാൻ വിധിക്കപ്പെട്ട ഒരു ജനത എപ്രകാരമാണ് മുന്നോട്ട് പോകുന്നത്, അല്ലെങ്കിൽ പോകേണ്ടത്? അങ്ങനെ പല കാര്യങ്ങളും പറയാനുള്ളപ്പോൾ പ്രധാനമന്ത്രി പറഞ്ഞത് വിവാഹപ്രായം കൂട്ടാം എന്നാണ്! എത്ര കൂട്ടും? 21 ആക്കുമോ? അതോ അതിലും കൂടുതൽ വേണമോ? ആരും പറയാതെ തന്നെ ഈ രാജ്യത്ത് വിദ്യാഭ്യാസമുള്ള, ഉദ്യോഗമുള്ള പെൺകുട്ടികൾ വിവാഹം നീട്ടിക്കൊണ്ടുപോകുന്നുണ്ട്. ഇരുപതിനും മുപ്പതിനുമിടയിലുള്ള പ്രായം വിവാഹത്തിന് പെൺകുട്ടികൾ തന്നെ സ്വാഭാവികമായി സ്വീകരിച്ചിട്ടുള്ള ഒരു പ്രായമായി മാറിക്കഴിഞ്ഞു. അതിലും നേരത്തെ വിവാഹം നടത്തേണ്ട അവസ്ഥ വന്നാൽ അതും നടക്കാറുണ്ട്.

നമ്മുടെ നാട്ടിൽ വോട്ടുചെയ്യുന്നതിന് ആദ്യം 21 വയസ്സായിരുന്നു. പിന്നെ അത് പതിനെട്ടാക്കി. എന്റെ അഭിപ്രായത്തിൽ അത് 16 ആക്കുന്നതിൽ തെറ്റൊന്നുമില്ല. കാരണം ആ പ്രായമാകുമ്പോഴേക്കും കുട്ടികൾക്ക് നല്ല രീതിയിലുള്ള പൊതുബോധവും രാഷ്ട്രീയബോധവും ഉണ്ടാകുന്നുണ്ട്. ആ തരത്തിലുള്ള വിദ്യാഭ്യാസം അവർക്ക് ലഭിക്കുന്നുണ്ട്. അതുകൊണ്ട് അത് വേണമെങ്കിൽ അൽപം കുറക്കാം. ആ തോതിൽ വിവാഹപ്രായം കുറക്കണം എന്ന് ആരും പറയില്ല. അതിന് മറ്റു പല കാരണങ്ങളുമുണ്ട്.

എന്നാൽ വിവാഹപ്രായമങ്ങ് കൂട്ടാം എന്ന് പറയുമ്പോൾ എന്താണ് അതിന് അടിസ്ഥാനം? പ്രധാനമന്ത്രി വ്യക്തിപരമായ ഒരു ഇഷ്ടത്തെ അടിസ്ഥാനമാക്കിയാണോ അത് പറഞ്ഞത്? അതല്ല സാമൂഹികശാസ്ത്ര പഠനത്തെ അടിസ്ഥാനമാക്കിയുള്ള നിലപാടാണോ അദ്ദേഹം വ്യക്തമാക്കിയത്? ആവക കാര്യങ്ങൾ കൂടി നമ്മൾ അറിയണം. ഏതു കാര്യവും വളരെ നിർദോഷമായി അവതരിപ്പിക്കപ്പെടും. എന്നാൽ അതിനുള്ളിൽ വലിയ അപകടങ്ങൾ കണ്ടു എന്ന് വരാം.

വ്യക്തികളുടെ, അല്ലെങ്കിൽ സമൂഹത്തിന്റെ മതപരവും സാംസ്കാരികവും സാമൂഹികവും ഒക്കെ ആയിട്ടുള്ള ചില നിലപാടുകൾ നമ്മുടെ ജീവിതക്രമത്തെ നിശ്ചയിക്കുന്നത് അതുപോലുള്ള പല ഘടകങ്ങളും ഒത്തു ചേരുമ്പോഴാണ്. ആ മേഖലയിലേക്കുള്ള ഭരണകൂടത്തിന്റെ ഒരു കടന്നുകയറ്റമാണ് ഉദ്ദേശിക്കുന്നതെങ്കിൽ അതിന് നമ്മൾ പരിചയമുള്ള മറ്റൊരു വാക്ക് ഉപയോഗിക്കാറുണ്ട്. ഫാസിസം എന്നാണത്. ഫാസിസം പല പേരുകളിൽ പല രാജ്യങ്ങളിൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ഇപ്പോഴും പ്രാബല്യത്തിൽ ഉണ്ട്. അവിടെയെല്ലാം വ്യക്തികളുടെ സ്വകാര്യ ജീവിതത്തിലേക്ക്, കുടുംബ ജീവിതത്തിലേക്ക് അതിക്രമിച്ചു കടക്കുന്നതിനുള്ള ഭരണകൂടത്തിന്റെ വ്യഗ്രത നാം കാണുന്നുണ്ട്. ഇവിടെയും പ്രധാനമന്ത്രിയുടെ ഈ പ്രസ്താവനയിൽ അത്തരത്തിലുള്ള, അത്ര ശുഭകരമല്ലാത്ത ഒരു സൂചന ഞാൻ കാണുന്നുണ്ട്. അതുകൊണ്ട് വ്യക്തത വരട്ടെ. വ്യക്തത വരുമ്പോളും നമുക്ക് ഈ കാര്യങ്ങളൊക്കെ ജാഗ്രത പുലർത്താം.

ആര്, ആരെ, എപ്പോൾ വിവാഹം കഴിക്കണം, എങ്ങനെ ജീവിക്കണം എന്നൊക്കെയുള്ളത് വ്യക്തികൾക്ക് വിട്ടുകൊടുക്കുക. പൊതുവായ ഒരു രൂപരേഖ, നിയന്ത്രണരേഖ ഒക്കെയാകാം. അതൊക്കെ ഇപ്പോൾ ഉണ്ട്. ബാല്യവിവാഹം നമ്മൾ നിയമംമൂലം നിരോധിച്ചിട്ടുണ്ട്. താഴേക്ക് കൊണ്ടുവരണം എന്നാരും പറയുന്നില്ല. ഉയർത്തണമെന്നും ആരും പറഞ്ഞിട്ടില്ല. അതുകൊണ്ട് ഒരു പൊതുചർച്ചയ്ക്ക് സഹായകരമാകുന്ന രീതിയിൽ കൂടുതൽ വിവരങ്ങൾ പ്രധാനമന്ത്രി വെളിപ്പെടുത്തണം. അപ്പോൾ മാത്രമെ ആരോഗ്യകരമായ രീതിയിൽ ഇത്തരം വിഷയങ്ങളിൽ സംവാദം നടത്തുന്നതിനും സമന്വയത്തിൽ എത്തിച്ചേരുന്നതിനു സമൂഹത്തിന് കഴിയുകയുള്ളൂ.

കെ.പി രാമനുണ്ണി

പ്രിയപ്പെട്ട സുഹൃത്തുക്കളേ, പെൺകുട്ടികളുടെ വിവാഹപ്രായം ഉയർത്താനുള്ള കേന്ദ്രസർക്കാറിന്റെ ആലോചന പല വിവാദങ്ങളും അഭിപ്രായ വ്യത്യാസങ്ങളും സൃഷ്ടിച്ചിരിക്കുകയാണ്. ഇപ്പോൾ നിലവിലുള്ള 18-21 എന്ന പ്രായം തീർച്ചയായും ജീവശാസ്ത്രപരമായും സാമൂഹ്യമായും ന്യായീകരിക്കാൻ പറ്റുന്നതാണ്. പെട്ടെന്ന് ഇപ്പോൾ വിവാഹപ്രായം ഉയർത്തേണ്ട യാതൊരു കാര്യവും ഇല്ല എന്നാണ് നിഷ്പക്ഷമായി ചിന്തിക്കുന്നവർക്ക് തോന്നുക. വിവാഹപ്രായത്തെ പറ്റി ആലോചിക്കുയാണെങ്കിൽ, നമുക്ക് അറിയാൻ കഴിയും

സാമ്പത്തികമായും സാമൂഹ്യമായും മുന്നിൽ നിൽക്കുന്നവർ സ്വാഭാവികമായും അവരുടെ പെൺമക്കളുടെ വിവാഹപ്രായം ഉയർത്തുകയാണ് ചെയ്യാറുള്ളത്. വിദ്യാഭ്യാസരംഗത്തുള്ള മുന്നേറ്റത്തിനു വേണ്ടി ശ്രമിക്കുമ്പോൾ സ്വാഭാവികമായും പെൺകുട്ടികളുടെ വിവാഹ പ്രായം 18ൽ നിന്ന് ഇരുപത്തിയൊന്നും ഇരുപത്തിയഞ്ചുമൊക്കെയായി മാറും. എന്നാൽ സാമ്പത്തികമായി പിന്നിൽനിൽക്കുന്നവരാണ് കൂടുതലായിട്ട് പെൺകുട്ടികളെ 18 വയസ്സാകുമ്പോഴേക്കും വിവാഹം കഴിച്ചു കൊടുക്കുക. ഇതിനുള്ള കാരണം അവർക്ക് പെൺമക്കളെ സുരക്ഷിതമായ കരങ്ങളിൽ ഏൽപിക്കാനുള്ള ബദ്ധപ്പാടാണ്. ഇന്ന് സ്ത്രീപീഡനങ്ങൾ അരങ്ങേറുന്ന അവസ്ഥാവിശേഷത്തിൽ പെൺകുട്ടികളെ സുരക്ഷിതമായ കരങ്ങളിൽ ഏൽപിക്കുക എന്നത് സാമ്പത്തികമായും സാമൂഹ്യമായും പിന്നാക്കം നിൽക്കുന്നവരുടെ ഒരു ആവശ്യമാണ്. ഇതേപോലെ തന്നെ പല ഗോത്ര സമുദായങ്ങളിലും ആദിവാസി സമുദായങ്ങളിലുമെല്ലാം നേരത്തെ തന്നെ പെൺകുട്ടികളെ വിവാഹം കഴിച്ചു കൊടുക്കുന്ന സമ്പ്രദായമുണ്ട്. ഇങ്ങനെയുള്ളവരുടെയെല്ലാം താൽപര്യങ്ങൾക്ക് എതിരായിരിക്കും കേന്ദ്ര സർക്കാരിന്റെ ഇപ്പോഴുള്ള ഈ നയം എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ നയം ഇന്ത്യാ രാജ്യത്തെ എല്ലാ മത വിഭാഗങ്ങളിലും പെടുന്ന പിന്നോക്കക്കാരെയും പ്രതികൂലമായി ബാധിക്കുമെന്നാണ് പറയാനുള്ളത്. വേണ്ടവണ്ണം ആലോചിക്കാതെയുള്ള ഒരു എടുത്തുചാട്ടമാണ് ഈ വിവാഹപ്രായത്തിന്റെ കാര്യത്തിൽ കേന്ദ്രസർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ഇന്ന് ഇന്ത്യാരാജ്യത്ത് ഏതൊരു നയരൂപീകരണത്തിന് പിന്നിലും ഒരുതരത്തിലുള്ള ന്യൂനപക്ഷ വിദ്വേഷത്തിന്റെ അലയടികൾ കണ്ടെത്താൻ സാധിക്കും. പൗരത്വനിയമമാണെങ്കിലും കാശ്മീർ പ്രശ്നത്തിലുള്ള നിയമമാണെങ്കിലുമൊക്കെ നമുക്ക് കാണാവുന്ന ഒരു കാര്യമാണത്. ഈ വിവാഹപ്രായം ഉയർത്തുന്ന കാര്യത്തിൽ സത്യത്തിൽ അങ്ങനെയുള്ള ചില കാലുഷ്യത്തിന്റെ പ്രതിഫലനങ്ങൾ കണ്ടെത്താൻ സാധിക്കും. കാരണം ഹിന്ദുവർഗീയവാദികൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന കാര്യം 20 കൊല്ലം കൊണ്ട് ഇവിടെ ന്യൂനപക്ഷത്തിന്റെ, വിശേഷിച്ച് മുസ്‌ലിംകളുടെ ജനസംഖ്യ വർധിച്ച് ഭൂരിപക്ഷത്തെ അവർ കടത്തിവെട്ടും എന്നുള്ളതാണ്. ഈയൊരു ഭീതി സൃഷ്ടിക്കപ്പെടുന്നുണ്ട്. ഇതുമായി കൂട്ടിവായിക്കുന്ന സമയത്ത് ഹിന്ദു സമുദായത്തിനുള്ള ആശങ്ക വളർത്തുന്നതുമായി ബന്ധപ്പെട്ടു കൊണ്ട് കൂടിയാണ് ഈ വിവാഹപ്രായം ഉയർത്താനുള്ള ഒരു ആലോചന. കാരണം കൂടുതൽ ജനസംഖ്യാ വിസ്ഫോടനം ഉണ്ടാകുന്നത് ന്യൂനപക്ഷവിഭാഗങ്ങൾക്കിടയിലാണ് എന്ന ഒരു ധാരണ വളർത്തുക, അവർക്കെതിരായ ഒരു വികാരം വളർത്തുക ഇങ്ങനെയുള്ള വിലക്ഷണമായ പല പദ്ധതികളും ഈ വിവാഹപ്രായം ഉയർത്തുന്നതിന് പിറകിലുണ്ട് എന്ന് നമുക്ക് സംശയിക്കേണ്ടിയിരിക്കുന്നു. ഇത് വളരെ മോശപ്പെട്ട ഒരു കാര്യമാണ്. ഹിന്ദുക്കൾക്കും ഹിന്ദുക്കളുടെ ഇടയിലും പിന്നാക്ക വിഭാഗങ്ങളിൽ ഉള്ളവർക്ക് 18 വയസ്സ് എന്നത് അവരുടെ ഒരു ആവശ്യമാണ്. പക്ഷേ, ന്യൂനപക്ഷങ്ങൾക്കെതിരായി ഒരു വികാരം വളർത്തിക്കൊണ്ട് ഹിന്ദുക്കളുടെയെല്ലാം പിന്തുണ ഇതിന് നേടുക എന്നുപറഞ്ഞാൽ ഇതെല്ലാം വളരെ വർഗീയമായിട്ടുള്ള ചില വിഭജനങ്ങൾക്കും ചിന്താഗതികൾക്കും ആക്കം കൂട്ടുന്നതാണ്. അതുകൊണ്ട് സാധാരണ ഹിന്ദുവിനും മുസ്‌ലിമിനും ആർക്കും തന്നെ ഗുണം ചെയ്യില്ല എന്നുള്ളതാണ്. ഈ തരത്തിലുള്ള വീണ്ടുവിചാരമില്ലാത്ത ചില കാലുഷ്യങ്ങളുടെ പുറത്തിലുള്ള നയരൂപീകരണങ്ങൾ രാജ്യത്തിന് ഹാനികരമാകും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇപ്പോഴുള്ള പ്രായമായ 18 വയസ്സിൽ വിവാഹം കഴിച്ചു കൊടുക്കണം എന്നതിൽ യാതൊരു നിർബന്ധവുമില്ല. അത് ഏറ്റവും ചുരുങ്ങിയ പ്രായം മാത്രമാണ്.

അതിലെത്ര കൂടുതൽ ആയിട്ടുള്ള വിദ്യാഭ്യാസത്തിനും മറ്റും പെൺകുട്ടികളെ പ്രോത്സാഹിപ്പിച്ച് 22-25 വയസ്സിൽ വിവാഹം കഴിച്ചുകൊടുക്കുന്നതിന് ആരും എതിരല്ല. ഈയൊരു അവസ്ഥയിൽ ഈ വിവാഹപ്രായം മാറ്റേണ്ട യാതൊരു കാര്യവുമില്ല. ഇപ്പോഴുള്ള ഒരു തുറസ്സ്, എല്ലാവർക്കും അവരുടെ സൗകര്യംനൽകുന്ന ഇപ്പോൾ നിലവിലുള്ള വിവാഹപ്രായം തന്നെ തുടരുകയാണ് ഈ കാര്യത്തിൽ വേണ്ടത്. ഇങ്ങനെയുള്ള ഒരു ചിന്താഗതി സമുദായങ്ങളുടെ ഇടയിലും വളർത്തിയെടുക്കുക, അതിനു വേണ്ടി ഒരു അഭിപ്രായ രൂപീകരണം നടത്തുകയാണ് ഈ വിഷയത്തിൽ വേണ്ടത്. **(തുടരും)**

ഇഹ്സാൻ വളപട്ടണം
mail@nerpatham.com

ലേഖനം



# അതുല്യർ ഈ അനുചരന്മാർ

പ്രവാചകന്മാർക്കുശേഷം ഏറ്റവും ശ്രേഷ്ഠരായവരാണ് അന്തിമ പ്രവാചകൻ മുഹമ്മദ് നബിﷺയുടെ അനുചരന്മാർ. പ്രവാചകനെﷺ വിശ്വാസിയായിക്കൊണ്ട് കണ്ടുമുട്ടുകയും വിശ്വാസിയായിത്തന്നെ മരണപ്പെടുകയും ചെയ്യാൻ ഭാഗ്യം ലഭിച്ച മഹാരഥന്മാരാണ് അവർ. പ്രവാചകനുമായുള്ള സഹവാസം ലഭിക്കുക എന്നതിനെ മറ്റെന്തിനെക്കാളും ശ്രേഷ്ഠമായിട്ടാണ് ഇസ്‌ലാം കാണുന്നത്. അതുകൊണ്ടുതന്നെ അതിന് ഭാഗ്യം ലഭിച്ചവരാണ് വിശ്വാസികളിൽ ഏറ്റവും വിശിഷ്ടർ. മഹാനായ ഇബ്നുഉമർ رضي الله عنه പറയുകയുണ്ടായി:

'മുഹമ്മദ് നബിﷺയുടെ സഹാബികളെ നിങ്ങൾ ചീത്തപറയരുത്. കാരണം പ്രവാചകനോടൊപ്പമുള്ള അവരുടെ ഒരു മണിക്കൂർ സമയം നിങ്ങളിലൊരാൾ 40 വർഷം കർമങ്ങൾ ചെയ്യുന്നതിനെക്കാൾ ഉത്തമമാണ്.'

അതുല്യരായ ആ അനുചരന്മാരെ കുറിച്ച് ക്വുർആനിൽ വന്ന അഞ്ചു വചനങ്ങളെ പരിചയപ്പെടാം.

1. ഇസ്‌ലാമിനുവേണ്ടി ജീവാർപ്പണം ചെയ്യുവാൻ പ്രതിജ്ഞയെടുത്ത സ്വഹാബികളെ പ്രശംസിച്ചുകൊണ്ടും അവർക്കു ലഭിക്കുന്ന നേട്ടങ്ങളെ വിവരിച്ചുകൊണ്ടും അല്ലാഹു പറയുന്നു:



"ചരിത്രപ്രസിദ്ധമായ ബൈഅത്തു രിദ്‌വാനിൽ പങ്കെടുത്ത സ്വഹാബിമാരെ കുറിച്ച് അല്ലാഹു പറഞ്ഞത് 'അല്ലാഹു അവരെപ്പറ്റി തൃപ്തിപ്പെട്ടിരിക്കുന്നു' എന്നാണ്. ആയിരത്തി നാനൂറോളം പേർ വരുന്ന ആ സംഘത്തിന് അല്ലാഹു നൽകിയ പ്രശംസയുടെ പ്രത്യക്ഷമായ തെളിവാണ് ഇത്. ശുദ്ധഹൃദയരായ അവരെ അല്ലാഹു തൃപ്തിപ്പെട്ടിരിക്കുന്നു എന്ന സാക്ഷ്യപത്രം ക്വുർആനിൽ വേറെയും സ്ഥലങ്ങളിൽ കാണുവാൻ സാധിക്കും. അല്ലാഹുവിന് പൂർണ തൃപ്തിയുള്ളവരെ തൃപ്തിയോടെ ഉൾക്കൊള്ളുന്നവനും സ്വീകരിക്കുന്നവനുമാണ് യഥാർഥ വിശ്വാസി"

"ആ മരത്തിന്റെ ചുവട്ടിൽവെച്ച് സത്യവിശ്വാസികൾ നിന്നോട് പ്രതിജ്ഞ ചെയ്തിരുന്ന സന്ദർഭത്തിൽ തീർച്ചയായും അല്ലാഹു അവരെപ്പറ്റി തൃപ്തിപ്പെട്ടിരിക്കുന്നു. അവരുടെ ഹൃദയങ്ങളിലുള്ളത് അവൻ അറിയുകയും അങ്ങനെ അവർക്ക് മനസ്സമാധാനം ഇറക്കികൊടുക്കുകയും ആസന്നമായ വിജയം അവർക്ക് പ്രതിഫലമായി നൽകുകയും ചെയ്തു" (48:18).

ചരിത്രപ്രസിദ്ധമായ ബൈഅത്തു രിദ്‌വാനിൽ പങ്കെടുത്ത സ്വഹാബിമാരെ കുറിച്ച് അല്ലാഹു പറഞ്ഞ വാചകങ്ങളാണിത്. ആയിരത്തി നാനൂറോളം പേർ വരുന്ന ആ സംഘത്തിന് അല്ലാഹു നൽകിയ പ്രശംസയുടെ പ്രത്യക്ഷമായ തെളിവാണ് ഇത്. ശുദ്ധഹൃദയരായ അവരെ അല്ലാഹു തൃപ്തിപ്പെട്ടിരിക്കുന്നു എന്ന സാക്ഷ്യപത്രം ക്വുർആനിൽ വേറെയും സ്ഥലങ്ങളിൽ കാണുവാൻ സാധിക്കും. അല്ലാഹുവിന് പൂർണ തൃപ്തിയുള്ളവരെ തൃപ്തിയോടെ ഉൾക്കൊള്ളുന്നവനും സ്വീകരിക്കുന്നവനുമാണ് യഥാർഥ വിശ്വാസി എന്നത് പ്രത്യേകം സൂചിപ്പിക്കേണ്ടതില്ലല്ലോ.

2. "മുഹമ്മദ് അല്ലാഹുവിന്റെ റസൂലാകുന്നു. അദ്ദേഹത്തോടൊപ്പമുള്ളവർ സത്യനിഷേധികളുടെ നേരെ കർക്കശമായി വർത്തിക്കുന്നവരാകുന്നു. അവർ അന്യോന്യം ദയാലുക്കളുമാകുന്നു. അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹവും പ്രീതിയും തേടിക്കൊണ്ട് അവർ കുമ്പിട്ടും സാഷ്ടാംഗം ചെയ്തും നമസ്കരിക്കുന്നതായി നിനക്ക് കാണാം. സുജൂദിന്റെ ഫലമായി അവരുടെ അടയാളം അവരുടെ മുഖങ്ങളിലുണ്ട്. അതാണ് തൗറാത്തിൽ അവരെ പറ്റിയുള്ള ഉപമ. ഇൻജീലിൽ അവരെ പറ്റിയുള്ള ഉപമ ഇങ്ങനെയാകുന്നു: ഒരു വിള, അത് അതിന്റെ കൂമ്പ് പുറത്തുകാണിച്ചു. എന്നിട്ടതിനെ പുഷ്ടിപ്പെടുത്തി. എന്നിട്ടത് കരുത്താർജിച്ചു. അങ്ങനെ അത് കർഷകർക്ക് കൗതുകം തോന്നിച്ചുകൊണ്ട് അതിന്റെ കാണ്ഡത്തിൻമേൽ നിവർന്നുനിന്നു. (സത്യവിശ്വാസികളെ ഇങ്ങനെവളർത്തിക്കൊണ്ട് വരുന്നത്) അവർമൂലം സത്യനിഷേധികളെ അരിശം പിടിപ്പിക്കാൻവേണ്ടിയാകുന്നു. അവരിൽനിന്ന് വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്ക് അല്ലാഹു പാപമോചനവും മഹത്തായ പ്രതിഫലവും വാഗ്ദാനം ചെയ്തിരിക്കുന്നു" (ക്വുർആൻ 48:29).

പൂർവവേദങ്ങളിൽ പോലും വാഴ്ത്തപ്പെട്ടവരാണ് സ്വഹാബിമാർ എന്ന് അല്ലാഹു ഇവിടെ സൂചിപ്പിക്കുന്നു. ഭൂരിപക്ഷം പണ്ഡിതന്മാരുടെയും അടുക്കൽ ഇത് മുഴുവൻ സഹാബികൾക്കുള്ള വർണനയാണ് എന്ന് ഇമാം ഇബ്നുൽ ജൗസി (റഹി) പറഞ്ഞിട്ടുണ്ട്.

3. "മുഹാജിറുകളിൽനിന്നും അൻസ്വാറുകളിൽനിന്നും ആദ്യമായി മുന്നോട്ട് വന്നവരും, സുകൃതം ചെയ്തുകൊണ്ട് അവരെ പിന്തുടർന്നവരും ആരോ അവരെപ്പറ്റി അല്ലാഹു സംതൃപ്തനായിരിക്കുന്നു. അ



വനെപ്പറ്റി അവരും സംതൃപ്തരായിരിക്കുന്നു. താഴ്ഭാഗത്ത് അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗത്തോപ്പുകൾ അവർക്ക് അവൻ ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. എന്നെന്നും അവരതിൽ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ ഭാഗ്യം" (9:100).

ആ സ്വഹാബത്തിനെ ഇഹ്സാനോടുകൂടി പിൻപറ്റലാണ് അവർ നേടിയെടുത്ത അല്ലാഹുവിന്റെ തൃപ്തി നമുക്കും നേടിയെടുക്കുവാനുള്ള മാർഗമെന്ന് ചുരുക്കം.

4. "...നിങ്ങളുടെ കൂട്ടത്തിൽനിന്നു (മക്കാ)വിജയത്തിനു മുമ്പുള്ള കാലത്ത് ചെലവഴിക്കുകയും യുദ്ധത്തിൽ പങ്കെടുക്കുകയും ചെയ്തവരും (അല്ലാത്തവരും) സമമാകുകയില്ല. അക്കൂട്ടർ പിന്നീടു ചെലവഴിക്കുകയും യുദ്ധത്തിൽ പങ്കുവഹിക്കുകയും ചെയ്തവരെക്കാൾ മഹത്തായ പദവിയുള്ളവരാകുന്നു. എല്ലാവർക്കും ഏറ്റവും നല്ല പ്രതിഫലം അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മജ്ഞാനമുള്ളവനാണ് അല്ലാഹു" (57:10).

ഈ വചനത്തിലെ 'ഏറ്റവും നല്ല പ്രതിഫലം' എന്നത് സ്വർഗമാണ് എന്നാണ് ഭൂരിഭാഗം പണ്ഡിതന്മാരും അഭിപ്രായപ്പെട്ടിട്ടുള്ളത്. മുഴുവൻ സ്വഹാബിമാരും സ്വർഗാവകാശികളാണ് എന്നതിന് തെളിവാണ് ഈ വചനം എന്ന് ഇമാം ഇബ്നു ഹസം(റഹി) പറഞ്ഞിരിക്കുന്നു.

5. "തീർച്ചയായും പ്രവാചകന്റെയും, ഞെരുക്കത്തിന്റെ ഘട്ടത്തിൽ അദ്ദേഹത്തെ പിന്തുടർന്നവരായ മുഹാജിറുകളുടെയും അൻസ്വാറുകളുടെയും നേരെ അല്ലാഹു കനിഞ്ഞ് മടങ്ങിയിരിക്കുന്നു-അവരിൽനിന്ന് ഒരു വിഭാഗത്തിന്റെ ഹൃദയങ്ങൾ തെറ്റിപ്പോകുമാറായതിനു ശേഷം. എന്നിട്ട് അല്ലാഹു അവരുടെ നേരെ കനിഞ്ഞുമടങ്ങി. തീർച്ചയായും അവൻ അവരോട് ഏറെ കൃപയുള്ളവനുംകരുണാനിധിയുമാകുന്നു"(9:117).

അല്ലാഹു മുഴുവൻ സ്വഹാബിമാരുടെയും പശ്ചാത്താപം (തൗബ) സ്വീകരിച്ചിരിക്കുന്നു എന്ന് ഈ വചനത്തിലൂടെ നമുക്കു മനസ്സിലാക്കാം. തബൂക്ക് യുദ്ധത്തിൽ പ്രവാചകന്റെകൂടെ യുദ്ധത്തിൽ പങ്കെടുത്തവരെക്കുറിച്ചാണ് അല്ലാഹു ഈ വചനത്തിൽ പറയുന്നത്. അല്ലാഹു ഒഴിവുകഴിവ് നൽകിയ സ്ത്രീകളും ദുർബലരും ഒഴിച്ച് സഹാബികളിൽ അന്ന് നിലവിലുണ്ടായിരുന്ന മുഴുവനാളുകളും ആ യുദ്ധത്തിൽ പങ്കെടുക്കുകയുണ്ടായി. യുദ്ധത്തിന് പോകാതെ മാറിനിന്നവരുടെ തൗബ അല്ലാഹു പിന്നീട് സ്വീകരിച്ചു എന്ന വിഷയത്തിൽ പ്രത്യേകം വചനങ്ങളും അവതരിച്ചിട്ടുണ്ട്.

ഇത്തരത്തിൽ ഒട്ടേറെ പ്രത്യേകതകൾ ആ ശ്രേഷ്ഠരെക്കുറിച്ച് ക്വുർആനിൽ നമുക്ക് കാണുവാൻ സാധിക്കും.

പ്രവാചകൻﷺ പറഞ്ഞു: "നിങ്ങൾ എന്റെ അനുചരന്മാരെ ചീത്തപറയരുത്. എന്റെ ജീവൻ ആരുടെ കയ്യിലാണോ അവനെക്കൊണ്ട് സത്യം, നിങ്ങളിൽ ആരെങ്കിലും ഉഹ്ദ് മലയോളംവരുന്ന സ്വർണം ചെലവഴിച്ചാലും അവരുടെ ഒരു മുദ്ദിനോ (രണ്ടു കൈകളും കൂട്ടി വാരുന്ന അത്ര അളവ്) അല്ലെങ്കിൽ അതിന്റെ പകുതിക്കോ എത്തുകയില്ല" (ബുഖാരി, മുസ്‌ലിം).

സ്വഹാബത്തിന്റെ ശ്രേഷ്ഠതകൾക്ക് പ്രത്യക്ഷമായ തെളിവുകൾ ക്വുർആനിൽ തന്നെ ധാരാളം ഉണ്ടായിട്ടും അതൊന്നും അംഗീകരിക്കാത്ത ചിലരെ നാം കാണുന്നു. വിമർശനങ്ങൾക്ക് അതീതരായവരാണ് പ്രവാചകന്റെ പ്രഥമ ശിഷ്യന്മാർ. മതത്തെ പ്രവൃത്തിപഥത്തിൽ പുലർത്തേണ്ട രീതിശാസ്ത്രം വെളിവായത് അവരിലൂടെയാണ്. അവർക്കുവേണ്ടി പ്രാർഥിക്കലും പാപമോചനം തേടലും വിശ്വാസികളുടെ ബാധ്യതയാണ്.

അബ്ദുൽ ജബ്ബാർ മദീനി
abduljabbaricc@gmail.com

ലേഖനം




# തമാശയും സഹായവും

**അ**നിഷ്ടങ്ങളും പരിഹാസങ്ങളും കലരുകയോ സമ്മാനിക്കുകയോ ചെയ്യാത്ത വിധമുള്ള തമാശകളും നർമങ്ങളും മറ്റുള്ളവരെ വശീകരിക്കുകയും അവരുടെ ഇഷ്ടം നേടിത്തരികയും ചെയ്യും. തമാശകൾ ഒരിക്കലും കൂടുതലാവരുത്. അപ്രകാരം അന്യരുടെ മനസ്സിൽ മുറിവുകൾ വീഴ്ത്തുന്നതും സത്യത്തെ തമസ്‌കരിക്കുന്നതും അസത്യം സ്ഥാപിക്കുന്നതും ആവരുത്. അഭിസംബോധന ചെയ്യുന്നവന്റെ മനസ്സിനെ സന്തോഷിപ്പിക്കുന്നതാവണം തമാശ.

അബൂഹുറയ്‌റ(റ)യിൽനിന്ന് നിവേദനം; സ്വഹാബികൾ ഒരിക്കൽ ചോദിച്ചു: "അല്ലാഹുവിന്റെ തിരുദൂതരേ, നിങ്ങൾ ഞങ്ങളോട് തമാശ പറയുന്നുവല്ലോ!" തിരുമേനിﷺ പറഞ്ഞു: "ഞാൻ സത്യമേ പറയൂ"(സുനനുത്തുർമുദി, അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

ഇബ്നുഉമറി(റ)ൽനിന്ന് നിവേദനം; തിരുദൂതർ(ﷺ) പറഞ്ഞു:"നിശ്ചയം, ഞാൻ തമാശ പറയും. ഞാൻ സത്യമേ പറയൂ" (മുഅ്ജമുത്ത്വബ്റാനി, അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

ഇമാം സുഫ്യാൻ ഇബ്നു ഉയയ്നയോട് പറയപ്പെട്ടു: "തമാശ സുബ്ബത്ത് (ആക്ഷേപം) ആണ്." അദ്ദേഹം പ്രതികരിച്ചു: "അല്ല, തമാശ സുന്നത്താണ്; അത് നന്നായി അവതരിപ്പിക്കുന്നവർക്ക്. ജനങ്ങൾ തിരുനബി(ﷺ)യെ അനുധാവനം ചെയ്യുവാനും തിരുചര്യ പിൻപറ്റുവാനും കൽപിക്കപെട്ടവരായതിനാലാണ് അവിടുന്ന് തമാശ പറഞ്ഞിരുന്നത്. അഥവാ ജനങ്ങൾ തമാശ പറയുവാനാണ് തിരുനബി തമാശ പറഞ്ഞത്" (ഫയ്ദ്വുൽഖദീർ, മനാവി).

എപ്പോഴും തമാശ ആയിക്കൂടാ. അധികരിച്ചുള്ള തമാശകൾ മനസ്സിനെ കടുപ്പിക്കുകയും മനുഷ്യത്വം നശിപ്പിക്കുകയും മാന്യത നഷ്ടപ്പെടുത്തുകയും ചെയ്യും. മനസ്സ് ലോലമാവുകയും ഉൽബോധനങ്ങൾ ഉൾക്കൊള്ളുവാൻ പര്യാപ്തമാവുകയുമാണ് വേണ്ടത്. തമാശ പറഞ്ഞ് ചിരിക്കുന്ന ഒരു വിഭാഗത്തിനരികിലൂടെ തിരുനബി(ﷺ) നടന്നപ്പോൾ അവിടുന്ന് അവരോട് പറഞ്ഞു: "നിങ്ങൾ ആസ്വാദനങ്ങളെ തകർക്കുന്ന മരണത്തെ സ്മരിക്കുന്നത് വർധിപ്പിക്കുക. കാരണം, ജീവിതത്തിന്റെ ഞെരുക്കത്തിൽ വല്ലവനും മരണത്തെ ഓർത്താൽ അത് ജീവിതത്തെ അവനു വിശാലമാക്കും. ജീവിതത്തിന്റെ വിശാലതയിൽ വല്ലവനും മരണത്തെ ഓർത്താൽ അത് അവന് ജീവിതത്തെ കുടുസ്സുമാക്കും"(അൽബസ്സാർ. അൽബാനി ഹസനെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്).

കേവലം ആളുകളെ ചിരിപ്പിക്കുക എന്ന ലക്ഷ്യത്തിനു മാത്രം വ്യാജ വർത്തമാനങ്ങൾ പടക്കുന്നവർ മുന്നറിയിപ്പുകൾ സൂക്ഷിക്കേണ്ടതുണ്ട്. ഒരിക്കൽ തിരുനബി(ﷺ) പറഞ്ഞു: "സംസാരിക്കുകയും ജനങ്ങളെ ചിരിപ്പിക്കുവാൻ വേണ്ടി കളവുപറയുകയും ചെയ്യുന്നവന് നാശം. അവനാകുന്നു നാശം. അവനാകുന്നു നാശം" (സുനനു അബീദാവൂദ്. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

അബൂ ഉമാമ(റ)യിൽനിന്ന് നിവേദനം; തിരുദൂതർ(ﷺ) പറഞ്ഞു: "തർക്കം ഉപേക്ഷിക്കുന്നവന് സ്വർഗത്തിന് ചുറ്റിലായി ഒരു വീടിന് ഞാൻ ജാമ്യം നിൽക്കുന്നു; താൻ പറയുന്നത് സത്യമാണെങ്കിലും ശരി. കളവ് ഉപേക്ഷിക്കുന്നവന് സ്വർഗത്തിന്റെ നടുവിൽ ഒരു വീടിന് ഞാൻ ജാമ്യം നിൽക്കുന്നു; താൻ പറയുന്നത് തമാശക്കാണെങ്കിലും ശരി" (സുനനു അബീദാവൂദ്. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

തിരുദൂതർ(ﷺ) തമാശ കാണിച്ച ചില രംഗങ്ങൾ ഇവിടെ നൽകാം. അനസി(റ)ൽ നിന്ന് നിവേദനം: "ഗ്രാമീണരിൽ പെട്ട ഒരു വ്യക്തി; അദ്ദേഹത്തിന്റെ പേര് സാഹിർ എന്നായിരുന്നു. ഗ്രാമത്തിൽനിന്നുള്ള സമ്മാനങ്ങൾ അദ്ദേഹം തിരുമേനിക്ക് സമ്മാനിക്കാറുണ്ടായിരുന്നു. അദ്ദേഹം ഗ്രാമത്തിലേക്ക് പുറപ്പെടുവാനുദ്ദേശിക്കുമ്പോൾ മദീനഃയിലെ വിഭവങ്ങൾ തയ്യാറാക്കി നൽകാറുണ്ടായിരുന്നു. തിരുനബി പറയും: 'സാഹിർ, നമുക്ക് ഗ്രാമീണതയിലെ വിഭവങ്ങൾ എത്തിക്കുന്നു. നാം അദ്ദേഹത്തിനു നാട്ടിലെ വിഭവങ്ങളും ഒരുക്കുന്നു.' തിരുനബി(ﷺ) അദ്ദേഹത്തെ ഇഷ്ടപെട്ടിരുന്നു. അദ്ദേഹമാകട്ടെ വിരൂപനായ ഒരു വ്യക്തിയായിരുന്നു. ഒരുദിവസം സാഹിർ തന്റെ ചരക്കുകൾ വിറ്റുകൊണ്ടിരിക്കെ തിരുനബി അദ്ദേഹത്തിനരികിൽചെന്നു. അദ്ദേഹം കാണാത്ത വിധം തിരുമേനി പിന്നിൽനിന്ന് അദ്ദേഹത്തെ അരക്കെട്ടിൽ അണച്ചുപിടിച്ചു. സാഹിർ പറഞ്ഞു: 'ആരാണിത്? എന്നെ വിടൂ.' അദ്ദേഹം തിരിഞ്ഞ് നോക്കിയപ്പോൾ നബി(ﷺ)യെ തിരിച്ചറിഞ്ഞു. തിരച്ചറിഞ്ഞ വേളയിൽ തിരുമേനിയുടെ മാറിടം തന്റെ മുതുകിൽ അമർന്നഭാഗം അദ്ദേഹം കൂടുതൽ ചേർത്തുപിടിക്കുവാൻ തുടങ്ങി. തിരുമേനി പറഞ്ഞു: 'ആരാണ് ഈ അടിമയെ വാങ്ങിക്കുക?' അദ്ദേഹം പറഞ്ഞു: എങ്കിൽ അല്ലാഹുവാണേ, തിരുദൂതരേ വില കുറഞ്ഞ ചരക്കായേ താങ്കൾ എന്നെ കണ്ടെത്തുകയുള്ളൂ. അപ്പോൾ തിരുമേനി(ﷺ) പറഞ്ഞു: 'അല്ല, താങ്കൾ അല്ലാഹുവിങ്കൽ വിലകുറഞ്ഞ ചരക്ക

> **അനിഷ്ടങ്ങളും പരിഹാസങ്ങളും കലരുകയോ സമ്മാനിക്കുകയോ ചെയ്യാത്ത വിധമുള്ള തമാശകളും നർമങ്ങളും മറ്റുള്ളവരെ വശീകരിക്കുകയും അവരുടെ ഇഷ്ടം നേടിത്തരികയും ചെയ്യും. തമാശകൾ ഒരിക്കലും കൂടുതലാവരുത്. അപ്രകാരം അന്യരുടെ മനസ്സിൽ മുറിവുകൾ വീഴ്ത്തുന്നതും സത്യത്തെ തമസ്കരിക്കുന്നതും അസത്യം സ്ഥാപിക്കുന്നതും ആവരുത്. അഭിസംബോധന ചെയ്യുന്നവന്റെ മനസ്സിനെ സന്തോഷിപ്പിക്കുന്നതാവണം തമാശ.**

ല്ല.' അല്ലെങ്കിൽ തിരുമേനി പറഞ്ഞു: 'താങ്കൾ അല്ലാഹുവിങ്കൽ വിലകൂടിയ വിഭവമാകുന്നു" (മുസ്നദു അഹ്മദ്. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

അനസി ﷺൽനിന്ന് നിവേദനം: "ഒരു വ്യക്തി തിരുദൂതരോട് തന്നെ ഒരു ഒട്ടകപ്പുറത്ത് വഹിക്കണമെന്ന് ആവശ്യപ്പെട്ടു. തിരുമേനിﷺ പറഞ്ഞു: 'ഞാൻ താങ്കളെ ഒരു പെണ്ണൊട്ടകക്കുട്ടിയുടെ പുറത്ത് വഹിക്കാം.' അയാൾ പറഞ്ഞു: 'തിരുദൂതരേ, ഒട്ടകക്കുട്ടിയെ കൊണ്ട് ഞാൻ എന്തു ചെയ്യാനാണ്?' നബിﷺ പറഞ്ഞു: 'ഒട്ടകങ്ങളെ പെണ്ണൊട്ടകങ്ങളല്ലാതെ പ്രസവിക്കുമോ?"(സുനനു അബീദാവൂദ്. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

ആഇശ ﷺയിൽനിന്ന് നിവേദനം: "ബനൂആമിർ ഗോത്രത്തിൽ പെട്ട ഒരു വൃദ്ധ എന്റെ അടുക്കൽ ഉണ്ടായിരിക്കെ അല്ലാഹുവിന്റെ തിരുദൂതർ എന്റെ അടുക്കലേക്ക് കടന്നുവന്നു. തിരുമേനിﷺ ചോദിച്ചു: 'ആരാണ് ഈ വൃദ്ധ സ്ത്രീ?' ഞാൻ പറഞ്ഞു: 'എന്റെ മാതൃസഹോദരിയാണ്.' അവർ പറഞ്ഞു: 'അല്ലാഹുവിന്റെ തിരുദൂതരേ, എന്നെ സ്വർഗത്തിൽ പ്രവേശിപ്പിക്കുവാൻ താങ്കൾ അല്ലാഹുവോട് പ്രാർഥിച്ചാലും.' തിരുമേനി പ്രതികരിച്ചു: 'മഹതീ, നിശ്ചയം ഒരു വൃദ്ധയും സ്വർഗത്തിൽ പ്രവേശിക്കുകയില്ല.' അതോടെ അവർ കരഞ്ഞുകൊണ്ട് തിരിച്ചുപോയി. ഉടൻ തിരുമേനി പറഞ്ഞു: 'അവർ വൃദ്ധയായിക്കൊണ്ട് സ്വർഗത്തിൽ പ്രവേശിക്കുകയില്ല എന്ന് അവരോട് പറയുക. കാരണം അല്ലാഹു പറയുന്നു: തീർച്ചയായും അവരെ (സ്വർഗസ്ത്രീകളെ) നാം ഒരു പ്രത്യേക പ്രകൃതിയോടെ സൃഷ്ടിച്ചുണ്ടാക്കിയിരിക്കുകയാണ്. അങ്ങനെ അവരെ നാം കന്യകമാരും സ്നേഹവതികളും സമപ്രായക്കാരും ആക്കിയിരിക്കുന്നു" (ക്വുർആൻ 56:35-37) (അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

> അനസിﷺൽനിന്ന് നിവേദനം. തിരുദൂതർﷺ പറഞ്ഞു: "നിന്റെ സഹോദരനെ അവൻ അക്രമിയായാലും അക്രമിക്കപ്പെട്ടവനായാലും നീ സഹായിക്കുക." അപ്പോൾ ഒരാൾ ചോദിച്ചു: "തിരുദൂതരേ, അക്രമിക്കപ്പെട്ടവനാണെങ്കിൽ എനിക്കവനെ സഹായിക്കാം. അവൻ അക്രമിയാണെങ്കിൽ ഞാൻ എങ്ങനെ അവനെ സഹായിക്കും?" "നീ അവനെ അക്രമത്തിൽനിന്ന് തടയണം. നിശ്ചയം അതാണ് അവനുള്ള സഹായം" (ബുഖാരി)

**സഹായം**

സഹോദരന്റെ പ്രയാസങ്ങൾ പരിഹരിക്കുന്ന മാർഗേണ സഹായഹസ്തം നീട്ടുവാനുള്ള ത്വര ഏറെ ശ്ലാഘനീയമാണ്. മതപരമായ ശാസനകളും പ്രോത്സാഹനങ്ങളും സഹായസഹകരണങ്ങളുടെ വിഷയത്തിൽ ഏറെയാണ്. അല്ലാഹു പറഞ്ഞു:

"ഇനി മതകാര്യത്തിൽ അവർ നിങ്ങളുടെ സഹായം തേടുകയാണെങ്കിൽ സഹായിക്കാൻ നിങ്ങൾക്ക് ബാധ്യതയുണ്ട്. എന്നാൽ നിങ്ങളുമായി കരാറിലേർപ്പെട്ടു കഴിയുന്ന ജനതക്കെതിരായി (നിങ്ങളവരെ സഹായിക്കുവാൻ) പാടുള്ളതല്ല" (ക്വുർആൻ 8:72).

"...പുണ്യത്തിലും ധർമനിഷ്ഠയിലും നിങ്ങൾ അന്യോന്യം സഹായിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങൾ അന്യോന്യം സഹായിക്കരുത്" (ക്വുർആൻ 5:2).

അബ്ദുല്ലാഹ് ഇബ്നുഉമറിﷺൽനിന്ന് നിവേദനം. തിരുദൂതർﷺ പറഞ്ഞു: "ജനങ്ങളിൽ അല്ലാഹുവിലേക്ക് ഏറ്റവും ഇഷ്ടപ്പെട്ടവർ ജനങ്ങൾക്ക് ഏറ്റവും ഉപകാരമുള്ളവരാണ്. പ്രവൃത്തികളിൽ അല്ലാഹുവിലേക്ക് ഏറ്റവും ഇഷ്ടപ്പെട്ടത്, ഒരു മുസ്ലിമിന്റെ മനസ്സിലേക്ക് പ്രവേശിപ്പിക്കുന്ന സന്തോഷമാണ്. അല്ലെങ്കിൽ അവനിൽനിന്ന് ഒരുപ്രയാസം നീക്കുകയോ, അവന്റെ കടം വീട്ടിക്കൊടുക്കുകയോ, അവന്റെ വിശപ്പ് ശമിപ്പിക്കുകയോ ചെയ്യലാണ്. ഒരു സഹോദരനോടൊപ്പം ഒരു ആവശ്യം വീട്ടുന്നതുവരെ ഞാൻ അതിനുവേണ്ടി നടക്കലാണ് എനിക്ക് ഈ പള്ളി(മസ്ജിദുന്നബവി)യിൽ ഒരു മാസം ഇഅ്തികാഫ് ഇരിക്കുന്നതിനെക്കാൾ ഏറെ ഇഷ്ടകരം... ഒരാൾ തന്റെ മുസ്ലിമായ സഹോദരനോടൊപ്പം അദ്ദേഹത്തിന്റെ ഒരാവശ്യം നിർവഹിച്ചുകൊടുക്കുന്നതുവരെ നടന്നുപോവുകയാണ്, എങ്കിൽ അയാളുടെ കാൽപാദങ്ങളെ അല്ലാഹു, കാലുകൾ പതറുന്ന നാളിൽ(അന്ത്യനാളിൽ) ഉറപ്പിച്ചുനിർത്തും"(ത്വബ്റാനി, അൽബാനി ഹദീഥിനെ ഹസനെന്ന് വിശേഷിപ്പിച്ചു).

അനസിﷺൽനിന്ന് നിവേദനം. തിരുദൂതർﷺ പറഞ്ഞു: "നിന്റെ സഹോദരനെ അവൻ അക്രമിയായാലും അക്രമിക്കപ്പെട്ടവനായാലും നീ സഹായി



ക്കുക.” അപ്പോൾ ഒരാൾ ചോദിച്ചു: “തിരുദൂതരേ, അക്രമിക്കപ്പെട്ടവനാണെങ്കിൽ എനിക്കവനെ സഹായിക്കാം. അവൻ അക്രമിയാണെങ്കിൽ ഞാൻ എങ്ങനെ അവനെ സഹായിക്കും?” “നീ അവനെ അക്രമത്തിൽനിന്ന് തടയണം. നിശ്ചയം അതാണ് അവനുള്ള സഹായം” (ബുഖാരി).

ജാബിറിؓൽനിന്നുള്ള മറ്റൊരു ഹദീഥിൽ ഇപ്രകാരമാണുള്ളത്: “അക്രമിയായാലും അക്രമിക്കപ്പെട്ടവനായാലും ഒരാൾ തന്റെ സഹോദരനെ സഹായിക്കട്ടെ.” അപ്പോൾ ഒരാൾ ചോദിച്ചു: “സഹോദരൻ അക്രമിക്കപ്പെട്ടവനാണെങ്കിൽ അവനെ സഹായിക്കണം. അവൻ അക്രമിയാണെങ്കിൽ അവനെ അക്രമത്തിൽനിന്ന് തടയണം”(ബുഖാരി).

ബർറാഅ് ഇബ്നുആസിബിؓൽനിന്ന് നിവേദനം: “രോഗസന്ദർശനം, ജനാസയെ അനുഗമിക്കൽ, തുമ്മിയവനെ തശ്മീത്ത് ചെയ്യൽ, ദുർബലനെ സഹായിക്കൽ, മർദിതനെ തുണക്കൽ, സലാം വ്യാപിപ്പിക്കൽ, സത്യം ചെയ്തത് നിറവേറ്റൽ എന്നീ ഏഴു കാര്യങ്ങൾകൊണ്ട് തിരുദൂതൻ ഞങ്ങളോടു കൽപിച്ചു” (ബുഖാരി).

അന്യരെ സഹായിക്കുന്നതിന്റെ മഹത്ത്വമറിയിക്കുന്ന തിരുമൊഴികൾ ധാരാളമാണ്. തിരുദൂതൻﷺ പറഞ്ഞു: “അല്ലാഹു ഒരു അടിമയുടെ സഹായിയാണ്; അയാൾ തന്റെ സഹോദരനെ സഹായിക്കുന്ന കാലത്തോളം...” (മുസ്‌ലിം).

“ഒരാൾ സ്വസഹോദരനെ അവന്റെ അസാന്നിധ്യത്തിൽ സഹായിച്ചാൽ അല്ലാഹു അവനെ ഇഹത്തിലും പരത്തിലും സഹായിക്കും.” സഹായിക്കും”(സുനനുൽബയ്ഹകി. അൽബാനി ഹസനെന്ന് വിശേഷിപ്പിച്ചു).

തിരുനബിﷺയുടെ സവിശേഷ സ്വഭാവമായിരുന്നു അഗതികളെയും അശരണരെയും സഹായിക്കൽ. വഹ്‌യു ലഭിച്ച ആദ്യനാളിൽ ഭയന്നും പനിപിടിച്ചും ഭാര്യ ഖദീജؓയുടെ അടുക്കലെത്തിയ തിരുനബിﷺയെ സമാശ്വസിപ്പിച്ച് അവർ പറഞ്ഞു:

“ഒരിക്കലും ഭയപ്പെടേണ്ട. താങ്കൾ സന്തോഷിക്കുക. അല്ലാഹുവാണേ, അല്ലാഹു താങ്കളെ ഒരിക്കലും അപമാനിക്കുകയില്ല. താങ്കൾ കുടുംബ ബന്ധം ചാർത്തുന്നു. വർത്തമാനത്തിൽ സത്യസന്ധത പുലർത്തുന്നു. ഭാരം പേറുന്നവന്റെ ഭാരം താങ്ങുന്നു. ധനം നിഷേധിക്കപ്പെട്ടവന് നേടിക്കൊടുക്കുന്നു. അഥിതിയെ സൽകരിക്കുന്നു. ആപത്തുകളിൽ സഹായം നൽകുകയും ചെയ്യുന്നു”(ബുഖാരി).

ക്വിബ്ത്വികളുടെ മർദനങ്ങളിലും പരിഹാസങ്ങളിലും പൊറുതിമുട്ടുന്നവരായിരുന്നു ഇസ്‌റാഈല്യർ ഈജിപ്തിൽ. അന്നാളുകളിൽ മൂസാനബിؑയോട് സഹായമഭ്യർഥിക്കുകയും അദ്ദേഹം സഹായിക്കുവാനൊരുങ്ങുകയും ചെയ്ത ഇസ്‌റാഈല്യരുടെ കഥ വിശുദ്ധ ക്വുർആൻ വിവരിക്കുന്നുണ്ട്:

“അങ്ങനെ അദ്ദേഹം(മൂസാ) ശക്തി പ്രാപിക്കുകയും, പാകത എത്തുകയും ചെയ്തപ്പോൾ അദ്ദേഹത്തിന് നാം വിവേകവും വിജ്ഞാനവും നൽകി. അപ്രകാരമാണ് സദ്‌വൃത്തർക്ക് നാം പ്രതിഫലം നൽകുന്നത്. പട്ടണവാസികൾ അശ്രദ്ധരായിരുന്ന സമയത്ത് മൂസാ അവിടെ കടന്നുചെന്നു. അപ്പോൾ അവിടെ രണ്ടു പുരുഷന്മാർ പരസ്പരം പൊരുതുന്നതായി അദ്ദേഹം കണ്ടു. ഒരാൾ തന്റെ കക്ഷിയിൽ പെട്ടവൻ. മറ്റൊരാൾ തന്റെ ശത്രുവിഭാഗത്തിൽ പെട്ടവനും. അപ്പോൾ തന്റെ കക്ഷിയിൽ പെട്ടവൻ തന്റെ ശത്രുവിഭാഗത്തിൽ പെട്ടവനെതിരിൽ അദ്ദേഹത്തോട് സഹായം തേടി. അപ്പോൾ മൂസാ അവനെ മുഷ്ടി ചുരുട്ടി ഇടിച്ചു. അതവന്റെ കഥ കഴിച്ചു. മൂസാ പറഞ്ഞു: ഇത് പിശാചിന്റെ പ്രവർത്തനത്തിൽ പെട്ടതാകുന്നു. അവൻ വ്യക്തമായും വഴിപിഴപ്പിക്കുന്ന ശത്രു തന്നെയാകുന്നു” (ക്വുർആൻ 28:14,15)

ഡോ.സബീൽ പട്ടാമ്പി
drsabeel555@gmail.com

ലേഖനം



# ശാസ്ത്രം വളർന്നപ്പോൾ ദൈവം തളർന്നോ?

യുക്തിവാദ, നിരീശ്വരവാദ പ്രസ്ഥാനക്കാർ മതങ്ങളെ വിമർശിക്കാൻ കൊണ്ടുനടക്കുന്ന ഒന്നാമത്തെ ആയുധമാണ് ശാസ്ത്രം. സർ ഐസക് ന്യൂട്ടന്റെ കാലത്ത് (18ാം നൂറ്റാണ്ട്) ശാസ്ത്രത്തിനുണ്ടായ കുതിച്ചുചാട്ടത്തിനു ശേഷം അക്കാലത്ത് പ്രചരിപ്പിക്കപ്പെട്ട പ്രധാനപ്പെട്ട ഒരു ചിന്ത ഇനിയങ്ങോട്ട് ശാസ്ത്രത്തിന്റെ കാലമാണ് എന്നും ശാസ്ത്രം വളരുന്നതോടെ ദൈവവിശ്വാസം തെറ്റാണെന്ന് തെളിയുകയും മതങ്ങളൊക്കെ മണ്ണടിഞ്ഞുപോവുകയും ശാസ്ത്രം അവയെ കീഴടക്കുകയും ചെയ്യുമെന്നുമായിരുന്നു. ചരിത്രത്തിൽ ഈ പ്രചാരണ കാലഘട്ടം അറിയപ്പെടുന്നത് പോലും 'നവോത്ഥാനകാലഘട്ടം' (Renaissance period) എന്നാണ്. ശാസ്ത്രത്തിനു പ്രപഞ്ചരഹസ്യങ്ങൾ മുഴുവൻ വിശദീകരിക്കാനാവുമെന്നും മനുഷ്യനെ നയിക്കാൻ ഇനി ദൈവവും മതനിയമങ്ങളും ആവശ്യമില്ല എന്നും പ്രചരിപ്പിക്കപ്പെട്ടു.

ഇക്കാലത്തായിരുന്നു പ്രമുഖ യൂറോപ്യൻ ചിന്തകനായിരുന്ന നീത്ഷെ 'ദൈവം മരിച്ചുപോയി' എന്ന് പ്രഖ്യാപിച്ചത്. 'മതം മനുഷ്യനെ മയക്കുന്ന കറുപ്പാണ്' എന്ന് കാറൽ മാർക്സ് പ്രഖ്യാപിച്ചതും മനുഷ്യൻ കുരങ്ങിൽനിന്നും പരിണമിച്ചുണ്ടായതാണെന്ന സിദ്ധാന്തമുണ്ടായതും ഇക്കാലത്തുതന്നെ. മത നിഷേധത്തിനാവശ്യമായ ഈ ചേരുവകളെല്ലാം കൃത്യമായ അളവിൽ ഒരുമിച്ചുകൂടിയ ഇക്കാലം യുക്തിവാദ, നിരീശ്വരവാദ പ്രസ്ഥാനക്കാരുടെ സുവർണകാലമായിരുന്നു. യൂറോപ്യൻ ജനതക്കിടയിൽ ക്രമേണ ശാസ്ത്രത്തോടുള്ള ആരാധന കൂടുകയും ദൈവത്തിനോടുള്ള ആരാധന കുറയുകയും അവസാനം മതത്തെതന്നെ വലിച്ചെറിയുന്ന അവസ്ഥയിൽ എത്തുകയും ചെയ്തു.


പരമ്പരാഗത മതങ്ങൾ പഠിപ്പിക്കുന്നത് പോലുള്ള ദൈവവിശ്വാസങ്ങൾ ഒഴിവാക്കപ്പെടേണ്ട അന്ധവിശ്വാസങ്ങളാണെന്നും ശാസ്ത്രമാണു പുതിയകാലത്തിന്റെ മതമെന്നും ശാസ്ത്രജ്ഞന്മാർ അതിന്റെ പ്രവാചകന്മാരാണെന്നും പ്രചരിപ്പിക്കപ്പെട്ടു. ഇന്നും ഇതേപ്രചാരണം യുക്തിവാദ, നിരീശ്വരവാദക്കാർ നടത്തിക്കൊണ്ടിരിക്കുന്നു. ഇവർ പ്രചരിപ്പിക്കുന്ന ഒരു ചിന്ത ഇങ്ങനെയാണ്: 'മതവിശ്വാസികൾ ശാസ്ത്ര ബോധം ഇല്ലാത്തവരാണ്. അവരുടെ വിശ്വാസങ്ങൾക്ക് ശാസ്ത്രീയമായ അടിത്തറയില്ല. ഞങ്ങൾ നിരീശ്വര വാദക്കാർ ശാസ്ത്രത്തിലൂന്നിയാണു മുന്നോട്ടുപോകുന്നത്.'

ശാസ്ത്രകുതുകികളും അഭ്യസ്തവിദ്യരായ പലരും ഇവരുടെ പ്രചാരവേലകളിൽ ആകൃഷ്ടരായി മതംവലിച്ചെറിഞ്ഞു യുക്തിവാദ, നിരീശ്വര ചിന്തകൾ പുൽകുന്നത് ഇന്ന് നാം കാണുന്നു. മതനിഷ്ഠയിൽ വളർന്ന പല കുട്ടികളും ഉന്നതവിദ്യാഭ്യാസത്തിനു ശേഷം നിരീശ്വര ചിന്തകളിലേക്ക് തെന്നിപ്പോകുന്നത് ഇത്തരം പ്രചാരണങ്ങളുടെ കെണിയിൽ പെട്ടതുകൊണ്ടാണ്. നിരീശ്വര, യുക്തിവാദ പ്രസ്ഥാനക്കാരുടെ ഇത്തരം കുപ്രചാരണങ്ങളുടെ സത്യാവസ്ഥ പരിശോധിക്കുകയാണ് ഈ ലേഖനത്തിന്റെ മുഖ്യ ലക്ഷ്യം. 'ശാസ്ത്രം വളരുമ്പോൾ ദൈവവിശ്വാസത്തിന്റെ പ്രസക്തി ഇല്ലാതായി' എന്ന നിരീശ്വരവാദ പ്രസ്ഥാനങ്ങളുടെ പ്രചാരണങ്ങളിൽ എത്രമാത്രം സത്യമുണ്ടെന്ന് നമുക്കൊന്ന് പരിശോധിക്കാം.

### പ്രമുഖ ശാസ്ത്രജ്ഞരെല്ലാം ദൈവവിശ്വാസികൾ

നിരീശ്വര, യുക്തിവാദ പ്രസ്ഥാനക്കാരുടെ അവകാശവാദപ്രകാരം ശാസ്ത്രപഠനം ദൈവത്തെ ഇല്ലെന്ന് തെളിയിക്കുമെന്നാണല്ലോ. അങ്ങനെയായിരുന്നെങ്കിൽ 'ഏറ്റവും വലിയ ശാസ്ത്രജ്ഞന്മാരായിരുന്നു ഏറ്റവും വലിയ നിരീശ്വര വാദികളാകേണ്ടിയിരുന്നത്.' എന്നാൽ ഈ വിഷയത്തിൽ നാം ഒരു കണക്കെടുപ്പ് നടത്തുകയാണെങ്കിൽ മനസ്സിലാവുക മരണപ്പെട്ടുപോയവരും ഇന്ന് ജീവിച്ചിരിക്കുന്നവരുമായ പ്രമുഖരായ ബഹുഭൂരിഭാഗം ശാസ്ത്രജ്ഞരും ദൈവവിശ്വാസികളായിരുന്നു എന്നതാണ്. അഥവാ ഇവർ അവകാശപ്പെട്ടതുപോലെ ശാസ്ത്രവും ശാസ്ത്രപഠനവും ദൈവത്തെ നിരാകരിക്കുന്നതിലേക്കല്ല ശാസ്ത്രജ്ഞരെ കൊണ്ടെത്തിച്ചത്, മറിച്ച് പ്രപഞ്ചത്തിന് ഒരു ദൈവമുണ്ട് എന്ന ചിന്തയിലേക്കാണ്. പ്രമുഖരായ ചില ശാസ്ത്രജ്ഞന്മാരുടെ ദൈവചിന്തകൾ എന്തായിരുന്നുവെന്നാണ് ഇനി നാം പരിശോധിക്കുന്നത്.

ലോകം കണ്ടതിൽവെച്ച് ഏറ്റവും ബുദ്ധിമാനായ ശാസ്ത്രജ്ഞൻ ഐസക് ന്യൂട്ടനാണെന്ന് ചിലർ അഭിപ്രായപ്പെടുമ്പോൾ അല്ല അത് ഐൻസ്റ്റീൻ ആണെന്ന് വേറെ ചിലർ അഭിപ്രായപ്പെടുന്നു. ശാസ്ത്രമേഖലയിൽ ഇവരിൽ ആരായിരുന്നു മുന്നിൽ എന്ന കാര്യം നാം ഇവിടെ ചർച്ച ചെയ്യാനുദ്ദേശിക്കുന്നില്ല. എന്നാൽ ഇവർ രണ്ടുപേരും ദൈവവിശ്വാസികളായിരുന്നു എന്നതാണു സത്യം.



## സർ ഐസക് ന്യൂട്ടൺ

ന്യൂട്ടോണിയൻ ഫിസിക്സിക്സിനു ശേഷം ഇനി ദൈവത്തിനു പ്രസക്തിയില്ലെന്ന് അന്ന് പ്രചരിപ്പിക്കപ്പെട്ടു എന്ന് നാം പറഞ്ഞല്ലോ. എന്നാൽ അറിയുക; ആ ന്യൂട്ടൺ ഒരു ദൈവ വിശ്വാസിയായിരുന്നു എന്നതാണു സത്യം! ന്യൂട്ടൺ ഇവരുടെ ദൈവനിഷേധ ചിന്തകളിൽനിന്ന് മുക്തനായിരുന്നു. ന്യൂട്ടൺ പറയുന്നത് കാണുക:

'സമയത്തിനും കാലത്തിനും അനുയോജ്യമായി കാണപ്പെടുന്ന പ്രകൃതി വൈവിധ്യങ്ങൾ ഏതോ ഒരു ശക്തിയുടെ ചിന്തയുടെയും ഉദ്ദേശ്യത്തിന്റെയും ഫലമായി രൂപംകൊണ്ടതായിരിക്കാം' (ന്യൂട്ടന്റെ Principia Mathematica എന്ന ഗ്രന്ഥത്തിൽനിന്ന്).

ന്യൂട്ടന്റെ പ്രധാനപ്പെട്ട കണ്ടുപിടുത്തങ്ങളിൽ ഒന്നാണല്ലോ 'ഗുരുത്വാകർഷണ നിയമം' (Law of Gravtiy). ഈ നിയമത്തെപ്പറ്റി പറയവെ ന്യൂട്ടൺ പറയുന്നത് കാണുക: 'ഗുരുത്വാകർഷണം (Gravtiy) ഗ്രഹങ്ങളുടെ സഞ്ചാരത്തെപ്പറ്റി വിവരിക്കുന്നു. എന്നാൽ ആരാണ് അവയുടെ സഞ്ചാരത്തെ നിയമിച്ചത് എന്ന് ഈ നിയമം പറയുന്നില്ല. ദൈവമാണ് ഈ കാര്യങ്ങളെല്ലാം നിയന്ത്രിക്കുന്നത്, അവയുമായി ബന്ധപ്പെട്ട് എന്തെല്ലാമാണു ചെയ്യേണ്ടതെന്ന് അവനറിയാം. സൂര്യനും ഗ്രഹങ്ങളും ഉൽക്കകളും ഉൾപ്പെടുന്ന ഈ മനോഹര സംവിധാനം ഒരു അതിബുദ്ധിമാനായ ശക്തിയിൽനിന്നു മാത്രമെ ഉൽഭവിക്കൂ' (Quoted in the book "Isaac Newton: Inventor, Scientist and Teacher", by J.H.Tiner -1975).

മറ്റൊരിക്കൽ ന്യൂട്ടൺ പറഞ്ഞു: 'അവയെല്ലാം ലളിതമനോഹരമായി സംവിധാനിക്കപ്പെട്ടിരിക്കുന്നു. ഇവയെല്ലാം ദൈവത്തിന്റെ പ്രവർത്തനത്തിന്റെ കൃത്യതയാണ്. ആ ദൈവം കൃത്യതയുള്ളവനാണ്; അല്ലാതെ ആശയക്കുഴപ്പമുള്ളവനല്ല' ("The religion of Isaac Newton" by Frank. E. Manuel, Page: 120).

## ആൽബർട് ഐൻസ്റ്റീൻ

ഐൻസ്റ്റീനും ഒരു ദൈവവിശ്വാസിയായിരുന്നുവെന്ന് കാണാം. അദ്ദേഹം പറഞ്ഞതായി വന്ന ഒരു ഭാഗം കാണുക: 'ശാസ്ത്രം കൂടുതൽ പഠിക്കുന്തോറും ഞാൻ കൂടുതൽ ദൈവവിശ്വാസിയാവുകയാണു ചെയ്യുന്നത്' (The Wall Street Journal, 1997, Dec 24, article "Science resurrects God" by Jim Holt).

മറ്റൊരിക്കൽ ഐൻസ്റ്റീൻ ഇങ്ങനെ പറഞ്ഞതായി കാണാം: 'സയൻസ് ഗൗരവമായി പഠിക്കുന്ന ആർക്കും മനസ്സിലാക്കാൻപറ്റുന്ന ഒരുകാര്യം എന്തെന്നാൽ ഈ പ്രപഞ്ചത്തിന്റെ നിയമങ്ങളിലെല്ലാം ഒരു ഉന്നതശക്തിയുടെ സാന്നിധ്യം പ്രകടമാണ്, മനുഷ്യനെക്കാൾ ഉന്നതനായ ഒരു ശക്തി. ആ ശക്തിയുടെ മുന്നിൽ നാം മനുഷ്യർ വിനയാന്വിതരായിരിക്കണമെന്ന് മനസ്സിലാക്കുക' (Ronald W Clark എഴുതിയ Einstein: The Life & Times എന്ന പുസ്തകം. Also quoted in the book "Einstein and Religion by Prof. Max Jammer ).

ആൽബെർട് ഐൻസ്റ്റീനിന്റെ കൂട്ടുകാരനും ഇസ്രായേലിലെ ബാർലൻ യൂണിവേഴ്സിറ്റിയിലെ ഫിസിക്സ് പ്രൊഫസറുമായിരുന്ന മാക്സ് ജാമ്മർ ഐൻസ്റ്റീന്റെ മതവിശ്വാസത്തെക്കുറിച്ച് എഴുതിയ പുസ്തകമാണ് Einstein and Religion എന്നത്. ഈ പുസ്തകത്തിൽ ഐൻസ്റ്റീൻ അദ്ദേഹത്തോട് പറഞ്ഞ കാര്യങ്ങളും അദ്ദേഹത്തിനയച്ച കത്തുകളും എടുത്തുകൊടുക്കുന്നുണ്ട്. ഈ പുസ്തകത്തിൽ ദൈവത്തെക്കുറിച്ച് ഐൻസ്റ്റീൻ പറഞ്ഞതായി ഉദ്ധരിക്കുന്ന ചില പ്രസക്ത ഭാഗങ്ങൾ നമുക്ക് പരിശോധിക്കാം.

'ഈ ഭൗതിക പ്രപഞ്ചത്തിൽ ഒരു ദൈവം പ്രകടമാണ്' (Max Jammer, Page: 151).

> **“നിരീശ്വര, യുക്തിവാദ പ്രസ്ഥാനക്കാരുടെ അവകാശവാദപ്രകാരം ശാസ്ത്രപഠനം ദൈവത്തെ ഇല്ലെന്ന് തെളിയിക്കുമെന്നാണല്ലോ. അങ്ങനെയായിരുന്നെങ്കിൽ 'ഏറ്റവും വലിയ ശാസ്ത്രജ്ഞന്മാരായിരുന്നു ഏറ്റവും വലിയ നിരീശ്വര വാദികളാകേണ്ടിയിരുന്നത്.' എന്നാൽ ഈ വിഷയത്തിൽ നാം ഒരു കണക്കെടുപ്പ് നടത്തുകയാണെങ്കിൽ മനസ്സിലാവുക മരണപ്പെട്ടുപോയവരും ഇന്ന് ജീവിച്ചിരിക്കുന്നവരുമായ പ്രമുഖരായ ബഹുഭൂരിഭാഗം ശാസ്ത്രജ്ഞരും ദൈവവിശ്വാസികളായിരുന്നു എന്നതാണ്. അഥവാ ഇവർ അവകാശപ്പെട്ടതുപോലെ ശാസ്ത്രവും ശാസ്ത്രപഠനവും ദൈവത്തെ നിരാകരിക്കുന്നതിലേക്കല്ല ശാസ്ത്രജ്ഞരെകൊണ്ടെത്തിച്ചത്, മറിച്ച് പ്രപഞ്ചത്തിന് ഒരു ദൈവമുണ്ട് എന്ന ചിന്തയിലേക്കാണ്.”**




'ദൈവം എങ്ങനെയാണ് ഈ പ്രപഞ്ചം സൃഷ്ടിച്ചതെന്ന് ഞാൻ അറിയാൻ ആഗ്രഹിക്കുന്നു...ആ ദൈവത്തിന്റെ ചിന്തകളെക്കുറിച്ച് അറിയാൻ ഞാൻ ആഗ്രഹിക്കുന്നു' (Max Jammer, Page:123).

'എന്നെ ചിന്തിപ്പിക്കുന്ന മറ്റൊരു കാര്യം, ദൈവത്തിന് ഈ ലോകം മറ്റൊരു രീതിയിൽ സൃഷ്ടിക്കാൻ കഴിയുമായിരുന്നോ എന്നാണ്...' (Max Jammer, Page: 124).

'അനുഭവങ്ങളുടെ ഈ ലോകത്ത് ഉന്നതമായ ചിന്തകളുള്ള ഒരു ദൈവത്തിന്റെ സാന്നിധ്യം പ്രകടമാണ്... ഇതാണ് എന്റെ ദൈവചിന്ത' (Max Jammer, Page: 132).

'ഈ സങ്കീർണതക്കെല്ലാം പിന്നിൽ മറഞ്ഞിരിക്കുന്ന, അനുഭവഭേദ്യമല്ലാത്ത, നമുക്ക് വിവരിക്കാൻ പറ്റാത്ത എന്തോഒന്ന് ഉണ്ട്. ആ ശക്തിയെ ഞാൻ വണങ്ങുന്നു. അതാണ് എന്റെ മതം. അങ്ങനെ നോക്കുകയാണെങ്കിൽ ഞാൻ ഒരു മതവിശ്വാസിയാണ്' (Max Jammer, Page: 40).

'അനന്തനായ (അന്ത്യമില്ലാത്തവൻ), ഉന്നതനായ ഒരു ശക്തിയുടെ മുന്നിൽ വിനയപ്പെടലാണ, എന്റെ മതം; ആ ഉന്നത ശക്തിസാന്നിധ്യമാണു ഞാൻ വിശ്വസിക്കുന്ന ദൈവം' (The Quotable Einstein, Page: 195,196).

ഐൻസ്റ്റീന്റെ മുകളിലെ വാക്കുകൾ ശ്രദ്ധിച്ചാൽ ഒരു കാര്യം വ്യക്തമാകും. അദ്ദേഹം ഒരു പ്രപഞ്ചശക്തിയിൽ വിശ്വസിക്കുകയും ആദരിക്കുകയും ചെയ്തിരുന്നു. എന്നാൽ ആ ശക്തി എന്താണെന്നോ എങ്ങനെയാണെന്നോ ആ ശക്തിയോട് തനിക്ക് എന്തെങ്കിലും കടമകൾ ഉണ്ടോ എന്നോ ഉണ്ടെങ്കിൽ അത് എങ്ങനെ നിർവഹിക്കണം എന്നോ ഐൻസ്റ്റീനിനു മനസ്സിലാവുന്നില്ല. കാരണം അതൊന്നും മനുഷ്യ ബുദ്ധിയുടെയോ ശാസ്ത്രത്തിന്റെയോ പരിധിയിൽ വരുന്ന കാര്യമല്ലല്ലോ. അത്തരം വിശദാംശങ്ങൾ കൂടുതൽ അറിയണമെങ്കിൽ ആ ശക്തിതന്നെ സ്വയം പരിചയപ്പെടുത്തുന്ന, ആ ശക്തിയിൽനിന്നുള്ള ഏതെങ്കിലും പ്രമാണഗ്രന്ഥങ്ങളോ സന്ദേശ വാഹകനോ ആവശ്യമാണ്. ഇവിടെയാണു വേദഗ്രന്ഥങ്ങളുടെ പ്രസക്തി കടന്നുവരുന്നത്.

അതുകൊണ്ട്തന്നെ മതവും ശാസ്ത്രവും ശത്രുക്കളല്ല. അവ രണ്ടും മിത്രങ്ങളായി നിലകൊള്ളേണ്ടതിന്റെ ആവശ്യകത ഐൻസ്റ്റീൻ ചൂണ്ടിക്കാണിക്കുന്നത് കാണുക:

'മതത്തിനും ശാസ്ത്രത്തിനുമിടയിൽ ഒരു സംഘട്ടനം ഉണ്ടാകാൻ പാടില്ല. മതമില്ലാത്ത ശാസ്ത്രം മുടന്തനാണ്. ശാസ്ത്രം ഇല്ലാത്ത മതം അന്ധനുമാണ്' (Quoted by Max Jammer, Page: 31).

## ഐൻസ്റ്റീന്റെയും ന്യൂട്ടന്റെയും ദൈവവിശ്വാസവും യുക്തിവാദിയുടെ വെപ്രാളവും

ഇതൊക്കെ നാം പറയുമ്പോൾ യുക്തിവാദികൾ അസ്വസ്ഥരാകുന്നത് കാണാം. ഏറ്റവും കൂടുതൽ യുക്തിയും ശാസ്ത്രബോധവും ഉള്ളതായി ലോകം കണക്കാക്കുന്ന രണ്ട് ശാസ്ത്രജ്ഞർ ദൈവ വിശ്വാസികളായിരുന്നു എന്നു പറഞ്ഞാൽ അത് യുക്തിവാദ, നിരീശ്വര ചിന്തകർക്ക് ക്ഷീണവും മതവിശ്വാസികൾക്ക് അനുകൂലവുമാകും എന്നത് തന്നെയാണ് ഈ അസ്വസ്ഥതക്ക് കാരണം. അതുകൊണ്ട് തന്നെ ഈ ശാസ്ത്രജ്ഞരൊന്നും ദൈവവിശ്വാസികളായിരുന്നില്ല എന്ന് സ്ഥാപിക്കാനുള്ള വെപ്രാളം പല യുക്തിവാദക്കാരും കാണിക്കുന്നത് കാണാം. അത്തരത്തിലുള്ള ഒരു വ്യാഖ്യാന കസർത്ത് നമുക്ക് കാണാം.

ഇന്ന് ജീവിച്ചിരിക്കുന്ന യുക്തിവാദികൾ ഏറെക്കുറെ എല്ലാവരും അംഗീകരിക്കുന്ന ഒരു വ്യക്തിയാണ് ബ്രിട്ടനിലുള്ള റിച്ചാർഡ് ഡോക്കിൻസ്. ഇദ്ദേഹത്തിന്റെ (കു)പ്രസിദ്ധമായ ദൈ

വവിമർശന പുസ്തകമാണ് 'ദൈവമെന്ന മിഥ്യ' (The God delusion). ഈ പുസ്തകത്തിൽ ഐൻസ്റ്റീനും ന്യൂട്ടനുമൊന്നും ദൈവ വിശ്വാസികളായിരുന്നില്ല എന്ന് അദ്ദേഹം സ്ഥാപിക്കാൻ ശ്രമിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ ഒരു പ്രസ്താവന കാണാം:

'ഐൻസ്റ്റീൻ ചില സന്ദർഭങ്ങളിൽ ദൈവത്തെ വിളിച്ചതായി കാണാം. എന്നാൽ അദ്ദേഹം മാത്രമല്ല അങ്ങനെ (ദൈവത്തെ) വിളിച്ച 'നിരീശ്വരവാദിയായ' ശാസ്ത്രജ്ഞൻ. പ്രകൃത്യാതീത ശക്തിയിൽ വിശ്വസിക്കുന്നവർക്കിടയിൽ അദ്ദേഹം അവരുടെ ആളാണെന്ന (ദൈവവിശ്വാസി ആണെന്ന) ഒരു തെറ്റിദ്ധാരണക്ക് ഇത് കാരണമായിട്ടുണ്ട്' (The God Delusion, Page: 34).

ഈ പ്രസ്താവന ശ്രദ്ധിച്ചാൽ മനസ്സിലാകുന്ന ചില കാര്യങ്ങൾ പറയാം:

(1) ഐൻസ്റ്റീൻ ഒരു ദൈവത്തെ വിളിച്ചിരുന്നു എന്ന് ഡോക്കിൻസ് സമ്മതിക്കുന്നു. പക്ഷേ, ഐൻസ്റ്റീൻ ദൈവവിശ്വാസിയാണെന്ന് സമ്മതിക്കാൻ ഡോക്കിൻസിനു മടിയാണു താനും!

(2) 'അദ്ദേഹം മാത്രമല്ല ദൈവത്തെ വിളിച്ച നിരീശ്വരവാദി'' എന്ന ഭാഗം ശ്രദ്ധിക്കുക. അപ്പോൾ വേറെയും പ്രഗത്ഭരായ പല ശാസ്ത്രജ്ഞരും ദൈവത്തെ വിളിച്ച കാര്യം ഡോക്കിൻസിനു തന്നെ അറിയാം. (പക്ഷേ, മറച്ചുവെക്കുന്നു എന്ന് വ്യക്തം).

എന്നാൽ ഡോക്കിൻസ് പറയുന്നത് പോലെ ഐൻസ്റ്റീനിന്റെ ഈ 'ദൈവ വിളി' ദൈവവിശ്വാസികൾ വ്യാഖ്യാനിച്ചുണ്ടാക്കിയതല്ല എന്നത് ദൈവത്തെപ്പറ്റി ഐൻസ്റ്റീൻ തന്നെ പറഞ്ഞത് മുകളിൽ നാം ഉദ്ധരിച്ചത് വായിച്ചാൽ മനസ്സിലാകും.

(3) മറ്റൊരു കാര്യം ഡോക്കിൻസ് പറയുന്നത് 'ഐൻസ്റ്റീൻ അവരുടെ ആൾ ആണെന്ന് ദൈവ വിശ്വാസികൾ തെറ്റിദ്ധരിച്ചിരിക്കുന്നു' എന്നാണ്.

അത് 'തെറ്റിദ്ധാരണയല്ല; ശരിയായ ധാരണതന്നെയാണ്' എന്നാണു ഡോക്കിൻസിനോട് പറയാനുള്ളത്. മാത്രവുമല്ല ഐൻസ്റ്റീൻ താൻ നിരീശ്വരവാദികളുടെ ആളല്ല എന്നു സ്വയംതന്നെ തീർത്തു പറയുന്നതും കാണുക:

'...ചില ആളുകൾ പറയുന്നത് ദൈവം എന്ന ഒന്ന് ഇല്ല എന്നാണ്. എന്നാൽ അത്തരക്കാർ (നിരീശ്വര വാദികൾ) എന്നെ അവരുടെ ആളാണെന്ന് പറഞ്ഞ് ഉദ്ധരിക്കുന്നതാണ് എന്നെ ഏറ്റവും ദേഷ്യം പിടിപ്പിക്കുന്ന കാര്യം' (Max Jammer, Einstein and religion, Page: 97).

ഐൻസ്റ്റീൻ മരിച്ചത് 1955ലാണ്. ഡോക്കിൻസിനെ പോലുള്ള കുപ്രചാരകർ ഐൻസ്റ്റീന്റെ കാലത്ത് തന്നെ ജീവിച്ചിരുന്നതുകൊണ്ടായിരിക്കണം, 'ഞാൻ നിരീശ്വരവാദിയല്ല, എന്നെ അതിലേക്കൊട്ട് ചേർത്തു പറയുകയും വേണ്ട' എന്ന് ഐൻസ്റ്റീൻ അന്ന് തന്നെ പറഞ്ഞുവെച്ചത്.

ഇനി ന്യൂട്ടനെക്കുറിച്ച് ഡോക്കിൻസ് പറയുന്നത് കാണാം. ആ ഭാഗം തുടങ്ങുന്നത് ഇങ്ങനെയാണ്:'ബുദ്ധികൊണ്ട് അറിയപ്പെട്ട പലരും ദൈവവിശ്വാസികളായിരുന്നില്ല. എന്നാൽ അവർ അക്കാര്യം മറച്ചു വെച്ചതിനു കാരണം ജീവിതവരുമാനം നിന്നുപോകുമോ എന്ന് പേടിച്ചതാണ്' (The God delusion, by Dawkins, Page: 123).

ഇങ്ങനെ പറഞ്ഞ ശേഷം ഡോക്കിൻസിന്റെ അടുത്ത വാചകം ഇങ്ങനെയാണ്: 'ന്യൂട്ടൻ ഒരു ദൈവ വിശ്വാസിയായിരുന്നു.'

അതായത് ഡോക്കിൻസ് പറയാൻ ശ്രമിക്കുന്നത് ഇങ്ങനെയാണ്: 'യഥാർഥത്തിൽ ന്യൂട്ടൻ ദൈവ വിശ്വാസിയായിരുന്നില്ല. എന്നാൽ ഭൂരിപക്ഷം വരുന്ന മതവിശ്വാസികളോട് താൻ ദൈവത്തിൽ വിശ്വസിക്കുന്നില്ല എന്ന് പറഞ്ഞാൽ ജീവിതം വഴിമുട്ടിപ്പോകുമോ എന്നു പേടിച്ചതുകൊണ്ട് മാത്രമാണു താൻ ഒരു ദൈവവിശ്വാസിയാണെന്ന് ന്യൂട്ടൻ പറഞ്ഞത്!'

ന്യൂട്ടനെപ്പറ്റി ഇങ്ങനെ പറയാൻ ഡോക്കിൻസിനുള്ള തെളിവെന്താണെന്ന് ആരും ചോദിക്കരുത്. തനിക്ക് ബോധ്യപ്പെട്ട തെളിവുകളുടെ അടിസ്ഥാനത്തിൽ താൻ ഒരു ദൈവത്തിൽ വിശ്വസിക്കുന്നുവെന്ന് ന്യൂട്ടൻ സ്വയം പറയുമ്പോൾ, അല്ല ന്യൂട്ടൻ സ്വന്തം നിലനിൽപിനു വേണ്ടിയാണു ദൈവത്തിൽ വിശ്വസിക്കുന്നു എന്ന് പറഞ്ഞതെന്ന് യാതൊരു തെളിവുമില്ലാതെ ന്യൂട്ടന്റെ പേരിൽ ആരോപിക്കാൻ ഈ യുക്തിവാദി എന്ത് മാത്രം 'ശാസ്ത്രീയഗവേഷണം' നടത്തിക്കാണും?

ഏറ്റവും പ്രമുഖരായ രണ്ട് ശാസ്ത്രജ്ഞന്മാരുടെ ദൈവത്തെപ്പറ്റിയുള്ള ചിന്തകളാണ് നാം പരിശോധിച്ചത്. എന്നാൽ ഇവർ മാത്രമല്ല, ശാസ്ത്രം ഏറ്റവുമധികം വളർന്ന 20ാം നൂറ്റാണ്ടിൽ ജീവിച്ച പ്രമുഖരായ ശാസ്ത്രജ്ഞരിൽ ഭൂരിഭാഗം പേരും ദൈവവിശ്വാസികളായിരുന്നു എന്നതാണു വാസ്തവം. അവർ ആരെല്ലാമായിരുന്നുവെന്ന് അടുത്ത ലേഖനത്തിൽ പരിശോധിക്കാം. **(തുടരും)**

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



അധ്യായം: 61, ഭാഗം: 2

# സ്വഫ്ഫ് (അണി)

(മക്കയിൽ അവതരിച്ചത്)

وَإِذْ قَالَ مُوسَىٰ لِقَوْمِهِۦ يَٰقَوْمِ لِمَ تُؤْذُونَنِى وَقَد تَّعْلَمُونَ أَنِّى رَسُولُ ٱللَّهِ إِلَيْكُمْ ۖ فَلَمَّا زَاغُوٓا۟ أَزَاغَ ٱللَّهُ قُلُوبَهُمْ ۚ وَٱللَّهُ لَا يَهْدِى ٱلْقَوْمَ ٱلْفَٰسِقِينَ ﴿٥﴾

وَإِذْ قَالَ عِيسَى ٱبْنُ مَرْيَمَ يَٰبَنِىٓ إِسْرَٰٓءِيلَ إِنِّى رَسُولُ ٱللَّهِ إِلَيْكُم مُّصَدِّقًا لِّمَا بَيْنَ يَدَىَّ مِنَ ٱلتَّوْرَىٰةِ وَمُبَشِّرًۢا بِرَسُولٍ يَأْتِى مِنۢ بَعْدِى ٱسْمُهُۥٓ أَحْمَدُ ۖ فَلَمَّا جَآءَهُم بِٱلْبَيِّنَٰتِ قَالُوا۟ هَٰذَا سِحْرٌ مُّبِينٌ ﴿٦﴾

وَمَنْ أَظْلَمُ مِمَّنِ ٱفْتَرَىٰ عَلَى ٱللَّهِ ٱلْكَذِبَ وَهُوَ يُدْعَىٰٓ إِلَى ٱلْإِسْلَٰمِ ۚ وَٱللَّهُ لَا يَهْدِى ٱلْقَوْمَ ٱلظَّٰلِمِينَ ﴿٧﴾

5. മൂസാ തന്റെ ജനതയോട് ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു:) എന്റെ ജനങ്ങളേ, നിങ്ങൾ എന്തിനാണ് എന്നെ ഉപദ്രവിക്കുന്നത്? ഞാൻ നിങ്ങളിലേക്കുള്ള അല്ലാഹുവിന്റെ ദൂതനാണെന്ന് നിങ്ങൾക്കറിയാമല്ലോ. അങ്ങനെ അവർ തെറ്റിയപ്പോൾ അല്ലാഹു അവരുടെ ഹൃദയങ്ങളെ തെറ്റിച്ചുകളഞ്ഞു. അല്ലാഹു ദുർമാർഗികളായ ജനങ്ങളെ നേർവഴിയിലാക്കുകയില്ല.

6. മർയമിന്റെ മകൻ ഈസാ പറഞ്ഞ സന്ദർഭവും (ശ്രദ്ധേയമാകുന്നു:) ഇസ്റാഈൽ സന്തതികളേ, എനിക്കു മുമ്പുള്ള തൗറാത്തിനെ സത്യപ്പെടുത്തുന്നവനായിക്കൊണ്ടും എനിക്കുശേഷം വരുന്ന അഹ്മദ് എന്നുപേരുള്ള ഒരു ദൂതനെപ്പറ്റി സന്തോഷവാർത്ത അറിയിക്കുന്നവനായിക്കൊണ്ടും നിങ്ങളിലേക്ക് അല്ലാഹുവിന്റെ ദൂതനായി നിയോഗിക്കപ്പെട്ടവനാകുന്നു ഞാൻ. അങ്ങനെ അദ്ദേഹം വ്യക്തമായ തെളിവുകളുംകൊണ്ട് അവരുടെ അടുത്ത് ചെന്നപ്പോൾ അവർ പറഞ്ഞു: ഇത് വ്യക്തമായ ജാലവിദ്യയാകുന്നു.

7. താൻ ഇസ്‌ലാമിലേക്ക് ക്ഷണിക്കപ്പെടുമ്പോൾ അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമച്ചവനെക്കാൾ വലിയ അക്രമി ആരുണ്ട്? അല്ലാഹു അക്രമികളായ ജനങ്ങളെ നേർവഴിയിലാക്കുകയില്ല.

(5). (മൂസാ തന്റെ ജനതയോട് ഇപ്രകാരം പറഞ്ഞ സന്ദർഭം) അവരുടെ ചെയ്തികളെ ആക്ഷേപിച്ചുകൊണ്ട്, അദ്ദേഹത്തെ ഉപദ്രവിക്കുന്നതിനെ താക്കീത് ചെയ്തുകൊണ്ട്. അവർക്കാകട്ടെ, അദ്ദേഹം അല്ലാഹുവിന്റെ ദൂതനാണെന്ന് അറിയുകയും ചെയ്യും. (നിങ്ങൾ എന്തിനാണ് എന്നെ ഉപദ്രവിക്കുന്നത്) വാക്കിലും പ്രവൃത്തിയിലും. (ഞാൻ നിങ്ങളിലേക്കുള്ള അല്ലാഹുവിന്റെ ദൂതനാണെന്ന് നിങ്ങൾക്കറിയാമല്ലോ) ഒരു പ്രവാചകന്റെ അവകാശങ്ങളിൽ പെട്ടതാണ് ആദരവും മഹത്ത്വവും അദ്ദേഹത്തിന്റെ കൽപനകൾ പാലിക്കാൻ താൽപര്യം കാണിക്കലും. അല്ലാഹു ചെയ്യുന്ന ഗുണത്തെ മാറ്റിനിർത്തിയാൽ ഏറ്റവുമധികം ഗുണം ചെയ്യുന്നവൻ പ്രവാചകനാണ്. അവർ മനസ്സിലാക്കിയ ശേഷം തള്ളിക്കളഞ്ഞ ആ ശരിയായ മാർഗത്തിൽ നിന്ന് അവരെ വ്യതിചലിക്കാതെ നിർത്തുക എന്നതാണ് ആ ഗുണം. അതാണ് അല്ലാഹു പറഞ്ഞത്. അവരുടെ യഥാർഥ ലക്ഷ്യത്തിൽനിന്ന് അവർ തെറ്റിപ്പോയപ്പോൾ അല്ലാഹു അവരുടെ ഹൃദയങ്ങളെ തെറ്റിച്ചുകളഞ്ഞു; വഴിതെറ്റുന്നതിനെ അവർ തങ്ങൾക്കുവേണ്ടി തെരഞ്ഞെടുക്കുകയും തൃപ്തിപ്പെടുകയും ചെയ്തപ്പോൾ അവർക്കതിനുള്ള ശിക്ഷയായിട്ട്. സന്മാർഗത്തിലെത്താൻ അവസരവും നൽകിയില്ല. അവർ തിന്മക്ക് പറ്റിയവരാണ്. നന്മക്ക് അനുയോജ്യരല്ല. (അല്ലാഹു ദുർമാർഗികളായ ജനങ്ങളെ നേർവഴിയിലാക്കുകയില്ല) അധാർമികത അവരുടെ സവിശേഷതയായിരിക്കുന്നേടത്തോളം കാലവും സന്മാർഗം ലക്ഷ്യമാകാത്തപ്പോഴും. അല്ലാഹു ഒരടിമയെ വഴിതെറ്റിക്കുന്നത് അക്രമപരമായിട്ടല്ലെന്നും അതിലവർക്ക് അല്ലാഹുവിനെതിരെ പറയാൻ ന്യായമില്ലെന്നും ഈ പരിശുദ്ധ വചനത്തിലുണ്ട്. അവർ തന്നെയാണ് അതിന്റെ കാരണക്കാർ. അറിഞ്ഞിട്ടും സന്മാർഗത്തിന്റെ വാതിൽ തങ്ങൾക്കവർ അടച്ചിട്ടതാണ് കാരണം. അതിനുള്ള പ്രതിഫലമായിട്ടാണ് വഴികേടും ഹൃദയമാറ്റവും അല്ലാഹു അവരോടുള്ള നീതിയെന്ന നിലയ്ക്കു നൽകിയത്.

"ഇതിൽ ആദ്യതവണ അവർ വിശ്വസിക്കാതിരുന്നതു പോലെത്തന്നെ (ഇപ്പോഴും) നാം അവരുടെ മനസ്സുകളെയും കണ്ണുകളെയും മറച്ചുകൊണ്ടിരിക്കും. അവരുടെ ധിക്കാരവുമായി വിഹരിച്ചുകൊള്ളാൻ നാം അവരെ വിട്ടേക്കുകയും ചെയ്തു" (6:110).

6) ഈസബ്നു മർയം പ്രബോധനം ചെയ്ത പൂർവ ഇസ്‌റാഈൽ സന്തതികളുടെ ധിക്കാരത്തെക്കുറിച്ച് അല്ലാഹു പറയുന്നു; ഈസാﷺ അവരോടു പറഞ്ഞു: (ഇസ്‌റാഈൽ സന്തതികളേ, ഞാൻ നിങ്ങളിലേക്കുള്ള അല്ലാഹുവിന്റെ ദൂതനാണ്) നിങ്ങളിൽ തിന്മ വിരോധിക്കാനും നന്മയിലേക്ക് നിങ്ങളെ ക്ഷണിക്കാനും അല്ലാഹു എന്നെ നിയോഗിച്ചു. വ്യക്തമായ പ്രമാണങ്ങൾകൊണ്ട് അവനെന്നെ ശക്തിപ്പെടുത്തി. എന്റെ സത്യതയെ തെളിയിക്കുന്ന തെളിവുകളിൽ പെട്ടതാണത്. (എന്റെ മുമ്പുള്ള തൗറാത്തിനെ സത്യപ്പെടുത്തുന്നവനായും) എന്നെക്കുറിച്ച് വിവരം നൽകുകയും സന്തോഷവാർത്ത അറിയിക്കുകയും ചെയ്തു അത്. അങ്ങനെ ഞാൻ വരികയും അതിനെ സത്യപ്പെടുത്തുന്നവനായി നിയോഗിക്കപ്പെടുകയും ചെയ്തു. (എനിക്കുശേഷം വരുന്ന അഹ്മദ് എന്ന് പേരുള്ള ഒരു ദൂതനെപ്പറ്റി സന്തോഷവാർത്ത അറിയിക്കുന്നവനായിക്കൊണ്ടും) അദ്ദേഹം ഹാശിം ഗോത്രക്കാരനും പ്രവാചകനും അബ്ദുൽമുത്ത്വലിബിന്റെ മകൻ അബ്ദുല്ലയുടെ മകൻ മുഹമ്മദുമാണ്. ഈസാനബിﷺ മറ്റു പ്രവാചകന്മാരെ പോലെത്തന്നെ തനിക്കു മുമ്പുള്ള പ്രവാചകനെയും ശേഷം വരുന്ന പ്രവാചകനെയും സത്യപ്പെടുത്തുന്നു; സത്യനിഷേധികളിൽനിന്ന് വ്യത്യസ്തമായി. അവർ പ്രവാചകന്മാരെ ശക്തമായി ഖണ്ഡിക്കുന്നവരാണ്. അവരുടെ പ്രത്യേകതകളെയും സ്വഭാവഗുണങ്ങളെയും കൽപനാവിരോധങ്ങളെയും അവർ എതിർക്കുകയും ചെയ്യുന്നു. (അങ്ങനെ അദ്ദേഹം ചെന്നപ്പോൾ) ഈസാനബിﷺ സന്തോഷവാർത്ത അറിയിച്ച മുഹമ്മദ് നബിﷺ. (വ്യക്തമായ തെളിവുകളും കൊണ്ട്) അദ്ദേഹമാണതെന്ന് വ്യക്തമായി അറിയിക്കുന്ന തെളിവുകൾ. അദ്ദേഹം സത്യദൂതനാണെന്ന തെളിവ്. (അവർ പറഞ്ഞു) സത്യത്തോട് എതിരിടുന്നവരും അദ്ദേഹത്തെ കളവാക്കുന്നവരും. (ഇത് വ്യക്തമായ ജാലവിദ്യയാകുന്നു) ഇത് ഏറ്റവും വലിയ അത്ഭുതമാണ്. പകൽസൂര്യനെക്കാൾ വ്യക്തമായതും തെളിമായാർന്ന സന്ദേശങ്ങളുമുള്ള പ്രവാചകനെ വ്യക്തമായ ജാലവിദ്യക്കാരനാക്കുന്നു. ഇതിലും വലിയ ചതിയെന്താണുള്ളത്? വ്യക്തമായ പ്രവാചകസന്ദേശങ്ങൾക്ക് ഒരിക്കലും നിരക്കാത്ത ഈ ആരോപണത്തെക്കാൾ വലിയ മറ്റൊരാരോപണമുണ്ടോ?

7). (അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമച്ചവനെക്കാൾ വലിയ അക്രമി ആരുണ്ട്?). ഇതുപോലുള്ളതോ അല്ലാത്തതോ അവന് ന്യായമില്ല, അവന്റെ തെളിവുകൾ മുറിഞ്ഞുപോയിരിക്കുന്നു. (താൻ ഇസ്‌ലാമിലേക്ക് ക്ഷണിക്കപ്പെടുമ്പോൾ) വ്യക്തമായ തെളിവുകളുടെയും പ്രമാണങ്ങളുടെയും അടിസ്ഥാനത്തിൽ അതവന് വിശദീകരിച്ചു കൊടുത്തുകൊണ്ട്. (അല്ലാഹു അക്രമികളായ ജനങ്ങളെ നേർവഴിയിലാക്കുകയില്ല) അവർ തങ്ങളുടെ അക്രമങ്ങളിൽ നിലകൊള്ളുന്നിടത്തോളം കാലം. ഒരുപദേശവും അവരെ മാറ്റുകയില്ല. പ്രമാണമാകട്ടെ, വിശദീകരണങ്ങളാകട്ടെ അവരെ ഭയപ്പെടുത്തുകയുമില്ല. പ്രത്യേകിച്ചും അസത്യത്തെ സഹായിക്കുകയും സത്യത്തെ ഖണ്ഡിക്കാൻ അതിനെതിരെ നിലകൊള്ളുകയും ചെയ്യുന്ന ഈ അക്രമികളെ. **(അവസാനിച്ചില്ല)**

സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയുള്ള മെഗാ ഓൺലൈൻ ക്വിസ് മത്സരം

# നേർപഥം MEGA Online Quiz

zameel
the soulmate



## നേർപഥം ഓൺലൈൻ ക്വിസ് ലക്കം 190 - ചോദ്യങ്ങൾ

1) "സ്വത്തും സന്താനങ്ങളും ഐഹികജീവിതത്തിന്റെ അലങ്കാരമാകുന്നു. എന്നാൽ നിലനിൽക്കുന്ന സൽകർമങ്ങളാണ് നിന്റെ രക്ഷിതാവിങ്കൽ ഉത്തമമായ പ്രതിഫലമുള്ളതും ഉത്തമമായ പ്രതീക്ഷ നൽകുന്നതും."
   (1) ക്വുർആൻ 14:64 (2) ക്വുർആൻ 46:18 (3) ക്വുർആൻ 18:46

2) "...എന്റെ ജീവൻ ആരുടെ കയ്യിലാണോ അവനെക്കൊണ്ട് സത്യം, നിങ്ങളിൽ ആരെങ്കിലും ഉഹ്ദ് മലയോളംവരുന്ന സ്വർണം ചെലവഴിച്ചാലും അവരുടെ ഒരു മുദ്ദിനോ(രണ്ടു കൈകളും കൂട്ടി വാരുന്ന അത്ര അളവ്) അല്ലെങ്കിൽ അതിന്റെ പകുതിക്കോ എത്തുകയില്ല." ഇത് നബി(സ്വ) ആരെക്കുറിച്ചു പറഞ്ഞതാണ്?
   (1) സ്വഹാബിമാരെ (2) മദീനക്കാരെ (3) ത്വാഇഫുകാരെ

3) സ്വഹാബികൾ ഒരിക്കൽ ചോദിച്ചു: 'അല്ലാഹുവിന്റെ തിരുദൂതരേ, നിങ്ങൾ ഞങ്ങളോട് തമാശ പറയുന്നുവല്ലോ!' തിരുമേനി(സ്വ) പറഞ്ഞു: '.........................................'
   (1) ഞാൻ തമാശ പറയില്ല (2) ഞാൻ സത്യമേ പറയൂ (3) അതിൽ തെറ്റില്ല

4) 'ശാസ്ത്രം കൂടുതൽ പഠിക്കുന്തോറും ഞാൻ കൂടുതൽ ദൈവവിശ്വാസിയാവുകയാണ് ചെയ്യുന്നത്' എന്നു പറഞ്ഞ ശാസ്ത്രജ്ഞൻ?
   (1) ബർണാഡ് ഷാ (2) ആൽബർട് ഐൻസ്റ്റീൻ (3) സർ ഐസക് ന്യൂട്ടൺ

5) 'ദൈവം മരിച്ചുപോയി' എന്ന് പ്രഖ്യാപിച്ച യൂറോപ്യൻ ചിന്തകൻ?
   (1) ഡാവിഞ്ചി (2) അരിസ്റ്റോട്ടിൽ (3) നീത്ഷെ

6) ഇന്ത്യയിൽ ഒരു ലക്ഷം പ്രസവത്തിൽ ശരാശരി 122 സ്ത്രീകൾ മരണപ്പെടുന്നു. മലപ്പുറം ജില്ലയുടെ മാത്രം കാര്യമെടുത്താൽ മരണനിരക്ക് ......................................... ആണ്.
   (1) 23 (2) 42 (3) 46

7) ഹുനൈൻ യുദ്ധം നടന്ന വർഷം?
   (1) ഹി. 8 (2) ഹി. 9 (3) ഹി. 7

8) 'ദൈവമെന്ന മിഥ്യ' (The God delusion) എന്ന ദൈവവിമർശന പുസ്തകത്തിന്റെ കർത്താവ്?
   (1) റിച്ചാർഡ് ഡോക്കിൻസ് (2) സ്റ്റീഫൻ ഹോക്കിംഗ് (3) കാൾമാർക്സ്

9) ഉഹ്ദിൽ രക്തസാക്ഷിയായ, ഹംസതുബ്നു അബ്ദുൽ മുത്ത്വലിബിന്റെ മകൾ?
   (1) അസ്മാഅ്(റ) (2) ഉമ്മുസൽമ(റ) (3) ഉമാമത്ത്(റ)

10) നബി(സ്വ) പറഞ്ഞു: "അല്ലാഹു ഒരു അടിമയുടെ സഹായിയാണ്; അയാൾ തന്റെ സഹോദരനെ സഹായിക്കുന്ന കാലത്തോളം..."
   (1) നസാഈ (2) തിർമിദി (3) (മുസ്ലിം)

മത്സരസംബന്ധമായ വിശദവിവരങ്ങൾക്ക് നേർപഥം പേജ് 35 നോക്കുക

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com

കാഴ്ച



# പതിനേഴാം നമ്പർ ഗോഡൗൺ

രാത്രി ഓൺലൈൻ ക്ലാസ്സിലായിരുന്നു. അപ്പോഴാണ് ജ്യേഷ്ഠ സുഹൃത്ത് വിളിച്ചത്. എന്നാൽ പിന്നീട് വിളിക്കാം എന്ന് പറഞ്ഞു. രാവിലെ വിളിച്ചപ്പോൾ കിട്ടിയതുമില്ല. കുറച്ചു കഴിഞ്ഞ് വിളിയെത്തി. പ്രത്യേകിച്ച് ഒന്നുമില്ല, ഒരു സന്തോഷം പങ്കുവെക്കാൻ എന്നു പറഞ്ഞ് പടച്ചവനെ പലവട്ടം സ്തുതിച്ചു.

അദ്ദേഹത്തിന് വിദേശത്ത് അടക്കം ബിസിനസ് ഉണ്ട്. കോവിഡ് കാലത്ത് ഏതാനും മാസങ്ങൾ വിദേശത്ത് പെട്ടുപോയി. ഇപ്പോൾ നാട്ടിൽ.

ദിവസങ്ങൾക്കു മുമ്പ് വിദേശത്തുനിന്ന് ഫോൺ വന്നു. അദ്ദേഹത്തിന്റെ ഗോഡൗൺ കൂടിയുള്ള കെട്ടിടത്തിന് തീപിടിച്ചിരിക്കുന്നു. കെടുത്താനുള്ള സംവിധാനങ്ങൾ എത്തിയിട്ടുണ്ട്. എന്നാൽ ഉച്ചച്ചൂടിൽ ആളിക്കത്തുന്ന തീയിനടുത്തേക്ക് ഉദ്യോഗസ്ഥർക്ക് അടുക്കാൻ പറ്റുന്നില്ല. തുണി, രാസവസ്തുക്കൾ എന്നിവ സൂക്ഷിച്ചിട്ടുള്ള ഗുദാമുകൾ അഗ്നിയുടെ തീവ്രത കൂട്ടുന്നു. U ആകൃതിയുള്ള കെട്ടിടത്തിന്റെ ഒന്നാം നമ്പർ മുറി മുതൽ തുടങ്ങി അടുത്തതിലേക്ക് കത്തിപ്പടരുന്നു. 2,3,4,5 എന്നിങ്ങനെ തീ ഒന്നിൽനിന്ന് തൊട്ടടുത്തതിലേക്ക് പടരുന്നതിന്റെ വിവരങ്ങൾ ഫോൺവഴി അറിഞ്ഞുകൊണ്ടിരിക്കുന്നു. സംവിധാനങ്ങൾ ഉണ്ടെങ്കിലും ഒന്നും ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥ. പ്രാർഥിക്കൂ, വേറെ മാർഗമില്ല എന്ന വിവരമാണ് കിട്ടിക്കൊണ്ടിരിക്കുന്നത്.

തീ വളർന്നുപടർന്ന് 9,10,11 വരെ എത്തിയിരിക്കുന്നു. സുജൂദിൽ കിടന്ന് സുഹൃത്ത് മനമുരുകി പ്രാർഥിച്ചു. അല്ലാതെ വേറെ എന്ത് ചെയ്യാൻ. കോടിക്കണക്കിന് രൂപയുടെ സാധങ്ങളാണ് ഗോഡൗണിൽ സൂക്ഷിച്ചിരിക്കുന്നത്. അതാണ് കത്തിനശിക്കാൻ പോകുന്നത്. നാട്ടിലെ ബിസിനസും വീടും പറമ്പും വിറ്റാൽ പോലും നഷ്ടം നികത്താൻ സാധിക്കില്ല. കാൽനൂറ്റാണ്ടിലേറെ കാലം നീണ്ട അധ്വാനവും കഷ്ടപ്പാടുംകൊണ്ട് നേടിയതാണ് പരീക്ഷണത്തിന്റെ മുൾമുനയിൽ. തീ 12ലെത്തിയന്ന വാർത്തയും ഉൾക്കിടിലത്തോടെ അറിയുന്നു. 17ാമത്തെതാണ് സുഹൃത്തിന്റെത്. U ആകൃതിയുള്ള കെട്ടിടത്തിന്റെ ഇനി പടരാനുള്ള റൂമിന്റെ എതിർവശത്ത് മുന്നിലുള്ള റൂമാണത്. തീ പടരുകയാണ്. സുഹൃത്തിന്റെ മനസ്സ് ശൂന്യമായി, മരവിച്ചു, ജീവിത സമ്പാദ്യം കൈവിട്ടുപോകാനൊരുങ്ങുകയാണ്.

13ാമത്തെ റൂം കാലിയായിരുന്നു. അവിടെ തീ പടരുന്നതിന്റെ വേഗത ഇത്തിരി കുറഞ്ഞു. അന്നേരം അഗ്നിശമന സംവിധാനങ്ങൾക്ക് പ്രവർത്തിക്കാൻ കഴിഞ്ഞു. തൊട്ടടുത്ത മുറിയിലേക്ക് തീ പടരാതെ തടയാൻ അവർക്കായി. തീ നിയന്ത്രണത്തിലായി. അടുത്ത മുറികളിലേക്കത് വ്യാപിച്ചില്ല. 17ാം നമ്പർ മുറി രക്ഷപ്പെട്ടു. സുഹൃത്തിന് ആശ്വാസം. സന്തോഷം. ആ സന്തോഷം പങ്കുവെക്കാനായിരുന്നു തലേ രാത്രിയിലെ വിളി.

എല്ലാം കൈവിട്ടുപോയി എന്ന് തോന്നുമ്പോൾ, നമുക്ക് മറ്റൊന്നും ചെയ്യാനാവില്ലെന്ന അവസ്ഥയിലെത്തുമ്പോൾ സ്രഷ്ടാവിലേക്ക് കൈ ഉയർത്തുകയല്ലാതെ വേറെ എന്തുണ്ട് മാർഗം! അന്നേരം അവിശ്വസനീയമായ വഴികളിലൂടെ പോലും അവന്റെ സഹായം എത്തിയേക്കാം.

കൃത്യമായി സകാത്ത് കൊടുക്കുകയും വരുമാനത്തിന്റെ നിശ്ചിത പങ്ക് അർഹരായവർക്ക് ഭക്ഷണത്തിനും പഠനത്തിനും പാർപ്പിടത്തിനും മറ്റും കണിശമായി ചെലവഴിക്കുകയും ചെയ്യുന്ന സുഹൃത്തിന് ഇനിയും ഐശ്വര്യങ്ങൾ ലഭിക്കുമാറാകട്ടെ. പരീക്ഷണ ഘട്ടങ്ങളിൽ പ്രാർഥന കൈവെടിയാതിരിക്കാൻ നാം ശ്രദ്ധിക്കുക.

സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം
വാരികയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കി
വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന ഓൺലൈൻ ക്വിസ്

# നേർപഥം MEGA Online Quiz

zameel
the soulmate



## നേർപഥം ഓൺലൈൻ ക്വിസ് നിബന്ധനകൾ

- സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയുടെ ഏറ്റവും പുതിയ ലക്കത്തിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയാണ് ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിക്കുന്നത്.
- ആഗസ്ത് 1 മുതൽ ഡിസംബർ 12 വരെ പുറത്തിറങ്ങുന്ന 20 ലക്കങ്ങളാണ് മെഗാ മത്സരത്തിന് പരിഗണിക്കുക.
- പങ്കെടുത്ത മത്സരങ്ങളിൽ നേടിയ ശരിയുത്തരങ്ങളെ അടിസ്ഥാനമാക്കി ഏറ്റവും കൂടുതൽ പോയിന്റ് ലഭിച്ച മത്സരാർഥികളെ ഉൾപ്പെടുത്തി ഡിസംബർ അവസാനം ഓൺലൈൻ മെഗാ മത്സരം നടത്തും.
- മെഗാ മത്സരത്തിലെ വിജയികൾക്ക് ലാപ്ടോപ്പും ടാബും മൊബൈൽ ഫോണും പുസ്തകങ്ങളുമടങ്ങുന്ന, ലക്ഷം രൂപ വില വരുന്ന സമ്മാനങ്ങളാണ് നൽകുന്നത്. പുറമെ 10 പ്രോത്സാഹന സമ്മാനങ്ങളും സമ്മാനിക്കും.
- കൂടുതൽ ശരിയുത്തരമയക്കുന്നവരുടെ മാർക്ക് വിവരങ്ങൾ സമീൽ ആപ്പിലും നേർപഥം വെബ്സൈറ്റിലും പോയിന്റ് ടേബിളായി പ്രസിദ്ധപ്പെടുത്തും.
- മത്സരത്തെ കുറിച്ചുള്ള വിശദ വിവരങ്ങൾ പുതിയ ലക്കം നേർപഥത്തിലും രജിസ്ട്രേഷൻ പോർട്ടലിന്റെ ലിങ്ക് നേർപഥം വെബ്സൈറ്റിലും സമീൽ ഓൺലൈൻ ലൈബ്രറിയിലും ലഭ്യമാവും.
- എല്ലാ ഞായറാഴ്ചയും മാഗസിൻ ഓൺലൈനിൽ അപ്ലോഡ് ചെയ്യുകയും, രാവിലെ പത്തു മണി മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിൽ ചോദ്യങ്ങൾ ലഭ്യമാവുകയും ചെയ്യും.
- ശനിയാഴ്ച രാത്രി 12 മണി വരെ മാത്രമെ ഉത്തരങ്ങൾ സ്വീകരിക്കുകയുള്ളൂ.
- വരിക്കാരെ പരിഗണിച്ച് ഇനി മുതൽ ഓരോ ലക്കവും മത്സരത്തിനായി രണ്ടാഴ്ച ഓൺലൈനിൽ ലഭ്യമാവും.
- പേരും മൊബൈൽ നമ്പറും വച്ചാണ് മത്സരാർഥികൾ ഓൺലൈൻ മത്സരത്തിൽ പങ്കെടുക്കേണ്ടത്.
- ഒരു നമ്പറിൽ നിന്ന് ഒന്നിലധികം ആളുകൾക്ക് രജിസ്റ്റർ ചെയ്യാനുള്ള സൗകര്യമുണ്ടാവും.
- ശരിയുത്തരങ്ങൾ തൊട്ടടുത്ത ഞായറാഴ്ച മുതൽ ഓൺലൈനിൽ ലഭ്യമാവും.
- വിജയികളുടെ പേരുകൾ ഞായറാഴ്ച മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിലൂടെയും നേർപഥം വെബ്സൈറ്റിലൂടെയും നേർപഥത്തിലൂടെയും പബ്ലിഷ് ചെയ്യും.
- ആഴ്ച തോറുമുള്ള വിജയികളെ ഔദ്യോഗികമായി വിവരമറിയിക്കുകയും സമ്മാനം നേരിട്ടെത്തിക്കുകയും ചെയ്യും.
- നേർപഥം ജീവനക്കാരുടെയോ മാനേജ്മെന്റിന്റെയോ എൻട്രികൾ മത്സരത്തിന് പരിഗണിക്കുന്നതല്ല.
- മത്സരങ്ങളെ കുറിച്ചുള്ള അന്തിമ തീരുമാനം നേർപഥം ക്വിസ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

## നേർപഥം ഓൺലൈൻ ക്വിസ് വിജയികൾ - ലക്കം: 187

**ഒന്നാം സമ്മാനം:**
Noorunneesa OP, Vattamannappuram, Edathanattukara

**രണ്ടാം സമ്മാനം:**
Shameela Abdulsalam, Al Falah, Ayippuzha, Irikkur, Kannur

**മൂന്നാം സമ്മാനം:**
Mohammed Nihal TT, East Vennakara, Palakkad

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2020 SEPTEMBER 05

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയിൽ
പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയുള്ള

**മെഗാ ഓൺലൈൻ ക്വിസ് മത്സരം**

ONLINE
നേർപഥം Quiz
MEGA

**ഒന്നാം സമ്മാനം ലാപ്ടോപ്പ്..!!**
**രണ്ടാം സമ്മാനം ടാബ്ലെറ്റ്..!!**
**മൂന്നാം സമ്മാനം മൊബൈൽ ഫോൺ..!!**
**പത്ത് പേർക്ക് പ്രോത്സാഹന സമ്മാനങ്ങൾ..!!**
**കൂടാതെ ശരിയുത്തരമയക്കുന്ന**
**1,2,3 സ്ഥാനക്കാർക്ക് ആഴ്ച തോറും സമ്മാനങ്ങൾ..!!**



**ലക്ഷം രൂപയുടെ സമ്മാനങ്ങൾ...!!!**

QR കോഡ് സ്കാൻ ചെയ്യുക

zameel
the soulmate

വിശദവിവരങ്ങൾക്ക്
നേർപഥം വെബ്സൈറ്റോ
സമീൽ ഓൺലൈൻ
ലൈബ്രറിയോ സന്ദർശിക്കുക

**ഇപ്പോൾ രണ്ട് മത്സരങ്ങളിൽ ഒരുമിച്ച് പങ്കെടുക്കാൻ അവസരം...!!!**
**മത്സരങ്ങൾ, എല്ലാ ഞായറാഴ്ചയും 10 AM മുതൽ... ഉത്തരങ്ങൾ സ്വീകരിക്കാൻ 14 ദിവസം...!!**